പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 1 ഏപ്രിൽ 2021

ഗ്ലോബൽ ജെന്റർ ഗ്യാപ് ഇൻഡക്സ്: അന്തരം വളരുന്ന ഇന്ത്യ

പ്രാദേശിക സർക്കാരുകളും വാർഷിക പദ്ധതിയും

ആഗോളവൽക്കരണകാലത്തെ വിദ്യാഭ്യാസ ബദൽ

പുതിയ പംക്തി ആരംഭിക്കുന്നു

എന്റെ മലയാളം

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ഏപ്രിൽ 2021

അകത്ത്

ഗ്ലോബൽ ജെന്റർ ഗ്യാപ് ഇൻഡക്സ് :
അന്തരം വളരുന്ന ഇന്ത്യ
ഡോ. ജോമോൻ മാത്യു 5

പ്രാദേശിക സർക്കാരുകളും
വാർഷിക പദ്ധതിയും
ഹുസൈൻ എം. മിന്നത്ത് 9

ആഗോളവൽക്കരണ കാലത്തെ
വിദ്യാഭ്യാസ ബദൽ
ഷിജു ഏലിയാസ് 13

ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക്
കെ.ടി. ജോർജ് 18

ജനപ്രതിനിധികളുടെ
അവകാശങ്ങളും ചുമതലകളും
ഗോപകുമാർ എം. 20

ഇന്ത്യൻ ജനാധിപത്യവും ജാതിവ്യവസ്ഥയും
അംബേദ്കറുടെ വീക്ഷണത്തിൽ
ഡോ. സാബു തോമസ് 23

ജൈവവൈവിധ്യ സംരക്ഷണവും
മഹാമാരികളും
ജി.കെ. സുനിൽ 25

കൊവിഡ് പ്രതിരോധത്തിൽ
തദ്ദേശസ്ഥാപനങ്ങളുടെ പങ്ക് പ്രധാനം: മുഖ്യമന്ത്രി 29

കൊവിഡ് പ്രതിരോധം:
പഞ്ചായത്തുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 30

കൊവിഡ് – രണ്ടാം തരംഗം
കരുതലോടെ നേരിടാം 31
ടി. ഷാഹുൽ ഹമീദ്

കെട്ടിട നിർമ്മാണാനുമതി
അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ – 2 32

പ്രഹരം പ്രകാശമാകുന്ന
ഡോ. എഴുമറ്റൂർ രാജരാജവർമ്മ 35

വിഷു
തുല്യതയുടെ ആഘോഷം
ശിവപ്രസാദ് പാലോട് 37

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34

ഊരും പേരും – 10 40

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41

എന്ന് വായനക്കാർ 42

ഏപ്രിൽ 2021
പുസ്തകം 61 ലക്കം 1
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

രണ്ടാം തരംഗത്തെയും കടിഞ്ഞാണിടാൻ കഴിയണം

കൊവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗം രാജ്യമാകെ ദുരന്തം വിതച്ചു കൊണ്ട് അതിന്റെ തേർവാഴ്ച തുടരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ചിത്രവും ഇതിൽ നിന്നും വ്യത്യസ്തമല്ല. എല്ലായിടത്തും കൊവിഡ് രോഗികളുടെ എണ്ണം അനുദിനം വർദ്ധിക്കുന്ന കാഴ്ചയാണുള്ളത്. ചികിത്സാകേന്ദ്രങ്ങൾ നിറഞ്ഞുകൊണ്ടിരിക്കുന്നു. ഒപ്പം മരണസംഖ്യയുടെ തോതും വർദ്ധിച്ചുവരുന്നു. ഇനി നിയന്ത്രിച്ചേ മതിയാവൂ. അതിനായി സർക്കാർ സംവിധാനങ്ങളും ആരോഗ്യവകുപ്പും നടപ്പാക്കുന്ന പ്രതിരോധപ്രവർത്തനങ്ങളിൽ ആദ്യഘട്ടത്തിലെന്ന പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം പരമപ്രധാനമാണ്. ആദ്യഘട്ടത്തിൽ രോഗവ്യാപനത്തെ നിയന്ത്രിച്ചു നിർത്താനും അതിജീവിക്കാനും സാധ്യമായതിന്റെ പ്രധാന ഘടകങ്ങളിലൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ സജീവമായ ഇടപെടലാണ്. രോഗവ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ ശക്തമായതും ജാഗ്രതയോട് കൂടിയതുമായ ഇടപെടൽ വീണ്ടും നടത്തേണ്ടതുണ്ട്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് പരമാവധി കുറച്ചു കൊണ്ടുവരിക എന്നതാവണം പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തുതല, വാർഡ് തല കമ്മിറ്റികൾ അടിയന്തരമായി പുന:സംഘടിപ്പിക്കണം. രോഗലക്ഷണമുള്ളവരെ ആർ.ടി.പി.സി.ആർ. ടെസ്റ്റിന് വിധേയമാക്കുന്നതിന് വാർഡ്തല കമ്മിറ്റികൾ ആവശ്യമായ നടപടി സ്വീകരിക്കണം. എല്ലാവരും വാക്സിനേഷൻ ചെയ്യുന്നുവെന്നും ഉറപ്പുവരുത്തണം.

ഹോം ഐസൊലേഷനിൽ കഴിയാൻ നിർദ്ദേശിച്ചിട്ടുള്ള രോഗികൾക്ക് വീടുകളിൽ അതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്നും രോഗിക്ക് താമസിക്കാൻ വായുസഞ്ചാരമുള്ള ബാത്ത്റൂം അറ്റാച്ച്ഡ് ആയ മുറികൾ ലഭ്യമാണെന്നും ഉറപ്പു വരുത്തണം. രോഗികൾ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളും പരിചരിക്കുന്നവർ സ്വീകരിക്കേണ്ട മുൻകരുതലുകളും സംബന്ധിച്ച അവബോധം എല്ലാവർക്കും നല്കണം. വീട്ടിൽ സൗകര്യമില്ലാത്തവരെ ഡൊമിസിലിയറി കെയർ സെന്ററുകളിലേക്ക് മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഡി.സി.സി കൾ ഇല്ലാത്തയിടങ്ങളിൽ അവ സ്ഥാപിക്കണം. സി.എഫ്.എൽ.ടി.സി.കളും സി.എസ്.എൽ.ടി.സി.കളും ശാക്തീകരിക്കുകയും വേണം. രോഗികളാകുന്ന ആർക്കും തന്നെ ഐസൊലേഷനിൽ പോകാനോ, ചികിത്സ ലഭിക്കാനോ ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തണം.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ കൊവിഡ് ബാധ സ്ഥിരീകരിച്ചാൽ രോഗിയെ നിർബന്ധമായും സമീപത്തെ സി.എഫ്.എൽ.ടി.സി.കളിലേക്കോ കൊവിഡ് ആശുപത്രിയിലേക്കോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. രോഗവ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സാമൂഹികാകലം കർശനമായി പാലിക്കുന്നുവെന്നും എല്ലാവരും ശരിയായ രീതിയിൽ മാസ്ക് ധരിക്കുന്നുവെന്നും ഉറപ്പുവരുത്തണം. ഇതിനാവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശരിയായ ഇടവേളകളിൽ നടത്തുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. കൊവിഡ് രോഗബാധയിലൂടെ ഇനിയൊരാളെയും തങ്ങളുടെ പ്രദേശത്തു നിന്ന് മരണത്തിന് വിട്ടുകൊടുക്കില്ലെന്ന നിശ്ചയദാർഢ്യത്തോടെ മഹാമാരിയുടെ നിയന്ത്രണത്തിനായി പ്രവർത്തിക്കാൻ എല്ലാ പ്രാദേശിക സർക്കാരുകൾക്കും കഴിയട്ടെ.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

**"സത്യം വെറുമൊരു വാക്കല്ല
ജീവിതം തന്നെ സത്യമാക്കി തീർക്കണം "**
മഹാത്മാഗാന്ധി

ഗ്ലോബൽ ജെന്റർ ഗ്യാപ് ഇൻഡക്സ്: അന്തരം വളരുന്ന ഇന്ത്യ

■ ഡോ. ജോമോൻ മാത്യു

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന ഗ്രാമങ്ങളിലെ ഭരണം നിർവഹിക്കുന്നതിൽ പകുതിയിലേറെയും സ്ത്രീപങ്കാളിത്തമുള്ള ഒരു കൊച്ചു സംസ്ഥാനം. രാജ്യത്ത് ഏറ്റവുമധികം സ്ത്രീസാക്ഷരതാനിരക്ക് ഉള്ള നാട്. വികേന്ദ്രീകൃതാസൂത്രണം വളർത്തിയെടുത്ത കുടുംബശ്രീയിലൂടെ വനിതാശാക്തീകരണത്തിന്റെ ആഗോള മാതൃക തീർത്ത സംസ്ഥാനം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ചൊവ്വയിൽ വരെ ഹെലികോപ്റ്റർ പറക്കുന്ന കാലത്ത്, നവോത്ഥാന സ്ത്രീമുന്നേറ്റ ആശയ-സമരങ്ങളുടെ പ്രഭവകേന്ദ്രമായി മാറുന്ന ഒരിടം. അങ്ങനെയൊരിടത്തിരുന്നാണ് നാം ചോദിക്കുന്നത്, 'ഇന്ത്യയിൽ സ്ത്രീയും പുരുഷനും തുല്യരാണോ' എന്ന്.

ചോദിക്കുന്നത് ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഏറ്റവും വലിയ ജനാധിപത്യ ശക്തിയായ ഇന്ത്യയിലിരുന്നാകുമ്പോൾ അതിന് പ്രസക്തിയേറും. ആചാരങ്ങളും വിശ്വാസങ്ങളും അധികാരവും അവകാശങ്ങളുമെല്ലാം കുഴഞ്ഞുമറിഞ്ഞ് സങ്കീർണമായ നാട്ടിൽ പക്ഷേ, സ്ത്രീപുരുഷാന്തരം അപകടകരമാംവിധം ഏറിവരുന്നുവെന്നതാണ് സത്യം. ആ ഓർമ്മപ്പെടുത്തൽ പതിവുപോലെ ഈ വർഷവും വേൾഡ് ഇക്കണോമിക് ഫോറം നടത്തുന്നുണ്ട്. 2021 ലെ ഗ്ലോബൽ ജെന്റർ ഗ്യാപ് ഇൻഡക്സിൽ 156 രാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്ഥാനം 140. 2020 നേക്കാൾ 28 സ്ഥാനങ്ങൾ പിന്നിലാണെന്നതും ശ്രദ്ധേയം.

ഗ്ലോബൽ ജെന്റർ ഗ്യാപ് ഇൻഡക്സ്

2006 മുതലാണ് വേൾഡ് ഇക്കണോമിക് ഫോറം ഗ്ലോബൽ ജെന്റർ ഗ്യാപ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് തുടങ്ങിയത്. ഓരോ രാജ്യത്തും ലഭ്യമായ വിഭവങ്ങൾക്കും അവസരങ്ങൾക്കുമപ്പുറം, അവ സ്വായത്തമാക്കുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും

ഉള്ള സ്ത്രീപുരുഷ അന്തരം അളക്കുകയാണ് ഈ ഇൻഡക്സ് ചെയ്യുന്നത്. നാല് സുപ്രധാന സൂചകങ്ങളും അവയുടെ 14 ഉപസൂചകങ്ങളും ഉപയോഗിച്ചുള്ള ശാസ്ത്രീയ രൂപകൽപ്പനയാണ് ഫോറം നടത്തുന്നത്. സാമ്പത്തിക പങ്കാളിത്തവും അവസരങ്ങളും, വിദ്യാഭ്യാസ നിലവാരം, ആരോഗ്യവും അതിജീവനവും, രാഷ്ട്രീയ ശാക്തീകരണം എന്നിവയാണ് ജെന്റർ ഗ്യാപ് ഇൻഡക്സിന്റെ സൂചകങ്ങൾ.

ഇന്ത്യയുടെ സ്ഥാനം

2021 ലെ റിപ്പോർട്ടിൽ ഐസ്ലാന്റ്, ഫിൻലാന്റ്, നോർവേ, ന്യൂസിലാന്റ്, സ്വീഡൻ എന്നിവ മുൻനിരയിൽ നിൽക്കുമ്പോൾ നിരാശാജനകമാംവിധം ഇന്ത്യ 140-ാം സ്ഥാനത്താണ്. റിപ്പോർട്ട് പ്രകാരം ഇന്ത്യയ്ക്ക് ഇതിനോടകം ഇല്ലാതാക്കാൻ സാധിച്ചത് 62.5% ജെന്റർ ഗ്യാപ് മാത്രമാണ്. ഇന്ത്യയാൽ മൂടപ്പെട്ടുകിടക്കുന്ന ബംഗ്ലാദേശ് പോലും 71.9% ജെന്റർ ഗ്യാപ് ഇല്ലാതാക്കി, സൗത്ത് ഏഷ്യയിലെ മികച്ച പ്രകടനം സ്വന്തമാക്കി എന്നതും ശ്രദ്ധിക്കുമല്ലോ. അപ്പോഴും, ഇന്ത്യ ഈ മേഖലയിൽ അഫ്ഘാനിസ്ഥാനും, പാക്കിസ്ഥാനും ശേഷം മൂന്നാമത്തെ മോശം പ്രകടനക്കാരായി താഴേക്ക് തന്നെ വളരുകയാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ ഗ്ലോബൽ ജെന്റർ ഗ്യാപ് റിപ്പോർട്ടുകളിൽ ഇന്ത്യയുടെ സ്ഥാനം പട്ടിക (1) ൽ കാണുംവിധം തുടർച്ചയായി താഴേയ്ക്കാണ്. ഇതിനർത്ഥം ഇന്ത്യയേക്കാൾ മെച്ചപ്പെട്ട പ്രകടനം മറ്റ് രാജ്യങ്ങൾ നടത്തുന്നുണ്ട് എന്നാണല്ലോ. അന്തരം കണക്കാക്കുന്ന 4 മാനദണ്ഡങ്ങളിലേയും ചിലകണക്കുകൾ നിരത്തിയാൽ മാത്രം മതിയാകും രാജ്യത്തെ പൊതുവായ സ്ഥിതി മനസിലാക്കാൻ.

2021 ലെ ഗ്ലോബൽ ജെന്റർ ഗ്യാപ് റിപ്പോർട്ടിൽ ഐസ്ലാന്റ്, ഫിൻലാന്റ്, നോർവേ, ന്യൂസിലാന്റ്, സ്വീഡൻ എന്നിവ മുൻനിരയിൽ നിൽക്കുമ്പോൾ നിരാശാജനകമാംവിധം ഇന്ത്യ 140–ാം സ്ഥാനത്താണ്. റിപ്പോർട്ട് പ്രകാരം ഇന്ത്യയ്ക്ക് ഇതിനോടകം ഇല്ലാതാക്കാൻ സാധിച്ചത് 62.5% ജെന്റർ ഗ്യാപ് മാത്രമാണ്.

പട്ടിക 1 : വിവിധ ജെന്റർ ഗ്യാപ് റിപ്പോർട്ടുകളിലെ ഇന്ത്യയുടെ സ്ഥാനം

ഗ്ലോബൽ ജെന്റർ ഗ്യാപ് റിപ്പോർട്ടുകൾ	ഇന്ത്യയുടെ സ്ഥാനം
2016	87
2017	108
2018	108
2020	112
2021	140

ഇന്ത്യയിൽ സംഭവിക്കുന്നത്

ജെന്റർ ഗ്യാപ് ഇൻഡക്സിലെ സ്ഥാനം നിർണ്ണയിക്കുന്ന വിദ്യാഭ്യാസ-ആരോഗ്യ-ഭരണപങ്കാളിത്ത രംഗങ്ങളിലെല്ലാം ഇന്ത്യയിലെ സ്ത്രീസമൂഹം ഏറെ മുന്നോട്ടുവരേ

പട്ടിക 2 : സാക്ഷരതാനിരക്ക് (1951 മുതൽ 2011 വരെ)

സെൻസസ് വർഷം	സ്ത്രീ	പുരുഷൻ	ആകെ
1951	7.93	24.95	16.67
1961	12.95	34.44	24.02
1971	18.69	39.45	29.95
1981	29.85	56.5	43.67
1991	39.29	64.13	52.21
2001	54.16	75.85	65.38
2011	65.46	82.14	74.04

ഉറവിടം : വിവിധ സെൻസസ് റിപ്പോർട്ടുകൾ

ണ്ടതുണ്ട് എന്നതാണ് സമകാലിക സാഹചര്യങ്ങൾ സൂചിപ്പിക്കുന്നത്. ഉദാഹരണമായി, പട്ടിക 2 ൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സ്ത്രീപുരുഷ സാക്ഷരതാ നിരക്കാണ് സൂചിപ്പിക്കുന്നത്.

പട്ടികയിൽ പ്രകടമാകും പോലെ 1951 ൽ സാക്ഷരതാനിരക്കിൽ ഉണ്ടായിരുന്ന ഏകദേശം 17 ശതമാനത്തോളം വരുന്ന ജെന്റർ ഗ്യാപ് 2011 ലും വലിയ മാറ്റമില്ലാതെ തുടരുന്നു എന്നതുതന്നെയാണ് ഇന്ത്യയുടെ പ്രശ്നം. ഭാവനാപൂർണ്ണമായ പദ്ധതികളും ഭരണാധികാരികളും ഉണ്ടായിട്ടും അടിസ്ഥാന വിദ്യാഭ്യാസത്തിൽ പോലും നേരിയ മാറ്റമുണ്ടാക്കാൻ കഴിയുന്നില്ല എന്നതാണ് സത്യം. രാജ്യത്തെ 63 കോടിയോളം വരുന്ന സ്ത്രീകളിൽ മൂന്നിൽ ഒരാൾ ഇന്നും നിരക്ഷരയാണെന്നതിൽ നിന്ന് ആരംഭിക്കുന്നു, നമ്മുടെ ജെന്റർ ഗ്യാപിന്റെ തീവ്രത.

രാജ്യം നേരിടുന്ന ലിംഗപരമായ അസമത്വത്തിന്റെ പ്രകടമായൊരു സൂചകമാണ് സ്ത്രീ-പുരുഷാനുപാതത്തിലും (sex ratio) പ്രത്യേകിച്ചും കുട്ടികൾക്കിടയിലെ സ്ത്രീ-പുരുഷാനുപാതത്തിലും (child sex ratio) ഉണ്ടാകുന്ന മാറ്റം. 1951 മുതലുള്ള കണക്കിൽ മുതിർന്നവർക്കിടയിലെ സ്ത്രീ-പുരുഷാനുപാതം വലിയ മാറ്റമില്ലാതെ തുടരുമ്പോൾ കുട്ടികൾക്കിടയിലെ സ്ത്രീ പുരുഷാനുപാതം ഏകദേശം 70 പോയിന്റോളം കുറഞ്ഞുവെന്നത് അടിയന്തിര പ്രാധാന്യത്തോടെ വിലയിരുത്തപ്പെടണം.

ഇനി തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യമെടുത്താൽ ഇന്ത്യയിലത് (2019) ൽ പുരുഷൻമാർക്കിടയിൽ 76% ആയിരിക്കുമ്പോൾ സ്ത്രീകളിൽ കേവലം 23.5% മാത്രമാണ്. സുപ്രധാനമായ മറ്റൊരു പോരായ്മ അധികാര സ്ഥാനങ്ങളിലെ പുരുഷമേധാവിത്വമാണ്. പാർലമെന്റിലെ സ്ത്രീകളുടെ എണ്ണം 14% മാത്രമാണെന്നതും വനിതാ മന്ത്രിമാർ 9.1% ആണെന്നതും ശ്രദ്ധേയമായ പോരായ്മകൾ തന്നെ.

സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക് ഇനിയെത്ര ദൂരം ?

ഐക്യരാഷ്ട്രസഭ 2030 ഓടുകൂടി നേടിയെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള 17 സുസ്ഥിരവികസന ലക്ഷ്യങ്ങളിലെ 5-ാമത്തെ ലക്ഷ്യം ലിംഗസമത്വമാണ്. ''ലിംഗസമത്വം ഒരു മൗലിക അവകാശം മാത്രമല്ല, സമാധാനപരവും സമൃദ്ധവും സുസ്ഥിരവുമായ ഒരു

പട്ടിക 3 : ഇന്ത്യയിലെ സ്ത്രീ പുരുഷാനുപാതം (1951 - 2011)

സെൻസസ് വർഷം	മുതിർന്നവരിലെ സ്ത്രീ പുരുഷാനുപാതം	കുട്ടികളിലെ സ്ത്രീ പുരുഷാനുപാതം
1957	946	983
1961	941	976
1971	930	964
1981	934	962
1991	927	945
2001	933	927
2011	940	914

ഉറവിടം : വിവിധ സെൻസസ് റിപ്പോർട്ടുകൾ.

ലോകത്തിന്റെ അടിത്തറയാണ്'' എന്ന തിരിച്ചറിവിലൂടെവേണം ഇന്ത്യ നേരിടുന്ന തീക്ഷ്ണമായ ലിംഗസമത്വത്തിന്റെ വിള്ളലുകളിലേക്ക് നോക്കേണ്ടത്.

ലിംഗസമത്വം ലക്ഷ്യമിട്ടുള്ള നിരവധി ഭരണഘടനാ വ്യവസ്ഥകളും, ലെജിസ്ലേറ്റീവ് പ്രൊവിഷനുകളും നമുക്കുണ്ട്. ഒപ്പം ബേഠി ബചാവോ ബേഠി പഠാവോ, നൈപുണ്യ ശക്തി കേന്ദ്രം, മൈക്രോ ക്രെഡിറ്റ് സംരംഭകത്വ പരിപാടികൾ, തൊഴിലുറപ്പ് പദ്ധതികൾ എന്നിങ്ങനെയുള്ള പദ്ധതികൾ വേറെയുമുണ്ട്. എന്നിരുന്നാലും പദ്ധതികളുടെ ഗുണപരമായ മാറ്റം സമൂഹത്തിലേക്ക് അരിച്ചിറങ്ങുന്നുണ്ടോ എന്നത് സംശയകരമാണ്. ശാക്തീകരിക്കപ്പെട്ട സ്ത്രീയെ ഭയക്കുന്ന പുരുഷമേധാവിത്വമാവാം ഒരു പക്ഷേ അവരെ രാഷ്ട്രീയ പങ്കാളിത്തത്തിലും, പ്രാതിനിധ്യത്തിലും നിന്ന് അകറ്റി നിർത്തുന്നതും. ലിംഗസമത്വത്തിൽ നാൾതോറും പിന്നിലേക്കുള്ള ഇന്ത്യയുടെ വളർച്ച ശുഭസൂചകമല്ല. കേവലം തൊഴിലുറപ്പും കടലാസ് പദ്ധതികളും ഇന്ത്യൻ വനിതകളെ ശക്തരാക്കില്ല. സ്വതന്ത്ര ഭാരതത്തിലിന്നുവരെ രാജ്യത്ത് 16 വനിതാ മുഖ്യമന്ത്രിമാർ മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നതിൽ നിന്നു തന്നെ പ്രാതിനിധ്യ വിടവ് വ്യക്തമാണ്.

മുന്നിലുണ്ട്, കേരളം

തുടക്കത്തിൽ പരാമർശിച്ചതുപോലെ സ്ത്രീ മുന്നേറ്റത്തിലും ലിംഗസമത്വത്തിലും ഏറ്റവും മുന്നിലുണ്ട്, കേരളം. നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾ (ചിത്രത്തിൽ കാണും പോലെ) മാത്രം മതി കേരളത്തിന്റെ മാതൃകാപരമായ സ്ഥാനം തിരിച്ചറിയാൻ. സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള ലിംഗസമത്വത്തിൽ കേരളം ഒന്നാമത് നിൽക്കുമ്പോൾ (നീതി ആയോഗിന്റെ 6 മാനദണ്ഡങ്ങൾ അനുസരിച്ച് - സ്ത്രീപുരുഷാനുപാതം, വേതനം, ഗാർഹിക പീഢനം, തിരഞ്ഞെടുപ്പ് പങ്കാളിത്തം, സ്ത്രീ തൊഴിൽ പങ്കാളിത്തം, കുടുംബാസൂത്രണ നടപടികൾ എന്നിവ) യു.പി, ബീഹാർ പോലുള്ള സംസ്ഥാനങ്ങൾ ദയനീയമാംവിധം പിന്നിലാണ്. കേരളം കൊണ്ടുവന്നതുപോലുള്ള പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ 50% സ്ത്രീ സംവരണത്തിന്റെ അലകൾ ഇതര രംഗങ്ങളിലും വനിതകളെ ശക്തരാക്കും. നീതി ആയോഗിന്റെ കണക്കിൽ ലിംഗസമത്വത്തിൽ കേരളം മുൻനിരയിൽ നിൽക്കാനുള്ള കാരണവും അതുതന്നെ.



ചുരുക്കത്തിൽ സുസ്ഥിരവികസനലക്ഷ്യത്തിലേക്ക് പാതിവഴി പിന്നിടുമ്പോൾ ഇന്ത്യ രേഖപ്പെടുത്തുന്ന ലിംഗസമത്വവിടവ് കാര്യമായി ശ്രദ്ധിക്കപ്പെടണം. ദൗർഭാഗ്യകരമെന്ന് പറയട്ടെ 2021 ലെ റിപ്പോർട്ട് വന്നതിനുശേഷവും ഒരുതരത്തിലുള്ള ചർച്ചകളോ വിചിന്തനങ്ങളോ രാജ്യത്ത് നടന്നതായും കണ്ടില്ല. യഥാർത്ഥത്തിൽ ലിംഗസമത്വം ആരംഭിക്കേണ്ടത് നമ്മുടെ വീടുകളിൽ നിന്നും പള്ളിക്കൂടങ്ങളിൽ നിന്നുമാണ്. അവിടങ്ങളിൽ നിന്നത് ക്രമേണ സമൂഹത്തിന്റെ മുഖ്യധാരകളിലേക്ക് പടർന്നുകയറിക്കൊള്ളും. ഓർക്കുക, മുഖ്യധാരയിൽനിന്നും, ജനാധിപത്യ ശ്രീകോവിലുകളിൽ നിന്നും (അതെന്തിന്റെ പേരിലായാലും) സ്ത്രീയെ അകറ്റി നിർത്തുന്നതിന്റെ പേര് ഭീരുത്വമെന്നു തന്നെയാണ് - കാത്തിരിക്കാം ഭീരുക്കളില്ലാത്ത ഇന്ത്യക്കായി. □

ലേഖകൻ തിരുവനന്തപുരം. യൂണിവേഴ്സിറ്റി കോളേജിൽ സാമ്പത്തിക ശാസ്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്

പ്രാദേശിക സർക്കാരുകളും വാർഷിക പദ്ധതിയും

■ ഹുസൈൻ എം. മിന്നത്ത്

വിവിധ പദ്ധതികളും പരിപാടികളും ഏറ്റെടുക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി ധനസഹായമായി ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് 2021–22 ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 26% തുകയായ 7180.00 കോടി രൂപ വികസന ഫണ്ടായി നൽകുകയുണ്ടായി.

2020 ഡിസംബറിൽ കേരളത്തിൽ അധികാരത്തിലേറിയ പ്രാദേശിക സർക്കാരുകളുടെ ആദ്യ വാർഷിക പദ്ധതി, 13-ാം പഞ്ചവത്സര പദ്ധതിയിലെ അവസാന വാർഷിക പദ്ധതി, നിലവിലെ സംസ്ഥാന സർക്കാരിന്റെ അവസാന വാർഷിക പദ്ധതി, ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം വകയിരുത്തുന്ന ആദ്യ പദ്ധതി തുടങ്ങി ഒട്ടനവധി പ്രത്യേകതകൾ 2021-22 വാർഷിക പദ്ധതിക്കുണ്ട്. 2021 ഏപ്രിൽ 01 മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കാൻ കഴിയുന്ന വിധം പദ്ധതികൾക്ക് രൂപം നൽകാൻ പുതുതായി അധികാരത്തിൽ വന്ന പ്രാദേശിക സർക്കാരുകൾക്ക് 2021 ജനുവരിയിൽ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകുകയും അതിനായി മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുയും ചെയ്യുകയുണ്ടായി. വാർഷിക പദ്ധതി രൂപീകരിക്കുമ്പോൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള പൊതു ലക്ഷ്യങ്ങൾ പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുക്കുന്നതോടൊപ്പം 2021-22 പദ്ധതിയിൽ പ്രത്യേകമായി മുൻഗണന നൽകേണ്ട മേഖലകളും സർക്കാർ പ്രത്യേകം നിഷ്കർഷിക്കുകയുണ്ടായി.

2021-22 വാർഷിക പദ്ധതിയിലെ മുൻഗണനകൾ

- സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക ഉൽപാദന വർദ്ധനവും ഉൽപന്നങ്ങളുടെ വിപണന സാധ്യതകളും കണ്ടെത്തുക.
- പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായുള്ള തൊഴിലവസര സൃഷ്ടി (ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം), ജനകീയ ഹോട്ടൽ, ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ, ശുചിത്വ കേരളം, ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക എന്നിവക്ക് പ്രത്യേക മുൻഗണന നൽകുക.
- ഗ്രാമ / നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പദ്ധതി.
- ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കാനുള്ള ജലജീവൻ മിഷൻ പദ്ധതി.
- കൃഷി, മണ്ണ്, ജല സംരക്ഷണ പരിപാടികൾ.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും ഉറപ്പാക്കുക.
- തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതും ഉടമസ്ഥതയിലുള്ളതുമായ സ്ഥാപനങ്ങൾ, റോഡുകൾ, എന്നിവയുടെ പരിപാലനം.
- സംയോജിത പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
- മിഷൻ അന്ത്യോദയ സർവ്വേ-2020ൽ കണ്ടെത്തിയ വികസന വിടവുകൾക്ക് പരിഹാരം കാണുക.
- ബയോ ഡൈവേഴ്സിറ്റി രജിസ്റ്ററുകൾ പുതുക്കൽ.
- വിവിധ വികസന മിഷനുകളുടെയും കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും സംയോജനം സാധ്യമാക്കുക.
- 2022-23ൽ ആരംഭിക്കുന്ന പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ.

2021-22 വാർഷിക പദ്ധതി ബഡ്ജറ്റ് വിഹിതം

വിവിധ പദ്ധതികളും പരിപാടികളും ഏറ്റെടുക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി ധനസഹായമായി ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് 2021-22 ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 26% തുകയായ 7180.00 കോടി രൂപ വികസന ഫണ്ടായി നൽകുകയുണ്ടായി. ഇതിൽ 3363.75 കോടി രൂപ സാധാരണ വിഹിതമായും 2412.00 കോടി രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായും പട്ടികജാതി ഉപപദ്ധതിയിൽ 1221.15 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 183.10 കോടി രൂപയുമാണ് വകയിരുത്തിയത്. കൂടാതെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്ക് ലോകബാങ്ക് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരളാ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിന്റെ (KSWMP) നടത്തിപ്പിനായി 100.00 കോടി രൂപയും ഉൾപ്പെടെ 7280.00 കോടി രൂപയാണ് തദ്ദേശ സ്ഥാപനങ്ങളുടെ ആകെ പദ്ധതി വിഹിതം. വിശദാംശങ്ങൾ പട്ടിക. 1ൽ ചേർക്കുന്നു.

2021-22 വാർഷിക പദ്ധതി വിഹിതം മാനദണ്ഡങ്ങൾ

സംസ്ഥാനത്തെ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് അദ്ധ്യക്ഷനായുള്ള ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 2021-22 വാർഷിക പദ്ധതിയിൽ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷൻ പൊതു വിഭാഗം സാധാരണ ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്താൻ സ്വീകരിച്ച മാനദണ്ഡങ്ങളിൽ പട്ടികജാതി/വർഗ്ഗം ഒഴിച്ചുള്ള 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യ കണക്കാക്കി ഗ്രാമ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് 40% വെയിറ്റേജും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് 50% വെയിറ്റേജുമാണ് നൽകിയിട്ടുള്ളത്. ഭൂപ്രദേശം പാരിസ്ഥിതിക ദുർബലത എന്നീ രണ്ട് സൂചകങ്ങൾക്ക് 10% വീതം വെയിറ്റേജും ഇല്ലായ്മയുടെ സൂചകത്തിന് (LPG, വൈദ്യുതി, കുടിവെള്ളം ഇല്ലാത്ത കുടുംബങ്ങൾ, AAY കുടുംബങ്ങൾ, പ്രതിശീർഷ വരുമാനം) ഗ്രാമ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് 25% വെയിറ്റേജും എന്നാൽ ഇതേ സൂചകത്തിന് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് 30% വെയിറ്റേജുമാണ് നൽകിയിട്ടുള്ളത്. കൂടാതെ വരുമാന സമാഹരണത്തിന് പ്രോത്സാഹനമായി 15% വെയിറ്റേജ് ഗ്രാമ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് മാത്രം നൽകിയിട്ടുണ്ട്.

2021-22ൽ പട്ടികജാതി ഉപ പദ്ധതി വിഹിതം പ്രാദേശിക സർക്കാരുകൾക്ക് വിഭജിച്ച് നൽകുന്നതിനായി 2011 സെൻസസ് പ്രകാരം ഓരോ പ്രാദേശിക സർക്കാർ പ്രദേശത്തും വസിക്കുന്ന ജനസംഖ്യക്ക് 60% വെയിറ്റേജും ബാക്കി 40% വെയിറ്റേജ് ഇല്ലാ

പട്ടിക – 1

പ്രാദേശിക സർക്കാരുകൾക്കുള്ള 2021-22ലെ വികസന ഫണ്ട് വിഹിതം (തുക കോടിയിൽ)

തദ്ദേശസ്വയംഭരണ സ്ഥാപന തരം	പൊതു വിഭാഗം				പട്ടികജാതി ഉപപദ്ധതി വിഹിതം	പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം	ആകെ
	സാധാരണ വിഹിതം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്		കെ.എസ്. ഡബ്ല്യൂ. എം.പി.യുടെ വിഹിതം			
		അടിസ്ഥാന ഗ്രാന്റ്	ടൈഡ് ഗ്രാന്റ്				
ഗ്രാമപഞ്ചായത്തുകൾ	1797.75	610.50	610.50	--	609.96	101.07	3729.79
ബ്ലോക്ക് പഞ്ചായത്തുകൾ	385.23	101.75	101.75	--	203.32	33.69	825.74
ജില്ലാ പഞ്ചായത്തുകൾ	385.23	101.75	101.75	--	203.32	33.69	825.74
നഗരസഭകൾ	467.22	222.50	269.50	100.00	125.16	11.07	1195.47
കോർപ്പറേഷനുകൾ	328.30	--	292.00	--	79.37	3.57	
ആകെ	3363.75	1036.50	1375.50	100.00	1221.25	183.10	7280.00

യ്മയുടെ ആറ് സൂചകങ്ങളായ ഭവനരഹിതർ, വീടിന്റെ സ്ഥിതി, വൈദ്യുതി ഇല്ലാത്ത കുടുംബം, തൊഴിൽരഹിതർ, പത്താം തരത്തിന് താഴെ വിദ്യാഭ്യാസമുള്ളവർ, സങ്കേതങ്ങളിൽ താമസിക്കുന്നവർ എന്നിവരുടെ എണ്ണം കണക്കാക്കി വെയിറ്റേജ് നൽകിയാണ്. എന്നാൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പ്രാദേശിക സർക്കാരുകൾക്ക് വിഭജിച്ച് നൽകുന്നതിൽ കാതലായ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 2020 ലെ പട്ടികവർഗ്ഗ സർവ്വേ പ്രകാരം ഓരോ പ്രാദേശിക സർക്കാർ പ്രദേശത്തും വസിക്കുന്ന ജനസംഖ്യക്ക് 60% വെയിറ്റേജും ബാക്കി 40% വെയിറ്റേജ് ഇല്ലായ്മയുടെ നാല് സൂചകങ്ങളായ ഭവനരഹിതർ, വീടിന്റെ സ്ഥിതി, വൈദ്യുതി ഇല്ലാത്ത കുടുംബം, പത്താം തരത്തിന് താഴെ വിദ്യഭ്യാസമുള്ളവർ എന്നിവക്ക് തുല്യമായി നൽകിയിരിക്കുന്നു. ശ്രദ്ധേയമായ ഒരു വസ്തുത 50 ൽ കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി പട്ടിക വർഗ്ഗ പദ്ധതി വിഹിതം പരിമിതപ്പെടുത്തിയിട്ടുണ്ട് എന്നതാണ്.

2021-22 ലേക്കുള്ള ജനറൽ പർപ്പസ്, മെയിന്റനൻസ് ഫണ്ടുകൾ

2021-22ൽ പ്രാദേശിക സർക്കാരുകൾക്ക് പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിനായി ജനറൽ പർപ്പസ് ഗ്രാന്റായി സംസ്ഥാന തനത് നികുതിയുടെ 4% അതായത് 1950.00 കോടി രൂപയും ആസ്തികളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ഫണ്ടായി തനത് നികുതിയുടെ 6.5% അതായത് 3168.43 കോടി രൂപയും വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതിൽ റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി 1218.62 കോടി രൂപയും റോഡ് ആസ്തികളുടെ സംരക്ഷണത്തിനായി 1949.80 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു

2021-22 വാർഷിക പദ്ധതി രൂപീകരണം, അംഗീകാരം

നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം 2021 ഫെബ്രുവരി 26ന് നിലവിൽ വരുന്നതിന് മുമ്പേ 2021-22 ലേക്കുള്ള വാർഷിക പദ്ധതി രൂപീകരണവും അവയ്ക്ക് ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി എടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, ജനുവരി ആദ്യവാരം മുതൽ സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ ആരംഭിക്കുകയുണ്ടായി. പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുന്നേ തന്നെ സംസ്ഥാനത്തെ 1200 പ്രാദേശിക സർക്കാരുകളിൽ 1158 സ്ഥാപനങ്ങളും അവരുടെ വാർഷിക പദ്ധതിക്ക് രൂപം നൽകുകയും ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു എന്നത് പ്രാദേശിക സർക്കാരുകളുടെ കാര്യക്ഷമതയെ ആണ് കാണിക്കുന്നത്.

□

ലേഖകൻ ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടറാണ്

പട്ടിക-2
പ്രാദേശിക സർക്കാരുകൾക്കുള്ള 2020-21ലെ ജനറൽ പർപ്പസ് മെയിന്റനൻസ് ഫണ്ട് വിഹിതം (തുക കോടിയിൽ)

തദ്ദേശസ്വയംഭരണ സ്ഥാപന തരം	ജനറൽ പർപ്പസ് ഗ്രാന്റ്	മെയിന്റനൻസ് ഗ്രാന്റ്		ആകെ
		റോഡ്	നോൺ റോഡ്	
ഗ്രാമ പഞ്ചായത്തുകൾ	1393.19	1599.02	639.05	3631.26
ബ്ലോക്ക് പഞ്ചായത്തുകൾ	85.67	-	131.25	216.92
ജില്ലാ പഞ്ചായത്തുകൾ	60.23	69.51	190.84	320.58
നഗരസഭകൾ	242.24	215.75	150.62	390.59
കോർപ്പറേഷനുകൾ	168.47	65.52	106.87	340.86
ആകെ	1949.80	1949.8	1218.63	4900.21

ആഗോളവൽക്കരണ കാലത്തെ വിദ്യാഭ്യാസ ബദൽ

■ ഷിജ ഏലിയാസ്

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയുടെ അവസാനത്തിലും രണ്ടാം പകുതിയുടെ ആരംഭത്തിലുമായി കോളനി രാജ്യങ്ങൾ സ്വാതന്ത്ര്യം നേടുകയും ദേശീയ സർക്കാരുകൾ വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് വേണ്ടി കാര്യമായ മുതൽമുടക്ക് നടത്താൻ മുന്നോട്ട് വരികയും ചെയ്തു. ഇതിന് സമാന്തരമായി സമ്പന്ന വികസിത രാജ്യങ്ങളിലും വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക് കാര്യമായി വർദ്ധിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ, വിദ്യാഭ്യാസം സ്റ്റേറ്റിന്റെ കടമയും പൗരന്റെ അവകാശവുമാണ് എന്നുള്ള ധാരണ പ്രബലമായി.

വ്യവസായ വിപ്ലവത്തിലൂടെ സാമ്പത്തിക പുരോഗതി കൈവരിച്ച യൂറോപ്യൻ രാജ്യങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിക്കു ശേഷമാണ് വിദ്യാഭ്യാസം, വിശേഷിച്ച് സ്കൂൾ വിദ്യാഭ്യാസം, സർക്കാർ ചെലവിൽ ആകണം എന്ന ചിന്ത മുളപൊട്ടിയത്. വ്യാവസായിക മുതലാളിമാരുടെ ചൊൽപ്പടിക്കു നിൽക്കുന്ന ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങളോടുള്ള വിമർശനമെന്ന നിലയിലാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച ജനകീയ കാഴ്ചപ്പാടും ഉന്നയിക്കപ്പെട്ടത്. വ്യവസായ വിപ്ലവത്തിന്റെ പാതയിൽ മുമ്പേ നടന്ന രാജ്യങ്ങൾ കൊളോണിയൽ ശക്തികളായി വളർന്നതോടെ, കൊളോണിയൽ അധികാരത്തിന്റെ ചെലവിൽ സ്വന്തം രാജ്യത്തിന്റെ നാലതിരുകൾക്കുള്ളിൽ നിയന്ത്രിതമായ പൗരാവകാശങ്ങളുള്ള ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽ ആരംഭിച്ചു. മതത്തിന്റെ തടവിൽ നിന്ന് സ്വതന്ത്രമായ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസത്തിന് ഇത് തുടക്കമിട്ടു. കൊളോണിയലിസത്തിന്റെ പ്രതാപകാലത്ത് കോളനി രാജ്യങ്ങളിൽ ഈ ആശയം നടപ്പിൽ വരുത്തുക എളുപ്പമായിരുന്നില്ല. താഴെത്തട്ടിൽ ഭരണപരമായ ആവശ്യങ്ങൾ നിറവേറ്റാൻ ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ് തുടങ്ങിയ കൊളോണിയൽ

ഭാഷകളിൽ എഴുത്തും വായനയും അറിയുന്ന തദ്ദേശീയരുടെ സേവനം അവർക്ക് ആവശ്യമായി വന്നു. ദേശീയ താൽപര്യങ്ങളുടെ ശവക്കുഴി തോണ്ടാൻ ഏർപ്പെടുത്തിയ ബോധന സമ്പ്രദായവും വിഷയ പദ്ധതികളുമാണ് പരിഷ്കൃത വിദ്യാഭ്യാസമായി തുടക്കത്തിൽ കണക്കാക്കപ്പെട്ടത് എന്നർത്ഥം. ഇത് സാഹിത്യത്തിലാവട്ടെ, കലയിലാവട്ടെ, തത്ത്വചിന്തയിലാവട്ടെ, ശാസ്ത്രരംഗത്താവട്ടെ - പടിഞ്ഞാറൻ ഇറക്കുമതികളെ ഉറ്റുനോക്കുന്ന പുതിയൊരു തരം ആധുനികതയ്ക്ക് വളം വച്ചു. കൊളോണിയൽ അധികാരി വർഗ്ഗങ്ങളുടെ ജീവിതത്തെ കോളനി ജനതകളും മാതൃകയാക്കാൻ തുടങ്ങി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കോളനി രാജ്യങ്ങളിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾ സജീവമായതോടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച ദേശീയ കാഴ്ചപ്പാടുകളും വികസിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയുടെ അവസാനത്തിലും രണ്ടാം പകുതിയുടെ ആരംഭത്തിലുമായി കോളനി രാജ്യങ്ങൾ സ്വാതന്ത്ര്യം നേടുകയും ദേശീയ സർക്കാരുകൾ വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് വേണ്ടി കാര്യമായ മുതൽമുടക്ക് നടത്താൻ മുന്നോട്ട് വരികയും ചെയ്തു. ഇതിന് സമാന്തരമായി സമ്പന്ന വികസിത രാജ്യങ്ങളിലും വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക് കാര്യമായി വർദ്ധിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ, വിദ്യാഭ്യാസം സ്റ്റേറ്റിന്റെ കടമയും പൗരന്റെ അവകാശവുമാണ് എന്നുള്ള ധാരണ പ്രബലമായി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിക്ക് ശേഷം വിദ്യാഭ്യാസ രംഗത്തുണ്ടായ വർദ്ധിച്ച പൊതു മുതൽമുടക്ക് ഈ രംഗത്തെ അസമത്വങ്ങൾ ലഘൂകരിക്കുന്നതിന് സഹായകമായി. എന്നിരുന്നാലും വിഭവപരമായ പരിമിതികൾ നേരിടുന്ന വികസ്വര, അവികസിത രാജ്യങ്ങൾ അർഹമായ അളവിൽ വിദ്യാഭ്യാസരംഗത്ത് മുതൽ മുടക്കുന്നതിൽ പരാജയപ്പെട്ടു. മറ്റ് പല രംഗത്തുമെന്ന പോലെ, വിദ്യാഭ്യാസ രംഗത്തെ പൊതു മുതൽമുടക്കിന്റെ കാര്യത്തിലും സ്കാൻഡിനേവിയൻ രാജ്യങ്ങൾ ലോകത്തിന് മാതൃകയാണ്. നോർവേയുടെ ഉദാഹരണം എടുത്താൽ, 1870 മുതൽ പടിപടിയായി വളർന്ന വിദ്യാഭ്യാസ രംഗത്തെ പൊതു മുതൽമുടക്ക് 1940-കൾ മുതൽ കുതിച്ചുയരുകയും 1990-കളിൽ 9 ശതമാനത്തിനു മുകളിൽ എത്തുകയും ചെയ്തു. അമേരിക്കൻ ഐക്യനാടുകൾ, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലെല്ലാം വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക് മൊത്ത ദേശീയ വരുമാനത്തിന് നാല് - അഞ്ച് ശതമാനത്തിനു മുകളിലാണ്. ഈ രാജ്യങ്ങളിൽ പലതിലും ഇതിന്റെ പകുതിയോളം പ്രാദേശിക മുതൽമുടക്ക് ആണ്. മിക്ക വികസിത ജനാധിപത്യ രാജ്യങ്ങളിലും വിദ്യാഭ്യാസം, വിശേഷിച്ച് സ്കൂൾ വിദ്യാഭ്യാസം, സർക്കാരുകളുടെ കടമയും പൗരന്റെ അവകാശവുമായി ഇതിനകം അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. പൗരന് മികച്ച വിദ്യാഭ്യാസം നൽകുക എന്നത് രാഷ്ട്രത്തിന്റെ കടമയായി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളും ഭരണ ഘടനാ വ്യവസ്ഥകളുമാണ് ഈ രാജ്യങ്ങളിൽ പലതിലും നിലവിലുള്ളത്.

1960 നും 2010 നും ഇടയിലുള്ള കാലയളവിൽ, ജനങ്ങൾക്ക് ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിലും വിദ്യാഭ്യാസ രംഗത്തെ അസമത്വങ്ങൾ കുറയ്ക്കുന്നതിലും ലോകരാജ്യങ്ങൾ നിർണ്ണായക പുരോഗതി നേടി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ ഈ രംഗത്തെ പൊതു മുതൽമുടക്ക് കുത്തനെ ഇടിഞ്ഞു. ശതമാനക്കണക്കിൽ നോക്കിയാൽ, രണ്ടായിരത്തിനുശേഷം വിദ്യാഭ്യാസ രംഗത്തെ സർക്കാർ മുതൽമുടക്ക് കുറച്ചുകുത്തിയ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. മറ്റ് വികസ്വര രാജ്യങ്ങളുടെ ചിത്രമെടുത്താലും ഇതു തന്നെയാണ് പൊതുവായ പ്രവണത. ഇത് വരുമാനം കുറഞ്ഞ രാജ്യങ്ങളിലെ വിദ്യാഭ്യാസ പുരോഗതിയെ കാര്യമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അമേരിക്ക അടക്കമുള്ള രാജ്യങ്ങളുടെ കണക്കിലും ഈ കുറവ് പ്രകടമാണ്. ആഗോളവൽക്കരണ നയങ്ങളുടെ ഭാരം അനുഭവിക്കുന്നത് ദരിദ്ര വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ മാത്രമല്ല എന്നതിന്റെ സൂചനയായും ഇതിനെ കണക്കാക്കാം.

രണ്ടായിരത്തിനുശേഷം വിദ്യാഭ്യാസ രംഗത്തെ സർക്കാർ മുതൽമുടക്ക് കുറച്ചുകുത്തിയ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. മറ്റ് വികസ്വര രാജ്യങ്ങളുടെ ചിത്രമെടുത്താലും ഇതു തന്നെയാണ് പൊതുവായ പ്രവണത. ഇത് വരുമാനം കുറഞ്ഞ രാജ്യങ്ങളിലെ വിദ്യാഭ്യാസ പുരോഗതിയെ കാര്യമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അമേരിക്ക അടക്കമുള്ള രാജ്യങ്ങളുടെ കണക്കിലും ഈ കുറവ് പ്രകടമാണ്.

രണ്ടു നിലവാരം രണ്ടു നീതി

വികസ്വര, ദരിദ്ര രാജ്യങ്ങളിലെ പൊതു വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ആളോഹരി മുതൽമുടക്ക് വികസിത രാജ്യങ്ങളിലേതിനെ അപേക്ഷിച്ച് തുലോം കുറവാണ്. സാമ്പത്തികമായി ഭേദപ്പെട്ട വികസിത രാജ്യങ്ങളിലെ കുട്ടികൾക്ക് താരതമ്യേന മികച്ച വിദ്യാഭ്യാസം ലഭിക്കുകയും അത് ഈ രാജ്യങ്ങളിലെ മനുഷ്യ വിഭവശേഷിയുടെ വികസനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. വികസ്വര, അവികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസരംഗത്തെ പൊതു മുതൽമുടക്കും താരതമ്യേന പരിമിതമാണ്. ഇത് വികസ്വര, വികസിത രാജ്യങ്ങൾക്കിടയിൽ മനുഷ്യവിഭവശേഷി വികസനത്തിലുള്ള അന്തരം അരക്കിട്ടുറപ്പിക്കുന്നു. ഈ അർത്ഥത്തിൽ വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക്, അതിന്റെ മറ്റ് മാനങ്ങൾക്കു പുറമേ, വികസിത രാജ്യങ്ങൾക്കും വികസ്വര രാജ്യങ്ങൾക്കും ഇടയിലും, സമ്പന്നർക്കും സാധാരണക്കാർക്കും ഇടയിലുമുള്ള വിടവ് നിലനിർത്തുകയും കൂടുതൽ മോശമാക്കുകയും ചെയ്യുന്ന ഒരു ഘടകമായും പ്രവർത്തിക്കുന്നുണ്ട്.

2002 ലെ കണക്കുകൾ പ്രകാരം, ലോകത്ത് സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളിൽ 46 ശതമാനവും സഹാറൻ, ഉപസഹാറൻ മേഖലയിൽ ആയിരുന്നു. 2013 ൽ ഇത് 57 ശതമാനമായി ഉയരുകയാണ് ചെയ്തത്. വിദ്യാഭ്യാസ രംഗത്തെ ദരിദ്ര, വികസ്വര രാജ്യങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് അന്താരാഷ്ട്ര തലത്തിലെ കൂടിയാലോചനകളും ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളും പ്രതീക്ഷിച്ച ഫലം ചെയ്തിട്ടില്ല.

കൊവിഡ് 19 ലോക്ക് ഡൗൺ കാലത്ത് 140 ഓളം രാജ്യങ്ങളിൽ സ്കൂളുകൾ അടച്ചിട്ടു. 160 കോടിയോളം കുട്ടികൾ സ്കൂൾ കാണാതെ വീട്ടിലിരുന്നു. ഇവരിൽ 81 കോടിയും ദരിദ്ര രാജ്യങ്ങളിലാണ്. പോഷക മൂല്യമുള്ള ആഹാരത്തിനായി സ്കൂളിൽ നിന്ന് ലഭിക്കുന്ന ഉച്ചഭ

ക്ഷണത്തെ ആശ്രയിക്കുന്നവരാണ് ഇവരിൽ 40 കോടിയോളം കുട്ടികൾ. ലോക്ക് ഡൗൺ ഇവരിൽ വലിയൊരു വിഭാഗത്തെ പട്ടിണിയിലാക്കി. നഷ്ടപ്പെട്ട അക്കാദമിക് ദിവസങ്ങൾ വീണ്ടെടുക്കാൻ പല രാജ്യങ്ങളും ഓൺലൈൻ സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്. എന്നാൽ, നല്ലൊരു വിഭാഗത്തിനും നിലവിൽ ഓൺലൈൻ പഠനത്തിന് സൗകര്യങ്ങളില്ല. 50 ശതമാനം വിദ്യാർത്ഥികൾക്കും വീട്ടിൽ കംപ്യൂട്ടർ സൗകര്യം ലഭ്യമല്ല. സഹാറൻ, ഉപസഹാറൻ മേഖലയിലെ 89 ശതമാനം വിദ്യാർത്ഥികളും വീട്ടിൽ കംപ്യൂട്ടറോ ആൻഡ്രോയ്ഡ് മൊബൈൽ ഫോണോ ഇല്ലാത്തവരാണ്.

വിദ്യാഭ്യാസ രംഗത്തെ പൊതു മുതൽമുടക്ക് ദീർഘകാല അടിസ്ഥാനത്തിൽ ഈ രംഗത്തെ അസമത്വം ഇല്ലാതാക്കാൻ സഹായിക്കും. പൊതു മുതൽമുടക്ക് കുറയുന്നു എന്നതിനർത്ഥം അസമത്വം വർദ്ധിക്കുന്നു എന്നാണ്. ഇതിലും വൈരുദ്ധ്യങ്ങളുണ്ട്. വികസിത രാജ്യങ്ങളിൽ വിദ്യാഭ്യാസരംഗത്തെ സർക്കാർ മുതൽമുടക്കിന്റെ 45 ശതമാനത്തിൽ അധികവും എത്തുന്നത് വിദ്യാർത്ഥികളിൽ കൂടുതൽ പഠിക്കാൻ അവസരം ലഭിക്കുന്ന 10 ശതമാനത്തിന്റെ കൈകളിൽ ആണ്. സാമാന്യമായി പറഞ്ഞാൽ, വികസിത, വികസ്വര രാജ്യങ്ങളിൽ ഇത് 25 % നും 15% നും ഇടയിലാണ്. കമ്പോള അധിഷ്ഠിതമായ സാമൂഹിക ഘടനയെ സംബന്ധിച്ചിടത്തോളം, ഫലത്തിൽ, വിദ്യാഭ്യാസവും ഒരു ചരക്ക് തന്നെയാണ്. സർക്കാരുകളുടെ മുൻഗണനകളും വിഭവലഭ്യതയും അനുസരിച്ച് വിദ്യാഭ്യാസ രംഗത്തെ പൊതു മുതൽമുടക്കും വ്യത്യാസപ്പെട്ടിരിക്കും.

ലോകത്തെ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 60 ശതമാനമാണ് ഇടത്തരം, താഴ്ന്ന വരുമാന രാജ്യങ്ങളിൽ നിന്നുള്ളവർ. എന്നാൽ സ്കൂൾ വിദ്യാഭ്യാസത്തിലൂടെ അടിസ്ഥാന ശേഷികൾ ആർജ്ജിക്കുന്നതിൽ പരാജയപ്പെടുന്ന കുട്ടികളിൽ 80 ശതമാനവും ഇതിൽപ്പെട്ടവരാണെന്ന് കണക്കുകൾ കാണിക്കുന്നു. താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ മൊത്ത ദേശീയ വരുമാനത്തിന്റെ രണ്ട് ശതമാനം മാത്രമാണ് വിദ്യാഭ്യാസത്തിനായി മുടക്കുന്നത്. ഇത് തീർത്തും അപര്യാപ്തമാണ്. ഈ രാജ്യങ്ങളിലെ നാലു ചെറുപ്പക്കാരിൽ ഒരാൾക്ക് അക്ഷരാഭ്യാസം ഇല്ല. സ്കൂൾ പ്രായത്തിലുള്ള അഭയാർത്ഥികളിൽ 90 ശതമാനത്തിനും അഭയം നൽകുന്നത് വികസ്വര രാജ്യങ്ങളാണ്. അഭയാർത്ഥികൾ കടന്നു വരുന്നത് തടയാൻ ഡൊണാൾഡ് ട്രംപിന്റെ കാലത്തെ അമേരിക്ക നടത്തിയ ശ്രമങ്ങൾ ലോകം കണ്ടതാണ്. ആഭ്യന്തര സംഘർഷങ്ങൾ മൂർഛിച്ച രാജ്യങ്ങളിൽ 13 കോടിയോളം കുട്ടികൾക്ക് സ്കൂൾ പഠനം നിഷേധിക്കപ്പെട്ടതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

നിലവാരവും വ്യാപ്തിയും

ലോകത്തെ മൊത്തം രാജ്യങ്ങളിൽ മൂന്നിലൊന്നിലും സ്കൂൾ അധ്യാപകരുടെ 75 ശതമാനത്തിൽ താഴെ മാത്രമാണ് ശരിയായ വിദ്യാഭ്യാസ യോഗ്യതയും പരിശീലനവും ലഭിച്ചവർ. ഇത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ കാര്യമായി ബാധിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ല. മതിയായ പരിശീലനം ഇല്ലാത്ത അധ്യാപകരുടെ എണ്ണമെടുത്താലും താഴ്ന്ന, ഇടത്തരം വരുമാന രാജ്യങ്ങളിലെ സ്ഥിതി താരതമ്യേന മോശമാണ്. വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്ക് കാര്യമായി ഉയർത്താതെ വികസിതരാജ്യങ്ങളുടെ നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം ഈ രാജ്യങ്ങൾക്ക് സാധ്യമാക്കാവില്ല. പൊതു വിദ്യാഭ്യാസത്തി

നും പൊതു ജനാരോഗ്യത്തിനും വേണ്ടിയുള്ള മുതൽമുടക്ക് പരിമിതപ്പെടുത്തുക എന്ന ആഗോളവൽക്കരണ കാലത്തെ നയം ഈ ലക്ഷ്യം നേടുന്നതിന് ഈ രാജ്യങ്ങൾക്ക് മുന്നിൽ പ്രതിബന്ധമായി നിൽക്കുന്നു.

വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്ക് സാമ്പത്തിക സാമൂഹിക നേട്ടങ്ങളായി വ്യക്തിക്കും സമൂഹത്തിനു പൊതുവിലും തിരികെ ലഭിക്കുന്നു. തൊഴിൽ കമ്പോളത്തിൽ മത്സരിച്ച് വിജയിക്കാൻ വ്യക്തിയെ സജ്ജമാക്കുന്നതും വിദ്യാഭ്യാസം തന്നെയാണ്. വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന പണം, മികച്ച ജോലിക്കും ഉയർന്ന വരുമാനത്തിനും വേണ്ടിയുള്ള മുതൽമുടക്ക് കൂടിയാണ്. സമൂഹത്തിന്റെ സാമ്പത്തികവും വൈജ്ഞാനികവും സാംസ്കാരികവുമായ പുരോഗതിയെ സഹായിക്കുന്നു എന്നതാണ് ദീർഘകാല അടിസ്ഥാനത്തിൽ ഇതിനേക്കാൾ പ്രസക്തമായ കാര്യം. പല മേഖലകളിലും ആഭ്യന്തര കലഹങ്ങൾ മൂർച്ഛിക്കുകയും അഭയാർത്ഥി പ്രവാഹം തീവ്രമാവുകയും ചെയ്ത രണ്ടായിരത്തിനു ശേഷമുള്ള ലോക രാഷ്ട്രീയ കാലാവസ്ഥയിൽ വികസ്വര രാജ്യങ്ങളുടെ, വിശേഷിച്ചും ഏറ്റവും താഴ്ന്ന വരുമാനമുള്ള അവികസിത രാജ്യങ്ങളിലെ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക എന്നത് കടുത്ത വെല്ലുവിളിയാണ്.

2030 ഓടെ സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുകയെന്ന (യുഎൻ മുന്നോട്ടു വെയ്ക്കുന്ന) ലക്ഷ്യം നേടാൻ, കുറഞ്ഞത് 6.9 കോടി അധ്യാപകർ ഇനിയും കൂടുതലായി ഉണ്ടാവണം. ഇതിൽ 24 കോടിയോളം അധ്യാപകരെ വേണ്ടി വരുന്നത് പ്രൈമറി സ്കൂളുകളിലാണ്. ക്ലാസ് മുറിയിൽ പരമാവധി 40 കുട്ടികൾ എന്ന കണക്കിൽ ബോധനം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള പരിഷ്കാരങ്ങൾ ഫലപ്രദമാകണമെങ്കിൽ അതിലുമേറെ അധ്യാപകർ പുതിയതായി ഉണ്ടാവണം. ഇത്തരം പരിമിതികൾ താരതമ്യേന കൂടുതൽ രൂക്ഷമായിരിക്കുന്നത് വികസ്വര അവിക സിത രാജ്യങ്ങളിലാണ് എന്ന് പ്രത്യേകം പറയേണ്ടതില്ല.

വിദ്യാഭ്യാസ രംഗത്തും ലിംഗപദവിയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകൾ പ്രകടമാണ്. ലോകത്തിലെ നിരക്ഷരരിൽ മൂന്നിൽ രണ്ടു പേരും സ്ത്രീകളാണ്. സ്കൂൾ എൻറോൾമെന്റ് കാര്യത്തിലും വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കുന്ന കുട്ടികളുടെ സ്ഥിതിവിവരക്കണക്കിലും, അഭയാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ എടുത്താലും, സ്ത്രീ-പുരുഷ വിവേചനം പ്രകടമാണ്.

വിദ്യാഭ്യാസത്തിന്റെ നിലവാരവും ഓരോ രാജ്യത്തെയും സാമ്പത്തിക വളർച്ചയുടെ തോതും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. താരതമ്യേന ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള വികസിത, പ്രൊട്ടസ്റ്റന്റ് രാജ്യങ്ങൾ മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഉയർന്ന സാമ്പത്തിക വളർച്ചയും അഭിവൃദ്ധിയും കാണിക്കുന്നു.

വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം പുലർത്തുന്ന രാജ്യങ്ങളിൽ, വിശേ ഷിച്ച് വികസിത രാജ്യങ്ങളിൽ, വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്കിൽ ചെറുതല്ലാത്ത ഒരു ഭാഗവും നിർവഹിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഉയർന്ന തലത്തിലെ സർക്കാരുകളെ അപേക്ഷിച്ച് കൂടുതൽ സൂക്ഷ്മതയോടെയും സർവതല സ്പർശിയായും വിദ്യാഭ്യാസരംഗത്ത് ഇട പെടാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയും. വികസ്വര, അവികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ പല ഘടകങ്ങളിൽ ഒന്ന് വിദ്യാഭ്യാസ രംഗത്ത്, വിശേഷിച്ച് പ്രാഥമിക സ്കൂൾ വിദ്യാഭ്യാസ രംഗത്ത്, ഇടപെടാൻ പ്രാദേശിക സർക്കാരുകൾക്കുള്ള പ്രാപ്തിക്കുറവാണ്. സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനത്തെ വേറിട്ടതാക്കുന്ന ഘടകങ്ങളിൽ പ്രധാനമാണ്. പൊതു വിദ്യാഭ്യാസ സംര ക്ഷണ യജ്ഞം ഇതിന്റെ ഏറ്റവും പുതിയതും തിളക്കമാർന്നതുമായ ഉപാഖ്യാനമാണ്.

വേറിട്ട ചിത്രം

സ്കൂൾ വിദ്യാർത്ഥികൾക്ക് ഉന്നനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്ന കാര്യത്തിൽ ഇന്ത്യയിലെ 20 വലിയ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതാണെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ഔദ്യോഗിക രേഖകൾ വ്യക്തമാക്കുന്നു. 2016-17 റഫറൻസ് വർ ഷമായി കണക്കാക്കി നടത്തിയ വിവരശേഖരം കണക്കിലെടുത്തതിൽ, നീതി ആയോഗിന്റെ (SEQI) ക്വാളിറ്റി ഇൻഡക്സ് പ്രകാരം കേരളം 76.6 % മാർക്ക് നേടിയപ്പോൾ ഉത്തർപ്രദേശിന്റെ സ്കോർ 36.4 ആണ്. പഠന നിലവാരം, വിവിധ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസത്തിന്റെ ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ വ്യക്തമാക്കുന്ന മുപ്പതോളം ഘടകങ്ങൾ പരിശോധിച്ചാണ് സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും സ്കോർ നൽകിയത്. എട്ട് ചെറിയ സംസ്ഥാനങ്ങളുടെ സ്കോർ 68.8 നും 24.6 നും ഇടയിലാണ്.

കേരളത്തിലെ പൊതു വിദ്യാലയങ്ങളുടെ മുഖച്ഛായ മാറ്റിയ പൊതുവിദ്യാഭ്യാസ സംരക്ഷണ ദൗത്യത്തിന്റെ ഫലമായി, 6.5 ലക്ഷത്തിലേറെ കുട്ടികളാണ് പൊതുവിദ്യാലയങ്ങളിൽ കൂടുതലായി ചേർന്നത്. ഡ്രോപ്പൗട്ട് നിരക്ക് 2016-17 ലെ 0.22 ൽ നിന്ന് 2019 -20 ൽ 0.11 ആയി കുറഞ്ഞു. ഹൈസ്കൂൾ നിലവാരത്തിൽ ഈ കാലയളവിൽ ഇത് 0.33 ൽ നിന്ന് 0.15 ശതമാനമായി കുറഞ്ഞു. ലോവർ പ്രൈമറി നിലവാരത്തിൽ 0.11, യു പി തലത്തിൽ 0.06 എന്നിങ്ങനെയാണ് കേരളത്തിലെ സ്കൂൾ ഡ്രോപ്പൗട്ട് നിരക്കുകൾ. കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം, ലോവർ പ്രൈമറി തലത്തിൽ 4.13, അപ്പർ പ്രൈമറി തലത്തിൽ 4.03, സെക്കന്ററി നിലവാരത്തിൽ 17.06 എന്നിങ്ങനെയാണ് 2018- ൽ രാജ്യത്ത് രേഖപ്പെടുത്തിയ സ്കൂൾ ഡ്രോപ്പൗട്ട് നിരക്ക്. എൻറോൾമെന്റ് നിരക്ക് പരിശോധിച്ചാലും കേരളത്തിന്റെ ചിത്രം ഒന്നു വേറെ തന്നെ.

കേരളം നടന്ന വഴികൾ

മിഷണറിമാരുടെ നേതൃത്വത്തിൽ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും ആഴത്തിൽ വേരുകളുള്ള സാമൂഹ്യ നവോത്ഥാനത്തിന്റെയും തുടർച്ചയിലാണ് കേരളം രാജ്യത്തെ ഏറ്റവും മികച്ച പൊതു വിദ്യാലയങ്ങളുടെ ശൃംഖല കെട്ടിപ്പടുത്തത്. സ്വാതന്ത്ര്യത്തിനു ശേഷവും, തിരു-കൊച്ചിയുടെയും പിന്നീട് ഐക്യ കേരളത്തിന്റെയും രൂപീകരണത്തിനും ശേഷവും കേരളം വിദ്യാഭ്യാസ രംഗത്ത് വലിയ തോതിൽ മുതൽ മുടക്കി. ഭാഷാടിസ്ഥാനത്തിൽ ഐക്യ കേരളം രൂപം കൊണ്ടതിനു ശേഷം അധികാരത്തിലെത്തിയ ആദ്യ സർക്കാർ സ്കൂൾ വിദ്യാഭ്യാസ മേഖലയുടെ സമൂല പരിഷ്കരണത്തിന് തുടക്കം കുറിച്ചു. രാജ്യത്തെ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമായി കേരളം മാറിയത് ഈ നടപടികളുടെ തുടർച്ചയിലാണ്.

2011 സെൻസസ് അനുസരിച്ച് 93.91 ശതമാനമാണ് കേരളത്തിലെ സാക്ഷരതാ നിലവാരം. ഇതിൽ പുരുഷൻമാരുടേത് 96.02 ശതമാനമാണ്. 91.98 ശതമാനമാണ് സംസ്ഥാനത്തെ സ്ത്രീ സാക്ഷരത. ദേശീയ തലത്തിലെ സ്ത്രീ സാക്ഷരത 65.46% മാത്രമാണ്. സാക്ഷരതാ നിലവാരത്തിൽ 90 ശതമാനത്തിനു താഴെ നിൽക്കുന്ന വയനാടും (89.3) പാലക്കാടും (89) പോലും ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കിയിൽ ഏറെ മുന്നിലാണ്. സാക്ഷരതാ

നിരക്കിൽ ഒന്നാം സ്ഥാനത്തുള്ള കോട്ടയവും (97.2%) രണ്ടാം സ്ഥാനത്തുള്ള പത്തനംതിട്ടയും (96.5%) ലോകത്തിനു തന്നെ എറ്റവും മികച്ച മനുഷ്യവിഭവ സമ്പത്ത് സംഭാവന ചെയ്യുന്ന കേന്ദ്രങ്ങളിൽ ഉൾപ്പെടുന്നു

സംസ്ഥാനത്തിന് വിപുലമായ സർക്കാർ സ്കൂളുകളുടെ ശൃംഖലയുണ്ട്. അതിലും ബൃഹത്താണ് അധ്യാപകരും മറ്റ് ജീവനക്കാരും സർക്കാർ ശമ്പളത്തോടെ ജോലി ചെയ്യു ന്ന എയ്ഡഡ് വിദ്യാലയങ്ങളുടെ ശൃംഖല. 2011 ലെ കണക്കെടുത്താൽ, സംസ്ഥാനത്ത് 5250 സർക്കാർ സ്കൂളുകളും 7947 എയ്ഡഡ് സ്കൂളുകളും ഉണ്ട്. അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ തള്ളിക്കയറ്റത്തിന്റെ കാലത്തും 1300 ൽ താഴെയാണ് സർക്കാർ അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ എണ്ണം. 45,39,033 കുട്ടികളിൽ 4.1 ലക്ഷം പേർ മാത്രമാണ് ഈ കാലയളവിൽ അൺഎയ്ഡഡ് സ്ഥാപനങ്ങളെ ആശ്രയിച്ചത്. 1.7 ലക്ഷത്തിലധികം അധ്യാപകർ സർക്കാർ എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കുന്നു. ഈ കണക്കുകൾക്ക് ഇന്ത്യയുടെ പൊതുചിത്രവുമായി താരതമ്യമില്ല.

നവോത്ഥാനത്തിന് തിരികൊളുത്തിയ മിഷണറി പ്രവർത്തനങ്ങൾക്കൊപ്പം തന്നെയാണ് മതപഠനത്തിൽ നിന്ന് വേറിട്ട ആധുനിക വിദ്യാഭ്യാസവും കേരളം പരിചയപ്പെട്ടത്. ഇംഗ്ലീഷ് ഭാഷാ പഠനത്തിലായിരുന്നു അന്നത്തെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഊന്നൽ. 1933 മുതൽ പള്ളിക്കൂടങ്ങളിൽ മലയാളം മുതലായ പ്രാദേശിക ഭാഷകളും പഠിപ്പിച്ചു തുടങ്ങി. സ്കൂൾ വിദ്യാഭ്യാസം, വിശേഷിച്ച് പ്രാഥമിക വിദ്യാഭ്യാസം, സാർവത്രികമാക്കുന്നതിനു വേണ്ടിയുള്ള സമ്മർദ്ദം 1940 കളിൽ തന്നെ ഉയർന്നു വന്നു. ആധുനിക വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനു വേണ്ടിയുള്ള ധാരാളം ശ്രമങ്ങൾ ഈ കാലയളവിൽ സജീവമായി. 1949 ലെ തിരു - കൊച്ചി സംയോജനം തിരുവിതാംകൂർ - കൊച്ചി പ്രദേശങ്ങളിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് ഏകീകൃത സ്വഭാവം കൈവരുത്തി. അതിനു ശേഷമാണ് സെക്കന്ററി തലത്തിലെ പരീക്ഷ എസ്എസ്എൽസി എന്ന് നാമകരണം ചെയ്യപ്പെട്ടത്. ആദ്യ എസ്എസ്എൽസി പരീക്ഷ 1952ൽ നടന്നു. 1953- 54 മുതൽ ഹിന്ദി നിർബന്ധിത വിഷയമായി കേരളത്തിലെ സ്കൂളുകളിലും പഠിപ്പിച്ചു തുടങ്ങി. 1954 -55 മുതൽക്കുതന്നെ സർക്കാർ സ്കൂളുകളിൽ ലോവർ സെക്കന്ററി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസം സൗജന്യമാണ്. ഐക്യകേരളം രൂപീകരിക്കപ്പെട്ടതോടെ ഈ പരിഷ്കാരങ്ങൾ മുഴുവൻ കേരളത്തിലേക്കും വ്യാപിച്ചു. അവഗണിക്കപ്പെട്ടു കിടന്ന പ്രദേശങ്ങളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾ പ്രത്യക്ഷപ്പെട്ടു. പൊതുവിദ്യാഭ്യാസ രംഗത്തെ വൻ മുതൽ മുടക്കിനൊപ്പം, കാലത്തിനൊത്ത പരിഷ്കാരങ്ങൾ ഏർപ്പെടുത്താനും കേരളം മടിച്ചില്ല. 90-91 മുതൽ നടപ്പിലാക്കിയ +2 സമ്പ്രദായം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന തന്നെ മാറ്റി മറിച്ചു. പുതിയ കാലത്തിനു ചേർന്ന വിദ്യാർത്ഥി സൗഹൃദ ബോധന രീതികൾ കേരളം വിജയകരമായി നടപ്പിലാക്കി. 2005 മുതൽ SSLC യ്ക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തി.

> **കാഴ്ചയിലും ഗുണനിലവാരത്തിലും ഇന്റർനാഷണൽ സ്കൂളുകളെ വെല്ലുന്ന പൊതുവിദ്യാലയങ്ങളുടെ ഒരു ശൃംഖല ഇപ്പോൾ കേരളത്തിലുണ്ട്. നവകേരള ദൗത്യങ്ങളുടെ ഭാഗമായി പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടിരിക്കുന്നു. കിഫ്ബി സഹായത്തോടെ ഏറ്റെടുത്ത അടിസ്ഥാന സൗകര്യ വികസനം സമാനതകളില്ലാത്തതാണ്. 5 കോടി വീതം ചെലവിട്ട് 141 സ്കൂളുകളിൽ കെട്ടിടങ്ങളും ലാബുകൾ മുതലായ സൗകര്യങ്ങളും ഒരുക്കി.**

1980 കൾക്കു ശേഷം കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയുടെ ദ്രുതഗതിയിലുള്ള വികാസത്തിന്റെ തുടർച്ചയ്ക്ക് സാമ്പത്തിക പരിമിതികൾ തടസ്സമായി നിന്നു. ഉന്നത വിദ്യാഭ്യാസത്തിന് മുന്നിൽ സ്കൂൾ വിദ്യാഭ്യാസത്തെ അവഗണിക്കുന്ന പുതിയൊരു സമീപനവും വികസിച്ചു വന്നു. ഉയർന്ന മധ്യവർഗ്ഗങ്ങൾ പുതുതായി തുറന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കൂടുതലായി ആകർഷിക്കപ്പെട്ടു. മനഃപാഠം പഠിക്കുന്നതിന് അമിത പ്രാധാന്യം നൽകിയ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയിലേക്ക് നയിക്കുമെന്ന ആശങ്ക ഉയർന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ മാണ് ഈ പ്രവണതയ്ക്ക് ഫലപ്രദമായി തടയിട്ടത്.

കേരളത്തിന്റെ ചരിത്രത്തിൽ ഇതിനു മുമ്പൊരിക്കലും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനു സമാനമായ രീതിയിൽ പൊതു വിദ്യാഭ്യാസ രംഗം ഇത്രകണ്ട് പ്രാധാന്യത്തോടെ പരിഗണിക്കപ്പെട്ടിട്ടില്ല. മുമ്പൊരിക്കലും ഇതു പോലെ വിദ്യാഭ്യാസ രംഗത്തേക്ക് ഫണ്ട് ഒഴുകിയിട്ടില്ല. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ ആത്മവിശ്വാസം വളർത്തുന്നതിനുമുള്ള നിരവധി പരിപാടികൾക്കൊപ്പം, ആയിരക്കണക്കിനു കോടികൾ ചെലവിട്ടാണ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയത്. ബജറ്റിൽ വകയിരുത്തിയ വികസന ഫണ്ടിനു പുറമേ, കിഫ്ബി മുഖേന സമാഹരിച്ച വലിയ തുകയും ഇതിനായി സർക്കാർ ചെലവഴിച്ചു. കാഴ്ചയിലും ഗുണനില വാരത്തിലും ഇന്റർനാഷണൽ സ്കൂളുകളെ വെല്ലുന്ന പൊതു വിദ്യാലയങ്ങളുടെ ഒരു ശൃംഖല ഇപ്പോൾ കേരളത്തിലുണ്ട്. നവകേരള ദൗത്യങ്ങളുടെ ഭാഗമായി പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടിരിക്കുന്നു. കിഫ്ബി സഹായത്തോടെ ഏറ്റെടുത്ത അടിസ്ഥാന സൗകര്യ വികസനം സമാനതകളില്ലാത്തതാണ്. 5 കോടി വീതം ചെലവിട്ട് 141 സ്കൂളുകളിൽ കെട്ടിടങ്ങളും ലാബുകൾ മുതലായ സൗകര്യങ്ങളും ഒരുക്കി. 379 സ്കൂളുകളിൽ 3 കോടിയുടെ വീതം പ്രവൃത്തികൾ നടന്നു. 446 സ്കൂളുകളിൽ 1 കോടി വീതം ചെലവിട്ടു. സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്രോതസുകളിൽ നിന്നുള്ള ഫണ്ടും ചെലവഴിച്ച് നടത്തിയ പ്രവൃത്തികൾ ഇതിനു പുറമേയാണ്. വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പു വരുത്തുന്നതിനുമുള്ള ശ്രമങ്ങൾ കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയുടെ ഘട്ടത്തിലും ഊർജ്ജിതമായി തുടരുകയാണ്. അതെ, നമ്മെ നാമാക്കിയ വേറിട്ട വഴിയിലൂടെ തന്നെയാണ് നമുക്കിനിയും മുന്നേറാനുള്ളത്.

□

ലേഖകൻ ഗ്രാമവികസനവകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്.

ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക് (ഭാഗം - 2)

■ കെ.ടി. ജോർജ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് സാധാരണയായി ഉണ്ടാകാവുന്ന അയോഗ്യതകൾ കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ ടി ലേഖനങ്ങളിൽ പ്രതിപാദിച്ച അയോഗ്യതകൾക്കുപരിയായി അംഗങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചില അയോഗ്യതകളാണ് ഇവിടെ പരാമർശിക്കുന്നത്. അങ്ങനെയുണ്ടാകാവുന്ന അയോഗ്യതകളിൽ ചിലതൊക്കെ ചെറിയ അശ്രദ്ധ കൊണ്ടോ മന:പൂർവമല്ലാതെയോ ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 35 -ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ട് 91 -ാം വകുപ്പിലുമാണ് അംഗങ്ങൾക്കുള്ള അയോഗ്യതകൾ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നത്. അവയിൽ ചിലത് താഴെപ്പറയുന്നു.

1) ഒരു കോടതിയാലോ ട്രൈബ്യൂണലിലോ

(i) സന്മാർഗ്ഗ ദൂഷ്യം സംബന്ധിച്ച ഏതെങ്കിലും കുറ്റത്തിന് മൂന്നു മാസത്തിൽ കുറയാത്ത കാലത്തേക്ക് തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ii) അഴിമതിക്കുറ്റത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിയമമനുസരിച്ച് തക്ക അധികാരസ്ഥാനത്താൽ കുറ്റക്കാരനായി വിധിക്കപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(iii) ദുർഭരണത്തിന് വ്യക്തിപരമായി കുറ്റക്കാരനാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാനാൽ വിധിക്കപ്പെട്ടിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള അംഗം/കൗൺസിലർ ആ സ്ഥാനത്ത് തുടരുന്നതിന് അയോഗ്യനായിരിക്കുന്നതാണ്. കൂടാതെ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 9 A അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന കുറ്റങ്ങൾക്കോ 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 8 -ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിനോ ശിക്ഷിക്കപ്പെട്ടയാൾ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അംഗമായിരിക്കുവാൻ അയോഗ്യനാണ്. എന്നാൽ ജനപ്രാതിനിത്യ നിയമത്തിലെ 8(1) വകുപ്പിൽ പറഞ്ഞിരിക്കുന്ന ഗുരുതരമായ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷ നൽകിയിട്ടില്ലെങ്കിൽ കൂടിയും കുറ്റസ്ഥാപനം മുതൽ ആറ് കൊല്ലക്കാലവും, ടിയാൾക്ക് ജയിൽശിക്ഷ നൽകിയിട്ടുണ്ടെങ്കിൽ ജയിൽമോചിതനായ തീയതി മുതൽ ആറു കൊല്ലക്കാലവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അംഗമായിരിക്കുവാൻ അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഏതു തരം കുറ്റമായാലും

ജയിൽ മോചിതനാകുന്ന തീയതിമുതൽ ആറുകൊല്ലക്കാലമേ അയോഗ്യത ഉണ്ടാകുന്നുള്ളൂ. അതായത് പ്രസ്തുത അയോഗ്യത സ്ഥിരമായി നിലനിൽക്കുന്നതല്ല. [John John @ Onachan v. State Election Commission, 2015 ICO 653 : 2015 (3) KLT 132]

2) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോവേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരംഗം പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ അല്ല എന്ന് തെളിയിക്കപ്പെടുകയാണെങ്കിൽ അയോഗ്യനാകുന്നതാണ്.
3) സ്ഥിര ബുദ്ധി ഇല്ലാത്ത ആളാണെന്ന് ഒരു കോടതി വിധിക്കപ്പെട്ടിരിക്കുന്നയാൾക്കും അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.
4) ഒരു വിദേശ രാഷ്ട്രത്തിലെ പൗരത്വം ആർജ്ജിച്ചിരിക്കുകയോ അല്ലെങ്കിൽ ഒരു പാപ്പരായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അഥവാ പാപ്പരായി വിധിക്കപ്പെട്ടി രിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് വേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് എതിരായി അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ ചെയ്തിട്ടുള്ള സംഗതികളിലും അംഗത്തിന് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ മറ്റേതെങ്കിലും പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ വേണ്ടി അല്ലെങ്കിൽ അതിനെതിരായോ കേസ് നടത്തുന്നു എന്ന കാരണത്താൽ അയോ ഗ്യത ഉണ്ടാവുന്നില്ല.
5) ബന്ധപ്പെട്ട പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ താമസക്കാരനല്ലാതായി ത്തീർന്നാലും ഒരു അംഗത്തിന് അയോഗ്യത ഉണ്ടാകുന്നതാണ്. എന്നാൽ പ്രസ്തുത അംഗത്തിന് മറ്റൊരു വാസസ്ഥലമുണ്ട് എന്ന കാരണത്താലോ അല്ലെങ്കിൽ തന്റെ താമസസ്ഥലത്തു നിന്നും താൽക്കാലികമായി മാറി താമസിക്കുന്നു എന്ന കാരണത്താലോ അയോഗ്യത ഉണ്ടാകുന്നില്ല. തന്റെ താമസസ്ഥലത്തു നിന്നുള്ള ബന്ധം വിച്ഛേദിച്ച് മറ്റൊരിടത്ത് താമസിക്കുന്നു എന്ന് തെളിയിക്കപ്പെട്ടാൽ മാത്രമേ പ്രസ്തുത അംഗത്തിന് അയോഗ്യത ഉണ്ടാകുകയുള്ളൂ. [Pushpam Simon v. Karumkulam Grama panchayat, 2009 ICO 1818 : 2009 (4) KLT 561]
6) ഒരു അഡ്വക്കേറ്റായോ വക്കീലായോ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കിപ്പെട്ടിരിക്കുകയാണെങ്കിലും അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും എപ്പോഴെങ്കിലും വിലക്കിയിട്ടുണ്ടെങ്കിലും ടിയാളുടെ പ്രാക്ടീസ് പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല.
7) ഒരു പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ ധനത്തിന്റെയോ വസ്തുക്കളുടെയോ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഉത്തരവാദിയാണെങ്കിലും അങ്ങനെയുള്ള ഒരു അംഗം അയോഗ്യനാണ്. ഒരു പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ അംഗമായതിനുശേഷം ഇപ്രകാരം ഉണ്ടാകുന്ന അയോഗ്യത തീരുമാനിക്കാനുള്ള അധികാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. പഞ്ചായത്തിനോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്കോ ഉണ്ടാകുന്ന ധനത്തിന്റെയോ വസ്തുക്കളുടെയോ നഷ്ടത്തെ സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് തീരുമാനം എടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെയോ അല്ലെങ്കിൽ ഓഡിറ്റ് ടീമിന്റെയോ റിപ്പോർട്ട് ആവശ്യമില്ല. [Lisy Valsalan v. Kerala State Election Commission, 2014 ICO 1768 : 2015 KHC 34] എന്നാൽ ഒരംഗം തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പുണ്ടായ അയോഗ്യതയെ സംബന്ധിച്ചുള്ള തീരുമാനമെടുക്കുന്നതു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരിധിയിൽ വരുന്ന കാര്യമല്ല. [Marykutty Mathew v. State Election Commission, 2002 ICO 3661 : 2002 (2) KLJ 910 : 2002 (3) KLT 773].

ഒരു പഞ്ചായത്തംഗം/മുനിസിപ്പൽ കൗൺസിലർ അയോഗ്യതയ്ക്ക് വിധേയമായിട്ടുണ്ടോ എന്ന ഒരു പ്രശ്നം ഉദ്ഭവിക്കുകയാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ ഒരു അംഗത്തിനോ/കൗൺസിലർക്കോ അല്ലെങ്കിൽ ആ അംഗം തിരഞ്ഞെടുക്കപ്പെട്ട മണ്ഡലത്തിൽ വോട്ടറായ മറ്റേതെങ്കിലും ആൾക്കോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ തീരുമാനത്തിനായി ഒരു ഹർജി ബോധിപ്പിക്കാവുന്നതാണ്

അംഗമായതിനുശേഷം ഉള്ള അയോഗ്യത നിർണ്ണയിക്കൽ

ഒരു പഞ്ചായത്തിലെയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെയോ അംഗമായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആ അംഗം/ കൗൺസിലർ ഏതെങ്കിലും അയോഗ്യതയ്ക്ക് വിധേയമായിട്ടുണ്ടോ എന്ന ഒരു പ്രശ്നം ഉദ്ഭവിക്കുകയാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിലെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെ ഒരു അംഗത്തിനോ/കൗൺസിലർക്കോ അല്ലെങ്കിൽ ആ അംഗം തിരഞ്ഞെടുക്കപ്പെട്ട തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുവാൻ അവകാശമുള്ള മറ്റേതെങ്കിലും ആൾക്കോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ തീരുമാനത്തിനായി ഒരു ഹർജി ബോധിപ്പിക്കാവുന്നതാണ്. എന്നാൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കും ഇപ്രകാരമുള്ള ഒരു പ്രശ്നം തീരുമാനത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു മുമ്പാകെ റഫർ ചെയ്യാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും അംഗം അയോഗ്യനായിട്ടുണ്ടോ എന്ന പ്രശ്നം തീരുമാനിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ ഒരാൾക്ക് ഹർജി ബോധിപ്പിക്കുന്നതിന് കാലപരിധിയൊന്നും പറഞ്ഞിട്ടില്ലാത്തതിനാൽ അത്തരം ഹർജികൾ എപ്പോൾ വേണമെങ്കിലും ബോധിപ്പിക്കാവുന്നതാണ്. [Lisy Valsalan v. Kerala State Election Commission, 2014 ICO 1768: 2015 KHC 34]

ലേഖകൻ ലോക്കൽ ഗവ. കമ്മീഷനിൽ ലീഗൽ കൺസൾട്ടന്റാണ്

ജനപ്രതിനിധികളുടെ അവകാശങ്ങളും ചുമതലകളും

■ ഗോപകുമാർ എം.

"സ്വാർത്ഥസ്പർശം തെല്ലുമില്ലാത്ത സേവനം തന്നെയാണ് മഹത്തായ മതം"
(ഗാന്ധിജി - ഹരിജൻ - 25.5.1935)

ഗ്രാമസ്വരാജ് എന്ന ഗാന്ധിജിയുടെ മഹത്തായ സ്വപ്നമാണ് ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ അനുച്ഛേദം 40 ആയി രൂപംകൊണ്ടത്. എന്നാൽ അത് മൂർത്തരൂപം പ്രാപിക്കുന്നത് 1992 ലെ ഭരണഘടനയുടെ 72-ാം ഭേദഗതിയിലൂടെയാണ്. അനുഛേദം 40 ലൂടെ ഭരണഘടനാശില്പികൾ മുന്നോട്ടുവെച്ച പഞ്ചായത്തുകളുടെ രൂപീകരണം ആ അർത്ഥത്തിൽ യാഥാർത്ഥ്യമായത് 72-ാം ഭരണഘടനാ ഭേദഗതിയിലൂടെ IX ാം പട്ടിക ഭരണഘടനയിൽ ഉൾപ്പെടുത്തുകയും അനുഛേദം 243 'A' മുതൽ 'O' വരെ പഞ്ചായത്തുകളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കുകയും ചെയ്തതോടെ ഇന്നത്തെ രീതിയിലുള്ള പഞ്ചായത്തുകളുടെ രൂപീകരണത്തിനു വേഗം കൂടി.

കേരളത്തിൽ 72-ാം ഭരണഘടനാഭേദഗതിയുടെ ചുവട് പിടിച്ച് 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം നിയമസഭ പാസ്സാക്കി. അതനുസരിച്ചുള്ള പുതിയ ഭരണസമിതികൾ 1995 ഒക്ടോബർ 2 ന്, രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ നിലവിൽ വന്നു. പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നശേഷമുള്ള 6 ാമത്തെ ഭരണസമിതിയാണ് ഇന്ന് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ളത്. അതായത് പഞ്ചായത്ത് രാജ് നിയമം കാൽ നൂറ്റാണ്ട് പിന്നിട്ടു എന്നർത്ഥം. പഞ്ചായത്തീരാജിനൊപ്പം കേരളത്തിൽ ചുവടുവെച്ച അധികാരവികേന്ദ്രീകരണപ്രക്രിയയും കാൽ നൂറ്റാണ്ട് പിന്നിടുകയാണ് ഈ അവസരത്തിൽ പുതുതായി അധികാരമേറ്റ ജനപ്രതിനിധികൾ അറിയേണ്ട ചില കാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

ഗ്രാമസഭ

ഭരണഘടനയുടെ അനുഛേദം 243 A യിലൂടെ ഗ്രാമസഭ ഭരണഘടനാ പദവി കൈവരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 3 ഗ്രാമസഭയെ കുറിച്ച് പ്രതിപാദിക്കുന്നു. ഒരു വാർഡിലെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേരും അടങ്ങുന്നതാണ് ഗ്രാമസഭ. വാർഡിലെ ജനപ്രതിനിധിയാണ് ഗ്രാമസഭ കൺവീനർ. വർഷത്തിൽ ഏറ്റവും കുറഞ്ഞത് 2 തവണ, പഞ്ചായത്ത് തീരുമാനിക്കുന്ന സ്ഥലത്ത്, ഗ്രാമസഭ കൺവീനർ വിളിച്ചുചേർക്കണം. എന്നാൽ 10% ൽ കുറയാത്ത ഗ്രാമസഭാംഗങ്ങൾ ആവശ്യപ്പെട്ടാൽ കൺവീനർ പ്രത്യേക ഗ്രാമസഭ 15 ദിവസത്തിനുള്ളിൽ വിളിച്ചുചേർക്കേണ്ടതാണ്.

പ്രസിഡന്റ് ആണ് ഗ്രാമസഭാ യോഗത്തിന്റെ അദ്ധ്യക്ഷൻ. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ രണ്ടുപേരുടെയും അഭാവത്തിൽ കൺവീനറോ ആയിരിക്കണം അദ്ധ്യക്ഷൻ. ഏതെങ്കിലും സാഹചര്യത്തിൽ വാർഡ് അംഗത്തിന് കൺവീനറുടെ ചുമതല നിർവഹിക്കാൻ കഴിയാതെ വന്നാൽ പ്രസിഡന്റിന് സമീപ വാർഡിലെ ഒരു ജനപ്രതിനിധിയെ കൺവീനറായി നിയമിക്കാവുന്നതാണ്. ഗ്രാമസഭയുടെ ക്വാറം ആകെ അംഗങ്ങളുടെ 10% ആണ്. എന്നാൽ ക്വാറം തികയാത്തതിനാൽ മാറ്റിവെക്കപ്പെട്ട ഗ്രാമസഭയുടെ തുടർന്നുള്ള ക്വാറം 50 ആണ്. പഞ്ചായത്ത് നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്റർ ആയിരിക്കും. അദ്ദേഹം ഗ്രാമസഭ നടത്തിപ്പിനും മിനിറ്റ്സ് രേഖപ്പെടുത്താനും കൺവീനറെ സഹായിക്കുകയും മറ്റ് തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യും.

പഞ്ചായത്ത് യോഗം

പഞ്ചായത്ത് യോഗനടപടികളെക്കുറിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 161 ലും അതിന് അനുബന്ധമായി 1995 ലെ കേരള പഞ്ചായത്ത് രാജ് (യോഗനടപടിക്രമം) ചട്ടങ്ങളിലും ആണ് പ്രതിപാദിക്കുന്നത്.

യോഗസ്ഥലം, സമയം

പഞ്ചായത്ത് ഓഫീസിൽ വെച്ച് കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണം. അടിയന്തിരസാഹചര്യങ്ങളിലൊഴികെ രാവിലെ 9 മണിക്കു മുൻപും വൈകുന്നേരം 6 മണിക്കു ശേഷവും യോഗം ചേരാൻ പാടില്ല. പൊതു അവധി ദിവസങ്ങളിൽ യോഗം ചേരാൻ പാടില്ല.

യോഗനോട്ടീസ്

യോഗം നടക്കുന്ന തീയതിയ്ക്ക് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കു മുൻപ് യോഗസ്ഥലം, തീയതി, സമയം, ചർച്ച ചെയ്യുന്ന വിഷയം എന്നിവ സൂചിപ്പിക്കുന്ന നോട്ടീസ് നൽകണം. മൂന്നുപൂർണ്ണദിവസങ്ങളിൽ അവധിദിവസങ്ങൾ ഉൾപ്പെടും. എന്നാൽ നോട്ടീസ് നൽകുന്ന തീയതിയും യോഗതീയതിയും ഉൾപ്പെടുകയില്ല. എന്നാൽ അടിയന്തിര തീരുമാനം എടുക്കേണ്ടിവരുന്ന സന്ദർഭത്തിൽ 24 മണിക്കൂറിൽ കുറയാത്ത സമയത്തിനുള്ളിൽ നോട്ടീസ് നൽകി പ്രത്യേകയോഗം വിളിക്കാവുന്നതാണ്. പ്രത്യേകയോഗത്തിൽ പ്രത്യേക വിഷയം മാത്രമേ പരിഗണിക്കാൻ പാടുള്ളൂ.

യോഗം ചേരാൻ അംഗങ്ങൾക്ക് ആവശ്യപ്പെടാം

ചട്ടം 6 അനുസരിച്ച് ആകെയുള്ളതിന്റെ 1/3 അംഗങ്ങൾ യോഗം വിളിക്കാൻ രേഖാമൂലം ആവശ്യപ്പെട്ടാൽ, അങ്ങനെയുള്ള നോട്ടീസ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രസിഡന്റ് പ്രത്യേകയോഗം വിളിച്ച് ചേർക്കേണ്ടതാണ്. പ്രത്യേകയോഗം വിളിക്കാൻ ആവശ്യപ്പെട്ടുള്ള നോട്ടീസിന്റെ പകർപ്പ് സെക്രട്ടറിക്കും നൽകണം. 10 ദിവസത്തിനുള്ളിൽ പ്രസിഡന്റ് പ്രത്യേക യോഗം വിളിച്ചുചേർക്കാത്ത പക്ഷം, യോഗം വിളിച്ചുചേർക്കാൻ ആവശ്യപ്പെട്ട അംഗങ്ങൾക്ക്, മറ്റ് അംഗങ്ങൾക്കു നോട്ടീസ് നൽകി, സെക്രട്ടറിയെയും വിവരം അറിയിച്ചശേഷം പ്രത്യേകയോഗം കൂടാവുന്നതാണ്. ആ യോഗത്തിൽ മറ്റ് വിഷയങ്ങൾ പരിഗണിക്കാൻ പാടില്ല.

യോഗത്തിന്റെ ക്വാറം

ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ 1/3 ആണ് ക്വാറം.

അദ്ധ്യക്ഷൻ

യോഗത്തിന്റെ അദ്ധ്യക്ഷൻ പ്രസിഡന്റായിരിക്കും. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനാകും. പ്രസിഡന്റിന്റെയോ വൈസ് പ്രസിഡന്റിന്റെയോ അസാന്നിധ്യത്തിൽ അപ്പോൾ ഹാജരുള്ള അംഗങ്ങളിൽ നിന്ന് ഭൂരിപക്ഷാഭിപ്രായത്തിൽ തിരഞ്ഞെടുക്കുന്ന ഒരംഗം ആദ്ധ്യക്ഷ്യം വഹിക്കും.

തീരുമാനം റദ്ദ് ചെയ്യൽ/ ഭേദഗതി വരുത്തൽ

ഒരു തീരുമാനം പാസാക്കി 3 മാസത്തിനുള്ളിൽ വിളിച്ചുചേർക്കുന്ന പ്രത്യേകയോഗത്തിലൂടെ അല്ലാതെ ആ തീരുമാനം റദ്ദ് ചെയ്യാനോ ഭേദഗതി ചെയ്യാനോ പാടില്ല. അത്തരത്തിൽ റദ്ദാക്കൽ/ഭേദഗതി ചെയ്യുന്നതിന് $^2/_3$ ഭൂരിപക്ഷം ആവശ്യമാണ്.

എന്നാൽ പാസാക്കിയ ഒരു തീരുമാനം നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമോ ജനങ്ങളുടെ സുരക്ഷയ്ക്കും ജീവനും ഭീഷണിയാകുന്നതോ ആണെങ്കിൽ ആകെ അംഗങ്ങളുടെ പകുതിയിൽ കൂടുതൽ അംഗങ്ങളുടെ അംഗീകാരത്തോടെ ഏത് സമയത്തും അത്തരം തീരുമാനം റദ്ദ്ചെയ്യാനോ ഭേദഗതി ചെയ്യാനോ കഴിയും.

ചോദ്യങ്ങൾ ഉന്നയിക്കൽ

ചട്ടം 12 അംഗങ്ങൾക്ക് പ്രസിഡന്റിനോടോ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാരോടോ ചോദ്യങ്ങൾ ഉന്നയിക്കുന്നതിനെ സംബന്ധിച്ച് വിശദമാക്കുന്നു. അത്തരത്തിൽ ചോദ്യം ഉന്നയിക്കുന്നതിന് അംഗം 7 പൂർണ്ണ ദിവസം മുമ്പ് ബന്ധപ്പെട്ടവർക്ക് ഉന്നയിക്കുന്ന ചോദ്യം സംബന്ധിച്ച നോട്ടീസ് നൽകണം. ചോദ്യം പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ളതായിരിക്കണം. കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയമാകരുത്.

ഉത്തരം ലഭിച്ചിട്ടുള്ള ഒരു ചോദ്യത്തിന് വ്യക്തത വരുത്തുന്നതിനായി ഉപചോദ്യങ്ങളാകാം.

പ്രമേയം അവതരിപ്പിക്കൽ

ഒരംഗം ഒരു പ്രമേയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് സംബന്ധിച്ച നോട്ടീസ് പ്രമേയത്തിന്റെ പകർപ്പ് സഹിതം 7 പൂർണ്ണദിവസങ്ങൾക്കു മുൻപ് പ്രസിഡന്റിനു നൽകണം. ഒരംഗത്തിന് ഒരു യോഗത്തിൽ ഒരു പ്രമേയം മാത്രമേ അവതരിപ്പിക്കാൻ കഴിയൂ. പ്രമേയം പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉള്ള വിഷയം

ഒരംഗം ഒരു പ്രമേയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് സംബന്ധിച്ച നോട്ടീസ് പ്രമേയത്തിന്റെ പകർപ്പ് സഹിതം 7 പൂർണ്ണദിവസങ്ങൾക്കു മുൻപ് പ്രസിഡന്റിനു നൽകണം. ഒരംഗത്തിന് ഒരു യോഗത്തിൽ ഒരു പ്രമേയം മാത്രമേ അവതരിപ്പിക്കാൻ കഴിയൂ. പ്രമേയം പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉള്ള വിഷയം സംബന്ധിച്ചായിരിക്കണം. പഞ്ചായത്ത് ചർച്ച ചെയ്തു തള്ളിയ ഒരു പ്രമേയം 6 മാസം കഴിയാതെ വീണ്ടും അവതരിപ്പിക്കാൻ കഴിയില്ല.

സംബന്ധിച്ചായിരിക്കണം. പഞ്ചായത്ത് ചർച്ച ചെയ്തു തള്ളിയ ഒരു പ്രമേയം 6 മാസം കഴിയാതെ വീണ്ടും അവതരിപ്പിക്കാൻ കഴിയില്ല. യോഗത്തിൽ പ്രമേയം അവതരിപ്പിക്കാനുള്ള സമയം അരമണിക്കൂറിൽ കൂടാൻ പാടില്ല.

യോഗനടപടികൾ രേഖപ്പെടുത്തൽ

സെക്രട്ടറി എല്ലാ യോഗത്തിലും ഹാജരാകണം. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ യോഗത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നാൽ മറ്റൊരു ഉദ്യോഗസ്ഥനെ ഇതിനായി സെക്രട്ടറി ചുമതല ഉൾപ്പെടുത്തണം.

ഒരു തീരുമാന രജിസ്റ്ററും മിനിറ്റ്സ് ബുക്കും ഉണ്ടായിരിക്കണം. (നിലവിൽ സകർമ്മ സോഫ്റ്റ് വെയറിൽ ആണ് യോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നത് എന്നതിനാൽ മാന്വൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല) സെക്രട്ടറി തീരുമാന രജിസ്റ്ററും മിനിറ്റ്സും രേഖപ്പെടുത്തും. (നിലവിൽ സകർമ്മയിൽ)

യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ തീരുമാനങ്ങളുടെയും പ്രമേയത്തിന്റെയും ഒരു കോപ്പി സെക്രട്ടറി അംഗങ്ങൾക്കു നൽകിയിരിക്കണം.

യോഗം കഴിഞ്ഞ് 3 ദിവസത്തിനുള്ളിൽ സെക്രട്ടറി യോഗനടപടികളെക്കുറിച്ചുള്ള കരട് മിനിറ്റ്സ് തയ്യാറാക്കി അദ്ധ്യക്ഷനു അംഗീകാരത്തിനായി നൽകണം.

അദ്ധ്യക്ഷൻ കരട് മിനിറ്റ്സ് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ അത് പരിശോധിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തി സെക്രട്ടറിക്ക് തിരിച്ചുനൽകണം. സെക്രട്ടറി ആയത് ഉടൻതന്നെ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയശേഷം പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം. നിലവിൽ ഇവയെല്ലാം സകർമ്മയിൽ ചെയ്തു വരുന്നു.

യോഗങ്ങളിൽ നിന്ന് വേറിട്ടു നിൽക്കൽ (അവധി)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 35 K അനുസരിച്ച് തുടർച്ചയായി 3 മാസക്കാലം പഞ്ചായത്തിന്റെ അനുവാദം ഇല്ലാതെ പഞ്ചായത്തിന്റെയോ അല്ലെങ്കിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ മേൽപറഞ്ഞ 3 മാസക്കാലത്തിനുള്ളിൽ പഞ്ചായത്തിന്റെയോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ മൂന്നിൽ കുറവ് മാത്രം

യോഗം കൂടിയിട്ടുള്ള പക്ഷം തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്ക കയോ ചെയ്താൽ അത് അംഗത്തിന് അയോഗ്യത കൈവരാനുള്ള കാരണമാകും.

എന്നാൽ യോഗത്തെക്കുറിച്ച് അംഗത്തിന് യഥാവിധി നോട്ടീസ് നൽകാതിരിക്ക കയോ നിർണ്ണയിക്കപ്പെട്ടതിനെക്കാൾ ചുരുങ്ങിയ കാലത്തെ നോട്ടീസ് നൽകിയ ശേഷം യോഗം നടത്തുകയോ ചെയ്താൽ അത്തരം യോഗങ്ങളിലെ ഹാജരില്ലായ്മ അംഗത്തിനെതിരായി ഉപയോഗിക്കാൻ കഴിയില്ല.

പഞ്ചായത്ത് യാതൊരു കാരണവശാലും തുടർച്ചയായി ആറുമാസത്തിൽ കൂടുതൽ കാലയളവിലേക്ക് പഞ്ചായത്തിന്റെയോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരു അംഗത്തിന് അനുവാദം നൽകാൻ പാടില്ല.

ഹോണറേറിയവും ബത്തകളും

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 160 അനുസരിച്ചും 1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഹോണറേറിയവും ബത്തകളും) ചട്ടങ്ങൾ അനുസരിച്ചുമാണ് അംഗങ്ങൾക്കും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കുമുള്ള ഹോണറേറിയവും ബത്തകളും നൽകുന്നത്. അതിൻപ്രകാരം നിലവിലുള്ള പ്രതിമാസ ഹോണറേറിയം സംബന്ധിച്ച വിവരം ചേർക്കുന്നു. (പട്ടിക - 1)

പട്ടിക 1

തലം	പ്രസിഡന്റ്	വൈസ് പ്രസിഡന്റ്	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	അംഗങ്ങൾ
ഗ്രാമ പഞ്ചായത്ത്	13200	10600	8200	7000
ബ്ലോക്ക് പഞ്ചായത്ത്	14600	12000	8800	7600
ജില്ലാ പഞ്ചായത്ത്	15800	13200	9400	8800

ജനപ്രതിനിധികൾക്ക് ഗവൺമെന്റ് ഉൾപ്പെടെ മറ്റ് സ്രോതസ്സുകളിൽ നിന്ന് വരുമാനം ഉണ്ടായിരുന്നാലും ഹോണറേറിയത്തിന് അർഹതയുണ്ട്. എന്നാൽ അവധിയിലായിരുന്ന അംഗത്തിന് ആ കാലയളവിൽ ഹോണറേറിയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഏതെങ്കിലും സാഹചര്യത്തിൽ പ്രസിഡന്റിന്റെ ചുമതല മറ്റൊരംഗം വഹിച്ചാൽ ആ അംഗത്തിന് പ്രസിഡന്റിന് അർഹതപ്പെട്ട ഹോണറേറിയത്തിന് അർഹതയുണ്ട്.

ഹാജർബത്ത

ഹോണറേറിയത്തിന് പുറമേ ജനപ്രതിനിധികൾക്ക് പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ സംബന്ധിക്കുന്നതിന് ഹാജർബത്തയും ലഭിക്കും. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ എന്നിവർക്ക് ഒരു യോഗത്തിന് 250/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 1250/- രൂപയും അംഗങ്ങൾക്ക് ഒരു യോഗത്തിന് 200/- രൂപനിരക്കിൽ ഒരു മാസം പരമാവധി 1000/-രൂപയും ലഭിക്കും.

യാത്രപ്പടിയും ദിനബത്തയും

പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കും പൊതുകാര്യത്തിനായി യാത്ര ചെയ്യുമ്പോൾ കേരള സർവ്വീസ് ചട്ടങ്ങളിലെ അതാത് സമയങ്ങളിലുള്ള വ്യവസ്ഥകൾ അനുസരിച്ച് 1-ാം ക്ലാസ് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രപ്പടിയും ദിനബത്തയും അർഹതയുണ്ട്.

അംഗങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി നടത്തിയ ജില്ലാ ആസ്ഥാനത്തേക്കോ ബ്ലോക്ക് ആസ്ഥാനത്തേക്കോ ഉള്ള യാത്രകൾക്കും പഞ്ചായത്ത് യോഗങ്ങളിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം പാസ്സാക്കി പ്രമേയം മൂലം അംഗീകരിച്ചിട്ടുള്ള പഞ്ചായത്ത് കാര്യങ്ങൾക്ക് വേണ്ടിയുള്ള യാത്രകൾക്കും അതാത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് II (A) ക്ലാസ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രപ്പടിയും ദിനബത്തയും അർഹതയുണ്ട്. യാത്രപ്പടി കേരള സർവ്വീസ് ചട്ടപ്രകാരം നിജപ്പെടുത്തിയിട്ടുള്ളതും സർക്കാർ അനുശാസിക്കുന്ന മാസ/ത്രൈമാസ പരിധി ബാധകമായിട്ടുള്ളതുമാണ്.

ഓരോ പ്രതിനിധിയുടെയും യാത്രപ്പടി ബില്ലുകൾ പ്രസിഡന്റ് സൂക്ഷ്മപരിശോധന നടത്തി പാസാക്കിയ ശേഷം മാത്രമേ തുക നൽകാൻ പാടുള്ളൂ.

സർക്കാരിന്റെ അനുവാദം നൽകാതെ ജനപ്രതിനിധികൾ സംസ്ഥാനത്തിന് പുറത്തേക്ക് യാത്ര നടത്തിയാൽ അത്തരം യാത്രകൾക്ക് യാത്രപ്പടി ലഭിക്കാൻ അർഹതയില്ല.

ജീവനക്കാരായ ജനപ്രതിനിധികൾക്കുള്ള പ്രത്യേക അവധി വ്യവസ്ഥകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരായ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഒരു വിദ്യാഭ്യാസവർഷം 20 ദിവസത്തെ ഡ്യൂട്ടി ലീവിനും മറ്റ് അംഗങ്ങൾക്ക് 15 ദിവസത്തെ ഡ്യൂട്ടി ലീവിനും അർഹതയുണ്ട്. അദ്ധ്യക്ഷനായി തുടരുന്ന കാലത്തേക്ക് ശമ്പളമില്ലാതെ സ്പെഷ്യൽ ലീവെടുക്കാം [KER Chapter XIV A, Rule 56 (5) (6) (7) &Chapter XXIV A Rule 8A.]

സ്വകാര്യ കോളേജിലെ അനധ്യാപകരായ പഞ്ചായത്ത് അംഗങ്ങൾക്ക് 12 ദിവസത്തെയും അധ്യാപകരായ അംഗങ്ങൾക്ക് 10 ദിവസത്തെയും ഡ്യൂട്ടി ലീവിന് അർഹതയുണ്ട്. (GO(Rt) No. 1501/89/LAD Dt. 20.04.1989).

അംഗൻവാടി ജീവനക്കാർക്ക് 15 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവിനും അദ്ധ്യക്ഷനായി തുടരുന്ന കാലത്തേയ്ക്ക് ശമ്പളമില്ലാത്ത സ്പെഷ്യൽ ലീവിനും അർഹതയുണ്ട് (GO(Ms) No.81/2015/STD Dt. 30/12/2015).

സഹകരണ സ്ഥാപനത്തിലെ പഞ്ചായത്ത് അംഗങ്ങളായ ജീവനക്കാർക്ക് 12 ദിവസത്തെ ഡ്യൂട്ടി ലീവിന് അർഹതയുണ്ട്. (GO (Rt.) 1501/89/LAD Dt. 20.04.1989). അദ്ധ്യക്ഷനായി തുടരുന്ന കാലത്തേയ്ക്ക് ശമ്പളമില്ലാതെ സ്പെഷ്യൽ ലീവ് എടുക്കാം. (GO(MS)No.142/1999/സഹ Dt. 28.09.1999).

ആശാവർക്കർക്ക് മുഴുവൻ സമയ ജോലി അല്ലാത്തതിനാൽ അവധിയുടെ ആവശ്യം വരുന്നില്ല. ആരോഗ്യവകുപ്പ് ഏൽപ്പിക്കുന്ന ചുമതലകൾ തടസം കൂടാതെ നിർവഹിച്ചാൽ മതിയാകും. □

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ടാണ്.

ഇന്ത്യയിലെ അധഃകൃത സമൂഹത്തിന്റെ നവോത്ഥാന നായകനായാണ് അംബേദ്കറെ വിലയിരുത്തപ്പെടേണ്ടത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ 'അരികുരാഷ്ട്രീയ'ത്തെക്കുറിച്ച് അദ്ദേഹം ആശങ്കാകുലനായിരുന്നു. ജാതിവ്യവസ്ഥ ഇന്ത്യൻ സാമൂഹികക്രമത്തിൽ ഏറെ പ്രബലമായ ഘടകമാണെന്ന് അംബേദ്കർ കണ്ടെത്തി. ഇതിന്റെ ഫലമായി ഇന്ത്യയിൽ രാഷ്ട്രീയ സംവിധാനവും സാമൂഹിക സംവിധാനവും തമ്മിൽ പ്രകടമായ ഒരു വൈവിധ്യം നിലനിൽക്കുന്നു. സാമൂഹിക ക്രമവും രാഷ്ട്രീയ സംവിധാനവും തമ്മിലുള്ള ഈ വൈരുദ്ധ്യത്തെ അടയാളപ്പെടുത്താനാണ് സാമൂഹിക ജനാധിപത്യം (Social democracy) എന്ന ആശയം അംബേദ്കർ മുന്നോട്ടുവെച്ചത്.

ഇന്ത്യൻ ജനാധിപത്യവും ജാതിവ്യവസ്ഥയും അംബേദ്കറുടെ വീക്ഷണത്തിൽ

■ ഡോ. സാബു തോമസ്

ലോകത്ത് ഏറ്റവും കൂടുതൽ അംഗീകാരം നേടിയ രാഷ്ട്രീയ വ്യവസ്ഥിതിയാണ് ജനാധിപത്യം. ഒരു രാഷ്ട്രീയ വ്യവസ്ഥിതി എന്നതിനപ്പുറം ഒരു സാമൂഹികക്രമമായി തന്നെ ജനാധിപത്യം വളർന്നുകഴിഞ്ഞു. എല്ലാവർക്കും തുല്യ അവകാശങ്ങളും തുല്യഅവസരങ്ങളും സംജാതമാകുക എന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന ലക്ഷ്യം. സാമൂഹികനീതി എന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയാണ്. എന്നാൽ മിക്കയിടങ്ങളിലും ജനാധിപത്യം കേവല രാഷ്ട്രീയ വ്യവസ്ഥയും ഭരണസംവിധാനവും മാത്രമായി പരിണമിച്ചിരിക്കുന്നു. ലോകത്തിലെ ഏറ്റവും പ്രബലമായ ജനാധിപത്യ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 2019-ൽ പതിനേഴാം ലോകസഭയിലേക്ക് നടന്ന പൊതുതിരഞ്ഞെടുപ്പിൽ ഇന്ത്യയിലെ 60 കോടിയിലേറെ വോട്ടർമാരാണ് സമ്മതിദാനം വിനിയോഗിച്ചത്. ജനപ്ര



മഹാത്മാഗാന്ധി

തിനിധികളുടെ എണ്ണത്തിന്റെ കാര്യത്തിലും ഇന്ത്യ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ തന്നെയാണ്. ജനകീയ പങ്കാളിത്തത്തിന്റെയും പൗരസ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ഇന്ത്യൻ ജനാധിപത്യ മാതൃക ആഗോളതലത്തിൽ തന്നെ സമ്മതി നേടിയിരിക്കുന്നു.

എന്നാൽ ഒരു ഭരണസംവിധാനം എന്നതിനപ്പുറം സാമൂഹികക്രമം എന്നനിലയിൽ ഇന്ത്യൻ ജനാധിപത്യത്തെ വിലയിരുത്താൻ ശ്രമിക്കുമ്പോൾ ജനാധിപത്യത്തിന്റെ 'വാർപ്പ് മാതൃക'കൾ നൽകുന്ന അപായ സൂചനകളും പരിഗണിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ജനാധിപത്യത്തെ വിശകലനം ചെയ്ത മഹാരഥന്മാരിൽ മുൻപന്തിയിലാണ് ഡോ. ബി.ആർ. അംബേദ്കർ.

ഇന്ത്യയിലെ അധ:കൃത സമൂഹത്തിന്റെ നവോത്ഥാന നായകനായാണ് അംബേദ്കറെവിലയിരുത്തപ്പെടേണ്ടത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ 'അരികുരാഷ്ട്രീയ'ത്തെക്കുറിച്ച് അദ്ദേഹം ആശങ്കാകുലനായിരുന്നു. ജാതിവ്യവസ്ഥ ഇന്ത്യൻ സാമൂഹികക്രമത്തിൽ ഏറെ പ്രബലമായ ഘടകമാണെന്ന് അംബേദ്കർ കണ്ടെത്തി. ഇതിന്റെ ഫലമായി ഇന്ത്യയിൽ രാഷ്ട്രീയ സംവിധാനവും സാമൂഹിക സംവിധാനവും തമ്മിൽ പ്രകടമായ ഒരു വൈവിധ്യം നിലനിൽക്കുന്നു. വാസ്തവത്തിൽ രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി നിർമ്മിതമായ ജാതിവ്യവസ്ഥ രാഷ്ട്രീയ സംവിധാനങ്ങളിൽ ഉൾച്ചേർക്കാൻ ഭരണകർത്താക്കൾ പരാജയപ്പെട്ടു. ഇക്കാര്യം 1930-ലെ ഒന്നാം വട്ടമേശ സമ്മേളനത്തിൽ അംബേദ്കർ എടുത്തു കാട്ടിയിരുന്നു. എന്നാൽ പിന്നീട് ഇന്ത്യൻ ദേശീയപ്രസ്ഥാനവും ഈ വൈരുദ്ധ്യം അംഗീകരിക്കാൻ മടിച്ചു. സാമൂഹിക ക്രമവും രാഷ്ട്രീയ സംവിധാ നവും തമ്മിലുള്ള ഈ വൈരുദ്ധ്യത്തെ അടയാളപ്പെടുത്താനാണ് സാമൂഹിക ജനാധിപത്യം (Social democracy)എന്ന ആശയം അംബേദ്കർ മുന്നോട്ടുവെച്ചത്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ രാഷ്ട്രീയക്രമമാണ് സാമൂഹിക ജനാധിപത്യം വിഭാവനം ചെയ്യുന്നത്.

സാമൂഹികവും സാമ്പത്തികവുമായ തുല്യത ഉറപ്പുവരുത്താതെ രാഷ്ട്രീയ തുല്യത നടപ്പാക്കുക എന്നത് ജനാധിപത്യത്തിന്റെ മൗലിക ആശയങ്ങൾക്ക് വിരുദ്ധമാണ്. ഫ്രഞ്ചുവിപ്ലവകാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട സാമൂഹിക ജനാധിപത്യത്തിന്റെ മൂല്യങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിലും ഉൾച്ചേർക്കാൻ ഭരണഘടനാ നിർമ്മാണ വേളയിൽ



അംബേദ്കർ ശ്രമിച്ചിരുന്നു. ഭരണഘടനയുടെ ആമുഖത്തിലും നിർദ്ദേശകതത്വങ്ങളിലും വിഭാവനം ചെയ്യുന്നത് ഇത്തരമൊരു സാമൂഹിക നീതിയിലധിഷ്ഠിതമായ രാഷ്ട്രീയക്രമമാണ്. എന്നാൽ ഭരണഘടന വിഭാവനം ചെയ്ത സാമൂഹിക ജനാധിപത്യത്തിന്റെ മൂല്യങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അനുഭവവേദ്യമാകുന്നത് ഏറെദുഷ്കരമായ കർത്തവ്യം തന്നെയായിരുന്നു എന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

വാസ്തവത്തിൽ ജനാധിപത്യത്തിൽ 'ഭൂരിപക്ഷ ആധിപത്യത്തിന്റെ' അപകടസാധ്യതയെക്കുറിച്ച് അംബേദ്കർ ഏറെ ബോധവാനായിരുന്നു. അതുകൊണ്ടാണ് ജനാധിപത്യം സഹവർത്തിത്വത്തിന്റെ ജീവിതക്രമമായിരിക്കണമെന്ന് അദ്ദേഹംഅഭിപ്രായപ്പെട്ടത്. ജനാധിപത്യം നൽകുന്ന അവകാശങ്ങളും അധികാരങ്ങളും അവസരങ്ങളും എല്ലാവർക്കും തുല്യമായി ലഭ്യമാകണമെങ്കിൽ ജാതിവ്യവസ്ഥ സൃഷ്ടിച്ച സാമൂഹിക അകലങ്ങൾ ഭേദിച്ചേ തീരൂ. ജാതിവ്യവസ്ഥയുടെ ഉന്മൂലനം (Annihilation of Caste) എന്ന തന്റെ പ്രശസ്തമായ കൃതിയിൽ അംബേദ്കർ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ജാതീയമായവിവേചനങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യത്തിന് അർഹത നേടുന്നില്ലെന്ന് അംബേദ്കർ അഭിപ്രായപ്പെടുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ കാര്യത്തിലും ഇത്തരം ഒരു മുൻകരുതൽ അനിവാര്യമാണെന്ന് അദ്ദേഹം വാദിച്ചു. മഹാത്മാഗാന്ധി വിവരിച്ച 'വരിയിലെ അവസാന മനുഷ്യനെ' ശാക്തീകരിക്കാത്തിടത്തോളം കാലം പാർലമെന്ററി ജനാധിപത്യം കേവലം പ്രകടനപരത മാത്രമായി അവശേഷിക്കും.

സാമൂഹിക ജനാധിപത്യം ജനാധിപത്യത്തിന്റെ പൂർണ്ണതയായി പരിഗണിച്ചെങ്കിൽ മാത്രമേ സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങൾക്ക് ജനാധിപത്യത്തിന്റെ മധുരം നുകരാനാകൂ. ജാതിവ്യവസ്ഥയുടെ ചട്ടക്കൂടിൽ നിർമ്മിക്കപ്പെട്ട ഭരണക്രമങ്ങൾ ജനാധിപത്യവൽക്കരണത്തിന്റെ സാധ്യതകൾ ഇല്ലാതാക്കുന്നു. അതുകൊണ്ട് ഭരണവ്യവസ്ഥകളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും സാമൂഹിക ഇടപെടലിലൂടെയും സാമൂഹികജനാധിപത്യം ഉറപ്പാക്കുമ്പോഴാണ് ജനാധിപത്യം പൂർണ്ണമായും വിജയിക്കുന്നത്.

ലേഖകൻ തലശ്ശേരി ബ്രണ്ണൻ കോളേജിൽ
രാഷ്ട്രമീമാംസ വിഭാഗം
അസിസ്റ്റന്റ് പ്രൊഫസ്സറാണ്

ജൈവവൈവിധ്യ സംരക്ഷണവും മഹാമാരികളും

■ **ജി.കെ. സുനിൽ**

ലോകം ഇന്ന് നേരിടുന്നത് ആറാമത്തെ കൂട്ടവംശനാശം ആണ്. ഒരു മില്യൺ സസ്യങ്ങളും ജീവവർഗ്ഗങ്ങളും വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്നു. കരഭൂമിയുടെയും കടലിന്റെയും ഉപയോഗത്തിലുള്ള വ്യത്യാസം, വന്യജീവികളുടെയും വനവിഭവങ്ങളുടെയും അമിതചൂഷണം, മലിനീകരണം, കാലാവസ്ഥ വ്യതിയാനം, അപരിചിതജീവിവർഗ്ഗങ്ങളുടെ ആവിർഭാവം എന്നിവയാണ് ഇതിന് കാരണം.

കൊവിഡ്-19 ഒരു ആരോഗ്യപ്രശ്നത്തെക്കാളുപരി ഒരു അന്താരാഷ്ട്ര പ്രതിസന്ധിയായി മാറിക്കഴിഞ്ഞു. ഇത് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലയിലും സമാനതകളില്ലാത്ത ദുരന്തങ്ങളാണ് വിതച്ചത്. സമ്പന്ന രാജ്യങ്ങളും ദരിദ്രരാജ്യങ്ങളും ഒരു പോലെ നിശ്ചലമായി. ഒരു രാജ്യത്തെ പ്രതിസന്ധി മറ്റുള്ള രാജ്യങ്ങളിലും പ്രതിഫലിച്ചു. ലോകം ഒരേ മനസ്സോടെ ഒത്തു ചേർന്ന് മുന്നേറാൻ ഈ സാഹചര്യം പ്രചോദനമായി. കൊവിഡ്-19 ലോകമെങ്ങുമുള്ള രാജ്യങ്ങളെ സാമ്പത്തികമായി ബാധിച്ചു. അത് വിവിധ ജനവിഭാഗങ്ങളെ ദുരിതത്തിലാക്കുകയും ജീവനോപാധികളുടെ ലഭ്യത തടസ്സപ്പെടുത്തുകയും ഇതുമൂലം ദുർബ്ബലജനവിഭാഗങ്ങൾ ആഹാരത്തിനായും പണത്തിനായും പ്രാദേശികമായി ലഭ്യമാകുന്ന ജൈവസ്രോതസ്സുകളെ കൂടുതലായി ആശ്രയിക്കേണ്ടിയും വന്നു. ഇതു ജൈവവൈവിധ്യത്തിന്റെ നാശത്തിന് ഒരു പരിധി വരെ ആക്കം കൂട്ടുകയും ചെയ്തു. ജൈവവൈവിധ്യത്തിലുണ്ടാകുന്ന നാശം വീണ്ടും നമ്മുടെ ആവാസവ്യവസ്ഥയെ അസന്തുലിതമാക്കുകയും ജന്തുജന്യരോഗങ്ങൾക്ക് വഴി തെളിക്കുകയും ചെയ്യുന്നു.

മഹാമാരികൾ മൂലമുണ്ടാകുന്ന സാമ്പത്തികമാന്ദ്യം കാരണം സർക്കാരുകളുടെ ബജറ്റുകളിൽ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നീക്കിവെയ്പ്പ് കുറയുകയും അത് ആരോഗ്യമേഖലയിലേക്കും മറ്റും മാറ്റപ്പെടുകയും ചെയ്യുന്നു. വികസ്വരരാജ്യങ്ങളിലാണ് ഈ പ്രവണത കൂടുതലായും കാണുന്നത്. മാത്രമല്ല ഇവർ സാമ്പത്തികമായ അഭിവൃദ്ധിക്ക് വേണ്ടി ജൈവസ്രോതസ്സുകളെ ചൂഷണം ചെയ്യാൻ നിയമങ്ങളിൽ പോലും ഇളവു ചെയ്യാറുണ്ട്. നിലനിൽപ്പിനായി മനുഷ്യർ ജൈവവൈവിധ്യത്തെ കൂടുതൽ ചൂഷണം ചെയ്യുന്നു. വനങ്ങൾക്കു സമീപം ജീവിക്കുന്നവർ മുൻപത്തെക്കാൾ കൂടുതൽ മൃഗങ്ങളെ വേട്ടയാടുകയും അപൂർവസസ്യങ്ങളെ ഉപയോഗിക്കുകയും ചെയ്യും. ജൈവവൈവിധ്യം പ്രകൃതിയുടെ സന്തുലിതാവ

സ്ഥയെ ഗണ്യമായി സ്വാധീനിക്കുന്നു. പ്രകൃതിയുടെ അടിസ്ഥാനപ്രമാണം തന്നെ ജീവികളെയും സസ്യങ്ങളെയും അന്യംനിന്ന് പോകാതെ സംരക്ഷിക്കുക എന്നതാണ്. ഇതിനു വിരുദ്ധമായി മനുഷ്യർ പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതം ചില ജീവികൾക്ക് അതിജീവനം അസാധ്യമാക്കുകയും അത് മൂലം അവയുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് രോഗാണുവാഹകരായ ജീവികൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കുന്ന തരത്തിൽ ജൈവവൈവിധ്യം പുനഃക്രമീകരിക്കപ്പെടുകയും ചെയ്യും. പ്രകൃതിയോടിണങ്ങിയുള്ള ജീവിതശൈലിയും വികസനനയവും പാലിച്ചു പോന്നെങ്കിൽ മാത്രമേ മാനവരാശിക്ക് നിലനിൽപ്പുള്ളൂ എന്ന തിരിച്ചറിവ് ഉണ്ടാകണം.

കൊവിഡ്-19 മഹാമാരി ലോകമെങ്ങും വ്യാപകമായ നാശനഷ്ടങ്ങളാണ് വരുത്തിയത്. ലക്ഷക്കണക്കിന് മനുഷ്യജീവനുകൾ നഷ്ടപ്പെട്ടു. ലോകമെങ്ങും സാമ്പത്തികരംഗത്ത് നികത്താനാവാത്ത നഷ്ടങ്ങൾ ഉണ്ടായി. നാളിതുവരെയുള്ള മരണങ്ങളുടെ എണ്ണം 27.22 ലക്ഷം ആണ് (മാർച്ച് 21 വരെയുള്ള കണക്കനുസരിച്ച്). 1930 കളിലെ സാമ്പത്തികമാന്ദ്യത്തിനു ശേഷം സാമ്പത്തികരംഗത്ത് ഇത്രയേറെ ആഘാതമുണ്ടായ കാലം വേറെയില്ല. ഇതോടൊപ്പം ജൈവവൈവിധ്യസംരക്ഷണവും കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുന്ന നടപടികളും ഉൾപ്പെട്ട പ്രത്യേക വ്യവസ്ഥകൾ ലോകമെങ്ങും സ്വീകരിക്കേണ്ട സമയമായിരിക്കുന്നു. ലോകം ഇന്ന് നേരിടുന്നത് ആറാമത്തെ കൂട്ടവംശനാശം ആണ്. ഒരു മില്യൺ സസ്യങ്ങളും ജീവവർഗ്ഗങ്ങളും വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്നു. കരഭൂമിയുടെയും കടലിന്റെയും ഉപയോഗത്തിലുള്ള വ്യത്യാസം, വന്യജീവികളുടെയും വനവിഭവങ്ങളുടെയും അമിതചൂഷണം, മലിനീകരണം, കാലാവസ്ഥ വ്യതിയാനം, അപരിചിതജീവിവർഗ്ഗങ്ങളുടെ ആവിർഭാവം എന്നിവയാണ് ഇതിന് കാരണം. സാമ്പത്തികമാന്ദ്യം മൂലം വരും കാലങ്ങളിൽ ജീവനോപാധികൾക്കായി മനുഷ്യൻ ജൈവവൈവിധ്യത്തെ കൂടുതൽ ചൂഷണം ചെയ്യാൻ സാധ്യത ഏറെയാണ്. ഇതു വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ജീവികൾക്ക് ഭീഷണിയായി ഭവിക്കാം.

വികസ്വര രാജ്യങ്ങൾ സാമ്പത്തികമായ അഭിവൃദ്ധിക്ക് വേണ്ടി ജൈവസ്രോതസ്സുകളെ ചൂഷണം ചെയ്യാൻ നിയമങ്ങളിൽ പോലും ഇളവു ചെയ്യാറുണ്ട്. ലോകത്തെ ഏറ്റവും വലിയ മഴക്കാടുകളായ ആമസോൺ മഴക്കാടുകൾ ബ്രസീലിൽ ആണ് സ്ഥിതിചെയ്യുന്നത്. ഏകദേശം മൂന്ന് മില്യൺ സസ്യജീവവർഗ്ഗങ്ങളും ഒരു മില്യണിൽപ്പരം തദ്ദേശവാസികളും ഉള്ള ആമസോൺ കാടുകൾ ഇന്ന് നശീകരണത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ആണ്. ആമസോൺ മഴക്കാടുകളുടെ 20 ശതമാനത്തിലധികം ഇതിനകം നശിച്ചു കഴിഞ്ഞു. നാശം തുടരുന്നതിനാൽ കൂടുതൽ ഗുരുതരമായ ഭീഷണി നേരിടുന്നു. ഇതിന്റെ പ്രധാന കാരണം ബ്രസീലിയൻ പ്രസിഡന്റ് ആയി അധികാരമേറ്റ ജെയർ ബോൾസോനാരോ നിയമത്തിൽ വരുത്തിയ ഇളവുകളാണ്. ലോകത്തിലെ ഏറ്റവും വലിയ കാർഷിക, ഖനന പ്രവർത്തനങ്ങളെയും വന്യജീവിവേട്ടയെയും ബ്രസീൽ പ്രസിഡന്റ് പ്രോത്സാഹിപ്പിച്ചു. കൂടാതെ കാട്ടുതീയുണ്ടാക്കി ഭൂമി കൈക്കലാക്കാനും ശ്രമിച്ചു കൊണ്ടിരിക്കുന്നു. ആമസോൺ കാടുകളുടെ വിസ്തൃതി ജെയർ ബോൾസോനാരോ അധികാരമേറ്റതിനുശേഷം വളരെ വേഗത്തിൽ നഷ്ടം നേരിട്ടതായി ശാസ്ത്രജ്ഞർ പറയുന്നു. 2019 ഓഗസ്റ്റ് മുതൽ 2020 ജൂലൈ വരെ മൊത്തം 11,088 ചതുരശ്ര കിലോമീറ്റർ (4,281 ചതുരശ്ര മൈൽ) മഴക്കാടുകൾ നശിച്ചു. മുൻവർഷത്തെക്കാൾ 9.5 ശതമാനം വർദ്ധനവാണിത്. ആഗോളതാപനത്തിന്റെ വേഗത കുറയ്ക്കുന്ന ഒരു സുപ്രധാന കാർബൺ സ്റ്റോറാണ് ആമസോൺ. അതുകൊണ്ട് തന്നെ ഭാവിയിൽ ആമസോൺ വനനശീകരണം ഏതെല്ലാം തരത്തിലുള്ള ഭവിഷ്യത്തുകൾ ഉണ്ടാക്കുമെന്ന് പറയാനാവില്ല. വികസ്വര രാജ്യമായതിനാൽ തന്നെ സാമ്പത്തിക മാന്ദ്യം നേരിടാൻ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് ജനങ്ങളും കൂട്ട് നിൽക്കുന്നു.

മഹാമാരിയുടെ കാലങ്ങളിൽ നിലനിൽപ്പിനായി മനുഷ്യർ പ്രകൃതിവിഭവങ്ങളെ കൂടുതൽ ഉപയോഗിക്കുന്നു. ഇത് ജൈവവൈവിധ്യത്തെ സാരമായി ബാധിക്കുന്നു. ഉദാഹരണത്തിന് പണത്തിനായി കേരളത്തിൽ പോലും മയിലുകളെ ധാരാളമായി വേട്ടയാടാറുണ്ട്. അവയുടെ ഇറച്ചിക്കും പീലിക്കും മയിലെണ്ണ എന്ന ഉത്പന്നത്തിന്റെ നിർമ്മാണത്തിനും വേണ്ടിയാണ് ഇതു ചെയ്യുന്നത്. കൂടാതെ തീരപ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സമയങ്ങളിൽ പവിഴപ്പുറ്റിനെയും മറ്റും ആളുകൾ ശേഖരിച്ചു വിൽക്കാറുണ്ട്. ആപത്കാലഘട്ടത്തിൽ മനുഷ്യർ ജൈവവൈവിധ്യ സംരക്ഷണത്തെക്കാൾ തങ്ങളുടെ ജീവനോപാധികൾക്ക് പ്രാധാന്യം നൽകുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്.

അന്തരീക്ഷമലിനീകരണവും ജീവികളുടെ ആവാസ വ്യവസ്ഥയെ നശിപ്പിക്കാറുണ്ട്. ഉദാഹരണം, ദേശാടനപക്ഷികൾ അവരുടെ പരമ്പരാഗതമായ മാർഗ്ഗങ്ങൾ ഒഴിവാക്കി മറ്റു സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിനു കാരണം ജൈവവൈവിധ്യത്തിലുള്ള വ്യതിയാനവും മറ്റു പരിസ്ഥിതി പ്രശ്നങ്ങളും ആണ്. പക്ഷികളിൽ നിന്നും ഉണ്ടാവുന്ന പക്ഷിപ്പനി പോലെയുള്ള വൈറസ് രോഗങ്ങൾ ചില സ്ഥലങ്ങളിൽ ഉടലെടുക്കാൻ ഇതും കാരണമായിട്ടുണ്ട്.

പൊതുജനാരോഗ്യവും ആവാസവ്യവസ്ഥയും സാമ്പത്തിക ഉന്നതിയും നില

നിർത്താൻ ജൈവവൈവിധ്യം നിലനിൽക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ നിലവിൽ അത് നഷ്ടപ്പെടുന്നത് മുമ്പെങ്ങും കാണാത്ത വിധത്തിലാണ്. 30 ശതമാനം സസ്യജീവിവർഗ്ഗങ്ങളും വംശനാശത്തിന്റെ ഭീഷണിയിലാണ്. ഭൂമിയിലെ ജീവജാലങ്ങൾ ഒരു ചങ്ങലയുടെ കണ്ണികളാണ്. അവ പരസ്പരം ബന്ധപ്പെട്ടും പ്രക്രിയയുടെ സന്തുലനാവസ്ഥ പരിപാലിച്ചും നിലനിന്നുപോകുന്നവയാണ്. ഇതിൽ ഏതൊരു കണ്ണി മുറിഞ്ഞാലും അത് ആരോഗ്യകരമായ ജൈവവിന്യാസത്തെ പിന്നോട്ടടിക്കുന്നതാകും. മരുന്നുകളെ പ്രതിരോധിക്കുന്ന സൂക്ഷ്മജീവികളും പ്രതിരോധശേഷിയെ മറികടക്കാൻ കെൽപ്പുള്ള വൈറസുകളുമെല്ലാം ജീവന്റെ നിലനിൽപ്പിന് പുതിയ ഭീഷണികളാണ്.

ജൈവ വൈവിദ്ധ്യവും പകർച്ച വ്യാധികളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന ചില ഉദാഹരണങ്ങൾ

- ലൈം രോഗം – ആതിഥേയജീവികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വ്യതിയാനം മനുഷ്യരിൽ രോഗം പകരുന്നതിന്റെ വ്യക്തമായ സൂചനയായി മാറുന്നു. അമേരിക്കയിൽ രക്തം കുടിക്കുന്ന ഒരിനം ചെള്ളുകളാണ് ലൈം രോഗം ഉണ്ടാക്കുന്ന രോഗാണുക്കളെ മറ്റുള്ളവരിലേക്ക് പരത്തുന്നത്. ഈ ചെള്ളുകൾ ജീവിക്കുന്ന എലി വർഗ്ഗത്തിൽപ്പെട്ട ജീവികൾ വനനശീകരണമുള്ള ഇടങ്ങളിൽ കൂടുതലായി കാണപ്പെടാറുണ്ട്. ഇതിനു കാരണം മറ്റു ജീവികളുടെ അഭാവത്തിൽ എലികൾക്ക് പെറ്റുപെരുകാൻ അവസരം നല്കുന്നു എന്നതാണ്. കൂടുതൽ ജൈവവൈവിദ്ധ്യമുള്ള സ്ഥലങ്ങളിൽ ലൈം രോഗം താരതമ്യേന കുറവാണ്.
- മലേറിയ ഉണ്ടാക്കുന്ന അനോഫിലാസ് കൊതുകുകൾ വനനശീകരണമുള്ള ഇടങ്ങളിൽ കൂടുതലായി കാണപ്പെടുന്നു. ഇത് രോഗവ്യാപന സാദ്ധ്യത വർദ്ധിപ്പിക്കുന്നു.
- നിപ്പ വൈറസ് – നിപ്പ പരത്തുന്ന പഴവാവലുകൾ കാടുകളിൽ നിന്നും തീറ്റ തേടി മനുഷ്യർ കൃഷി ചെയ്യുന്ന കൃഷിയിടങ്ങളിൽ എത്തപ്പെടുകയും അതിന്റെ ഉമിനീരിൽ നിന്നും വൈറസ് പന്നികളിലേക്കും തുടർന്ന് മനുഷ്യരിലേക്കും പടരുകയും ചെയ്യുന്നു.

1990 നും 2016 നും ഇടയിൽ ലോകത്തിന് 1.3 ദശലക്ഷം ചതുരശ്ര കിലോമീറ്റർ വനം നഷ്ടപ്പെട്ടുവെന്ന് ലോകബാങ്ക് പറയുന്നു. ഇത് വിസ്തീർണ്ണത്തിൽ ദക്ഷിണാഫ്രിക്കയേക്കാൾ വലുതാണ്. മനുഷ്യർ കാടുകൾ വെട്ടിമാറ്റാൻ തുടങ്ങിയശേഷം 46 ശതമാനം മരങ്ങളും വെട്ടിമാറ്റിയതായി നേച്ചർ ജേണലിൽ 2015–ൽ നടത്തിയ പഠനത്തിൽ പറയുന്നു.

1990 നും 2016 നും ഇടയിൽ ലോകത്തിന് 5,02,000 ചതുരശ്ര മൈൽ (1.3 ദശലക്ഷം ചതുരശ്രകിലോമീറ്റർ) വനം നഷ്ടപ്പെട്ടുവെന്ന് ലോകബാങ്ക് പറയുന്നു. ഇത് വിസ്തീർണ്ണത്തിൽ ദക്ഷിണാഫ്രിക്കയേക്കാൾ വലുതാണ്. മനുഷ്യർ കാടുകൾ വെട്ടിമാറ്റാൻ തുടങ്ങിയ ശേഷം 46 ശതമാനം മരങ്ങളും വെട്ടിമാറ്റിയതായി നേച്ചർ ജേണലിൽ 2015 ൽ നടത്തിയ പഠനത്തിൽ പറയുന്നു. ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന ആമസോൺ കാടുകൾ നശിച്ചാൽ മാനവരാശി തന്നെ നിലനിൽക്കുമോ എന്നത് സംശയമാണ്.

ജൈവൈവിധ്യത്തിന് പകർച്ചവ്യാധികളുമായി അഭേദ്യമായ ബന്ധമുണ്ട്. മനുഷ്യരിൽ ഉണ്ടാകുന്ന 60 ശതമാനം രോഗങ്ങളും ജന്തുജന്യരോഗങ്ങൾ ആണ്. ഈ രോഗങ്ങളുടെ വൈറസുകൾ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരുന്നത് കുറയ്ക്കാൻ ജൈവവൈവിധ്യത്തിനു കഴിയും. എന്നാൽ സാമ്പത്തിക ലക്ഷ്യം മാത്രം വച്ചുകൊണ്ട് ജൈവവൈവിധ്യം നശിപ്പിക്കുമ്പോൾ വീണ്ടും മഹാമാരികൾ വരാൻ കാരണമാകുകയും ചെയിൻ പ്രതിപ്രവർത്തനത്തിന് വഴി തെളിക്കുകയും ചെയ്യുന്നു.

നിപ്പ പോലെ അപകടകരമായ വൈറസുകൾ ഇനിയും ഉണ്ടാവാൻ സാധ്യത കൂടുതൽ ആണ്. കൊവിഡ് -19 നിപ്പയെ പോലെ മാരകമായിരുന്നില്ല. എന്നാൽ

ജനിതക വ്യതിയാനം വന്ന കൊവിഡ് -19 വൈറസുകൾ കൂടുതൽ മാരകമായി വന്നാൽ ഇപ്പോൾ നമ്മൾ സ്വീകരിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങൾ പര്യാപ്തമായെന്നു വരില്ല. ലോകം എപ്പോഴും പ്രതിസന്ധിയുടെ വക്കിലാണെന്ന കരുതൽ ഉണ്ടാവണം.

കൊവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യത്തിലുണ്ടായ നഷ്ടത്തിന് ചില പരിഹാരമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

- രാജ്യങ്ങൾ നിശ്ചയമായും കൊവിഡ് -19 മൂലമുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചു വരുന്ന സാമ്പത്തിക നടപടികളിൽ ജൈവവൈവിധ്യ സംരക്ഷണം ഹനിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- ഇനി ഒരു മഹാമാരി ഉടലെടുക്കാതിരിക്കാൻ ജൈവവൈവിധ്യത്തെ സംരക്ഷിക്കണം. രോഗാണുവാഹകരായ ജന്തുക്കൾ മനുഷ്യന്റെ ആവാസസ്ഥലങ്ങളിൽ എത്തുന്നത് കൂടുതൽ പകർച്ചവ്യാധികൾ ഉടലെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.
- ഒരു പ്രദേശത്തെ ജൈവസമ്പത്ത് അവിടെയുള്ള ജനങ്ങളുടെ നിലനിൽപ്പിനും സാമ്പത്തിക ഉന്നമനത്തിനും അനിവാര്യമാണ്. ഇതിലുണ്ടാകുന്ന താളംതെറ്റൽ സമൂഹത്തെ ബാധിക്കും. അതിനാൽ ഓരോ പ്രദേശത്തെയും ജൈവവൈവിധ്യത്തിലുള്ള ചെറിയ മാറ്റങ്ങൾപോലും ഗൗരവമായി കാണണം.
(ഉദാ: സമുദ്രത്തിലെ ചൂട് കൂടിയത് കാരണം കേരള തീരത്ത് സുലഭമായി ലഭിച്ചിരുന്ന മത്തി ഇപ്പോൾ ലഭിക്കുന്നില്ല തീരദേശ ജനതയുടെ ആരോഗ്യ സംരക്ഷണത്തിനു കുറഞ്ഞ ചെലവിൽ ലഭിച്ചിരുന്ന ഒരു പോഷകാഹാരം ഇല്ലാതാകുന്നത് അവരെ പ്രതികൂലമായി ബാധിക്കും.)
- ദാരിദ്ര്യ ലഘൂകരണത്തിനായി തൊഴിലുകൾ സൃഷ്ടിക്കുമ്പോൾ കുറയെങ്കിലും ജൈവവൈവിധ്യ സംരക്ഷണം കൂടി ലക്ഷ്യം വയ്ക്കണം.
- താൽക്കാലിക ലാഭത്തിനായി കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നതും ഭൂവിനിയോഗം തരം മാറ്റുന്നതും സർക്കാരുകൾ തടയണം.
- വികസിത രാജ്യങ്ങൾ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം പൂർണ്ണതോതിലാക്കണം. കുറച്ച് കാലമെങ്കിലും ദരിദ്രരാജ്യങ്ങൾക്കുള്ള ഭക്ഷണം അവർ നൽകിയാൽ ജൈവവൈവിധ്യത്തിന്റെ ചൂഷണം കുറയ്ക്കാനാകും.

മേൽപ്പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന രീതിയിലുള്ള മാറ്റങ്ങൾ ആഗോളതലത്തിൽ ഉണ്ടാകേണ്ടതുണ്ട്.

- രാജ്യങ്ങൾ തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തണം.
- സർക്കാരുകൾ ബജറ്റുകളിൽ ജൈവവൈവിധ്യ സംരക്ഷണത്തിനായി കൂടുതൽ തുക നീക്കിവയ്ക്കണം.
- ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.
- ജൈവവൈവിധ്യ സംരക്ഷണം ഒരു പാഠ്യവിഷയം ആകണം.
- ജൈവവൈവിധ്യത്തെക്കുറിച്ചുള്ള പഠനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും വേണം.
- പ്രാദേശികസർക്കാരുകൾ ജൈവവൈവിധ്യസംരക്ഷണം ഒരു പ്രധാന വിഷയമായി അംഗീകരിക്കുകയും ഒപ്പം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കുകയും വേണം.

ജൈവവൈവിധ്യം പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ഗണ്യമായി സ്വാധീനിക്കുന്നു. പ്രകൃതിയുടെ അടിസ്ഥാന പ്രമാണ ങ്ങൾതന്നെ ജീവികളെയും സസ്യങ്ങളെയും അന്യം നിന്നുപോകാതെ സംരക്ഷിക്കുക എന്നതാണ്. ഇതിനു വിരുദ്ധമായി മനുഷ്യർ പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതം ചില ജീവികൾക്ക് അതിജീവനം അസാധ്യമാക്കുകയും അത് മൂലം അവയുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് രോഗാണുവാഹകരായ ജീവികൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കുന്ന തരത്തിൽ ജൈവവൈവിധ്യം പുനഃക്രമീകരിക്കപ്പെടുകയും ചെയ്യും. ഇത് മാനവരാശിയുടെ നിലനിൽപ്പിന് ഭീഷണിയായിമാറുന്നു. കൂടാതെ ഈ മഹാമാരികൾ സാമ്പത്തികപ്രതിസന്ധികൾ വലിയ തോതിൽ ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരമുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം വീണ്ടും ജൈവവൈവിധ്യനാശത്തിനു വഴിവയ്ക്കുകയും ചെയ്യും. പ്രകൃതിയോടിണങ്ങിയുള്ള ജീവിത ശൈലിയും വികസന നയവും പാലിച്ചു പോന്നെങ്കിൽ മാത്രമെ മാനവരാശി ഇവിടെ നിലനില്ക്കുകയുള്ളൂ എന്ന് എല്ലാവരും തിരിച്ചറിയണം. □

ലേഖകൻ പഞ്ചായത്ത് ഡയറക്ടറേറ്റിൽ സിസ്റ്റം മാനേജരാണ്

കൊവിഡ് പ്രതിരോധത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്ക് പ്രധാനം: മുഖ്യമന്ത്രി

കൊവിഡ് പ്രതിരോധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം പരമ പ്രധാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഒന്നാം ഘട്ട കൊവിഡ് വ്യാപനത്തെ നേരിടാനും അതിജീവിക്കാനും സാധ്യമായതിന്റെ പ്രധാന ഘടകങ്ങളിലൊന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവമായ ഇടപെടലാണ്. പുതിയ ഭരണസമിതികൾ തദ്ദേശ സ്ഥാപനങ്ങളിൽ അധികാരത്തിൽ വന്നു. ഒന്നാം ഘട്ടത്തിൽ നേതൃത്വപരമായ പങ്ക് നിർവഹിച്ചവരല്ല ഇപ്പോഴുള്ള പലരും. ജനപ്രതിനിധികൾക്ക് ആവശ്യമായ പരിശീലനവും ബോധവൽക്കരണവും നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ ഘട്ടം മറികടക്കാനും തദ്ദേശ സ്ഥാപനങ്ങളുടെ പ്രധാന പങ്കാളിത്തം ഉണ്ടാകണം.

ജനങ്ങൾക്ക് ഉച്ചഭാഷിണി വഴിയുള്ള മുന്നറിയിപ്പ നൽകൽ, ആവശ്യമായ നോട്ടീസ്, പോസ്റ്ററുകൾ പതിക്കൽ എന്നിവ തദ്ദേശ സ്ഥാപന പരിധിയിൽ സംഘടിപ്പിക്കണം. വായനശാല, ക്ലബ്ബുകൾ തുടങ്ങി ആളുകൾ എത്തിച്ചേരുന്ന പൊതു ഇടങ്ങളിൽ ആ പ്രദേശത്തെ കൊവിഡ് അവസ്ഥ പ്രദർശിപ്പിക്കാനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനും തദ്ദേശസ്ഥാപനങ്ങൾ തയ്യാറാകണം. വീടുകളിൽ കഴിയുന്ന രോഗികൾക്ക് ഭക്ഷണം ലഭിക്കാൻ പ്രയാസം നേരിടും. അവർക്ക് ഭക്ഷണം, മരുന്ന് തുടങ്ങിയവ എത്തിക്കാനും തദ്ദേശ സ്ഥാപനങ്ങളുടെ മുൻകൈ ഉണ്ടാകും.

വാർഡ് അംഗത്തിന്റെ നേതൃത്വത്തിൽ വാർഡ്തല സമിതികൾ പുനരുജ്ജീവിപ്പിക്കണം. ആശാവർക്കർ, ആരോഗ്യ പ്രവർത്തകൻ, പോലീസ് പ്രതിനിധി, റവന്യൂ ജീവനക്കാരൻ, വോളണ്ടിയർ എന്നിവർ സമിതിയിൽ ഉണ്ടാവണം. നേരത്തെ നിലവിലുണ്ടായിരുന്ന വളണ്ടിയർ പദ്ധതി ഫലപ്രദമാക്കണം. ചിലരെങ്കിലും ഒഴിവായി പോയിട്ടുണ്ടാകും. പുതിയ വളണ്ടിയർമാരെ ആവശ്യമെങ്കിൽ കണ്ടെത്തി സജ്ജമാക്കണം. അത് കൂടുതൽ ആവശ്യമുള്ള ഘട്ടമാണിത്.

നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തും

രോഗത്തിന്റെ വലിയ തോതിലുള്ള വ്യാപനത്തിന്റെ ഘട്ടമായതിനാൽ അതിനനുസൃതമായ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സമ്പൂർണ്ണ ലോക്ക് ഡൗൺ എന്നത് അവസാനത്തെ ആയുധമാണ്. നിലവിലുള്ള നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കുകയാണ് ഉചിതം. ആളുകൾ പുറത്തിറങ്ങുന്നതും കൂട്ടം കൂടുന്നതും ഒഴിവാക്കണം. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറച്ചു കൊണ്ടുവരാൻ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യും. കൂടുതൽ വളണ്ടിയർമാരെ കണ്ടെത്തുന്നുണ്ട്. വാർഡ് തല സമിതികളുടെ ഇടപെടലും ശക്തിപ്പെടുത്തും. ആദ്യ ഘട്ടത്തിൽ വളണ്ടിയർമാരും പോലീസും ഒന്നിച്ച് ഇടപെട്ടത് ഫലം ചെയ്തിരുന്നു. ആ രീതി ആവർത്തിക്കും.

ആശുപത്രികളിൽ വൈറസ് ബാധയുള്ള എല്ലാവരെയും പ്രവേശിപ്പിക്കേണ്ടതില്ല. ഉദാഹരണത്തിന് രണ്ടു വാക്സിനേഷനും കഴിഞ്ഞവർക്ക് കൊവിഡ് ബാധിച്ചാൽ സാധാരണ നിലയിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകില്ല. അത്തരം ആളുകൾ വീട്ടിൽ തന്നെ കഴിഞ്ഞാൽ മതിയാകും. അതെല്ലാം കണക്കിലെടുത്ത് ആശുപത്രി പ്രവേശനം സംബന്ധിച്ച ശാസ്ത്രീയ മാനദണ്ഡമുണ്ടാക്കും.

കൂടുതൽ ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടെ ആരോഗ്യ പ്രവർത്തകരുടെ സേവനം ഇനിയും വേണം. അത് ലഭ്യമാക്കാൻ അടിയന്തര നടപടിയെടുക്കും. ആരോഗ്യ പ്രവർത്തകർക്ക് മിനിമം വേതനം ഉറപ്പാക്കാൻ ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകി. സി.എഫ്.എൽ.ടി.സി.കൾ എല്ലാ താലൂക്കിലും ഉണ്ട് എന്ന് ഉറപ്പ് വരുത്തും. വാക്സിൻ കാര്യത്തിൽ, രണ്ടാം ഡോസ് ഉറപ്പാക്കുന്നതിന് മുൻഗണന നൽകും. നിർമ്മാണ ജോലികൾ ഇന്നത്തെ സ്ഥിതിയിൽ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്താം.

മറ്റ് പല സംസ്ഥാനങ്ങളിലുമുണ്ടായ പ്രശ്നങ്ങൾ ഇവിടെയും സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ ദ്രുതഗതിയിൽ സ്വീകരിച്ചു വരികയാണ്. അതിന്റെ ഭാഗമായി, ജില്ലാതലത്തിൽ ഓരോ നാലു മണിക്കൂർ കൂടുന്തോറും സർക്കാർ, സ്വകാര്യ ആശുപത്രികളിലെ വെന്റിലേറ്ററുകൾ, ഐ.സി.യു. ബെഡുകൾ, മറ്റു ബെഡുകൾ എന്നിവയുടെ ലഭ്യതയുടെ ഏറ്റവും പുതിയ വിവരങ്ങൾ നൽകണമെന്ന നിഷ്കർഷിച്ചിട്ടുണ്ട്. അതുവഴി സൗകര്യങ്ങളുടെ വിനിയോഗം, ലഭ്യത എന്നിവ കൃത്യമായി നിരന്തരം നിരീക്ഷിക്കാൻ സാധിക്കും.

അവശ്യഘട്ടങ്ങളിൽ ആശുപത്രികളുമായി നേരിട്ട് ബന്ധപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കിക്കൊണ്ട് 1056 എന്ന ഹെൽപ്പ് ലൈനിൽ വിളിച്ച് ഈ സൗകര്യങ്ങളുടെ ലഭ്യത ജനങ്ങൾക്ക് ഉപയോഗപ്പെടുത്താം. ഓരോ ജില്ലയിലും ഡി.പി.എം.എസ്.യു.മായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കോൾ സെന്ററുകളുമായും വിവരങ്ങൾക്കും സഹായങ്ങൾക്കുമായി ബന്ധപ്പെടാം.

ഹോം ക്വാറന്റൈനിൽ കഴിയുന്നവർ നിർബന്ധമായും അതാതിടത്തെ വാർഡ് മെമ്പർമാരുടെയോ, കൗൺസിലർമാരു

ടേയോ ഫോൺ നമ്പറുകൾ സൂക്ഷിക്കണം. തൊട്ടടുത്തുള്ള ആശാ വർക്കർ, ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ ആരോഗ്യപ്രവർത്ത കരുടെ നമ്പറുകളും കയ്യിൽ കരുതണം. ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ആരോഗ്യപ്രവർത്തകരുമായി ബന്ധപ്പെടണം.

ഹോം ഐസൊലേഷനിൽ കഴിയാൻ നിർദ്ദേശിക്കുന്നത് കാര്യമായ രോഗലക്ഷണങ്ങളില്ലാത്ത രോഗികളോടാണ്. പക്ഷേ, അങ്ങനെ ചെയ്യുമ്പോൾ വീടുകളിൽ അതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കണം. രോഗിക്ക് താമസിക്കാൻ ബാത്ത് റൂം അറ്റാച്ച്ഡ് ആയ മുറി ആവശ്യമാണ്. എ.സി. ഉപയോഗിക്കാൻ പാടില്ല. പരമാവധി വായുസഞ്ചാരമുള്ള മുറി ആയിരിക്കണം. പരിചരിക്കുന്നവരും മുൻകരുതലുകൾ എടുക്കണം. എൻ. 95 മാസ്കുകൾ രോഗിയും പരിചരിക്കുന്നവരും അടുത്തു വരുമ്പോൾ ധരിക്കണം. പൾസ് ഓക്സി മീറ്റർ ഉപയോഗിച്ച് എല്ലാ ദിവസവും ഓക്സിജന്റെ അളവ് പരിശോധിക്കണം. ലക്ഷണങ്ങൾ കൂടുതൽ ഉണ്ടാവുകയാണെങ്കിൽ ഉടനടി ചികിത്സ തേടണം. അതിന് ഇ-സഞ്ജീവനി സംവിധാനത്തിന്റെ മൊബൈൽ ആപ്പ്, അല്ലെങ്കിൽ ഓൺലൈൻ വഴി കൺസൾട്ടേഷൻ നടത്താം.

ആരോഗ്യപ്രവർത്തകരുമായി ബന്ധപ്പെട്ട് ചികിത്സ ആവശ്യമാണെങ്കിൽ ആശുപത്രിയിലേയ്ക്ക് മാറണം. വീട്ടിൽ സൗകര്യമില്ലാത്തവർക്ക് ഡൊമിസിലിയറി കെയർ ഫസിലിറ്റിൽ ആരംഭിച്ചിട്ടുണ്ട്. സി.എഫ്എൽ.ടി.സികളും സി.എൽ.ടി.സികളും ശാക്തീകരിക്കുകയും ചെയ്തു. രോഗികളാകുന്ന ആർക്കും തന്നെ ഐസൊലേഷനിൽ പോകാനോ, ചികിത്സ ലഭിക്കാനോ ബുദ്ധിമുട്ട് ഉണ്ടാകരുതെന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് സർക്കാർ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇവ കൂടുതൽ മികച്ചതാക്കാനുള്ള തീവ്രശ്രമം മുന്നോട്ടു കൊണ്ടുപോവുകയാണ്. ഈ സൗകര്യങ്ങൾ ലഭ്യമാകാൻ അതാതു ജില്ലകളിലെ ഹെൽപ്‌ലൈൻ നമ്പറുകളിൽ വിളിക്കുക. അല്ലെങ്കിൽ 1056 എന്ന സംസ്ഥാനതല ഹെൽപ്‌ലൈൻ നമ്പറിൽ വിളിച്ചാൽ, അവർ അതാതു ജില്ലകളിലേയ്ക്ക് കണക്റ്റ് ചെയ്തു തരികയും ചെയ്യും. പരമാവധി അതാതു ജില്ലകളിലെ ഹെൽപ്‌ലൈൻ നമ്പറുകൾ തന്നെ ഉപയോഗിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. □

കൊവിഡ് പ്രതിരോധം:
പഞ്ചായത്തുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

കൊവിഡ് 19 രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൊവിഡ് പ്രതിരോധത്തിനായി ഗ്രാമപഞ്ചായത്തുതല, വാർഡ് തല കമ്മിറ്റികൾ അടിയന്തരമായി പുനഃസംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്താതിരിക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധ ചെലുത്തണം. രോഗലക്ഷണമുള്ളവരെയും രോഗം സ്ഥിരീകരിച്ചവരുടെ കുടുംബാംഗങ്ങളെയും കർശനമായി ആർ.ടി.പി.സി.ആർ. ടെസ്റ്റിന് വിധേയമാക്കുന്നതിന് വാർഡ്തല കമ്മിറ്റികൾ ആവശ്യമായ നടപടി സ്വീകരിക്കും.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ കൊവിഡ് ബാധ സ്ഥിരീകരിച്ചാൽ രോഗിയെ നിർബന്ധമായും സമീപത്തെ സി.എഫ്.എൽ.ടി.സിയിലേക്കോ കൊവിഡ് ആശുപത്രിയിലേക്കോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാമൂഹ്യാകലം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പവരുത്തും. സെക്ടറൽ മജിസ്ട്രേറ്റമാർ, പോലീസ്, ഹെൽത്ത് ഇൻസ്പെക്ടർ, ആശാവർക്കർ എന്നിവരുടെ സഹായത്തോടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് നിർദ്ദേശമുണ്ട്.

അതിഥി തൊഴിലാളികളെ ആർ.ടി.പി.സി.ആർ. ടെസ്റ്റിന് വിധേയരാക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത്, വാർഡ്തല കമ്മിറ്റികൾ സ്വീകരിക്കണം. ലേബർ ക്യാമ്പുകളിൽ രോഗം സ്ഥിരീകരിച്ചാൽ അവിടം ക്ലസ്റ്ററുകളായി തിരിച്ച് കർശന നിരീക്ഷണവും ബോധവത്ക്കരണവും നടത്തണം. വയോജനങ്ങൾ, സാന്ത്വന ചികിത്സയിലുള്ളവർ, ജീവിതശൈലിരോഗങ്ങളുള്ളവർ, ഭിന്നശേഷിക്കാർ, തീരദേശവാസികൾ, ചേരിപ്രദേശങ്ങളിൽ കഴിയുന്നവർ, കെയർ ഹോമിലെ അന്തേവാസികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, അതിഥി തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് വാർഡ് തല കമ്മിറ്റികൾ ബോധവത്ക്കരണ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മുൻഗണന നൽകണം. ഈ വിഭാഗങ്ങൾക്കിടയിൽ കോവിഡ് ടെസ്റ്റ് യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പഞ്ചായത്തുതല റാപ്പിഡ് റെസ്പോൺസ് ടീമിനെ ശക്തിപ്പെടുത്താൻ പഞ്ചായത്തുകൾ നടപടി സ്വീകരിക്കണം.

ഒരു പ്രദേശത്ത് കോവിഡ് രോഗികളുടെ എണ്ണം കൂടുതലായി കണ്ടെത്തിയാൽ രോഗവ്യാപനം തടയുന്നതിന് കണ്ടെയ്ൻമെന്റ്, മൈക്രോ കണ്ടെയ്ൻമെന്റ് നടപടികൾ ആരോഗ്യവകുപ്പ്, പോലീസ് എന്നിവരുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കണം. പി.എച്ച്.സി., സി.എച്ച്.സികളിൽ നിന്ന് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ശേഖരിച്ച് കോവിഡ് ജാഗ്രതാ പോർട്ടലിൽ പഞ്ചായത്തുകൾ അപ്‌ലോഡ് ചെയ്യണം. ഇതിന്റെ ആധികാരികത പഞ്ചായത്തു സെക്രട്ടറിമാർ ഉറപ്പുവരുത്തണം. കൊവിഡ് രോഗവ്യാപനം കൂടുതലായി കാണുന്ന പ്രദേശങ്ങൾ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ജിയോമാപ്പിംഗ് നടത്തണം. ക്വാറന്റീൻ കേന്ദ്രങ്ങൾ, സി.എഫ്.എൽ.ടി.സികൾ, സി.എസ്.എൽ.ടി.സികൾ, ഡി.ഡി.സികൾ എന്നി വിടങ്ങളിലെ മാലിന്യം നിലവിലെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കണം. പൊതുജനങ്ങൾ കൂടുതലായി എത്തുന്ന മാളുകൾ, സിനിമ തിയേറ്ററുകൾ, ഓഡിറ്റോറിയങ്ങൾ, ചന്തകൾ എന്നിവിടങ്ങളിൽ ബ്രേക്ക് ദ ചെയിൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കണം. വിവാഹ, മരണാനന്തരചടങ്ങുകൾ, മറ്റ് ഒത്തുചേരലുകൾ എന്നിവയിൽ അനുവദിക്കപ്പെട്ട എണ്ണം ആളുകൾ മാത്രമേ പങ്കെടുക്കുന്നുള്ളുവെന്നും പഞ്ചായത്ത്, വാർഡ്തല കമ്മിറ്റികൾ നിരീക്ഷിച്ച് ഉറപ്പാക്കണമെന്നും മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. □

കൊവിഡ് - രണ്ടാം തരംഗം കരുതലോടെ നേരിടാം

■ ടി. ഷാഹുൽ ഹമീദ്

ചൈനയിൽ ഉദ്ഭവിച്ച നോവൽ കൊറോണ വൈറസ് കൊവിഡ് 19 ഇന്ത്യയിൽ ആദ്യമായി റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് അതീവ ജാഗ്രതയോടെ കൊവിഡ് 19 ഒന്നാം ഘട്ടത്തെ നേരിട്ടു. ഇപ്പോൾ അത് ശക്തിയോടെ രണ്ടാം തരംഗം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഓരോ മനുഷ്യനും കരുതലും ജാഗ്രതയും സൂക്ഷ്മതയും പാലിച്ചില്ലെങ്കിൽ ജീവനുതന്നെ ഭീഷണിയാണ് ഈ മഹാമാരി.

സാധാരണ ജലദോഷപ്പനി മുതൽ സാർസ്, മെർസ്,ന്യുമോണിയ എന്നിവ വരെ ഉണ്ടാക്കുന്ന ഒരു കൂട്ടം വൈറസുകളാണ് കൊറോണ വൈറസ്സുകൾ. ഇവ ആർ. എൻ.എ. വൈറസ് കുടുംബത്തിൽപ്പെടുന്നു. മൈക്രോസ്കോപ്പിലൂടെ നോക്കിയാൽ ഇവയെ കിരീടത്തിന്റെ ആകൃതിയിലാണ് കാണുന്നത്.

മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് അതിവേഗം പടരുന്ന കൊറോണ വൈറസ് ശരീരത്തിൽ പ്രവേശിച്ചാൽ ജീവനുള്ള കോശങ്ങളെ ഹൈജാക്ക് ചെയ്തു അതു സ്വയം കോശവിഭജനം നടത്തി പെട്ടെന്ന് പെരുകുകയാണ് ചെയ്യുന്നത്. ശരീരസ്രവങ്ങളിൽ നിന്നാണ് രോഗം പടരുന്നത്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായിൽ നിന്ന് പുറത്തേക്ക് തെറിക്കുന്ന സ്രവങ്ങളിൽ വൈറസ് ഉണ്ടാകുന്നു. പ്രതലത്തിൽ വൈറസ് ഒട്ടിപ്പിടിച്ചിരിക്കും. ശരീരത്തിൽ പ്രവേശിച്ചാൽ 14 ദിവസത്തിനകം രോഗലക്ഷണം കാണിക്കും. കൊവിഡ് 19 ന മരുന്ന് നിലവിലില്ല. വാക്സിൻ ഉപയോഗിച്ച് പ്രതിരോധിക്കുക എന്നതാണ് കരണീയം.

ജീവിതശൈലി രോഗം ഏറ്റവും കൂടുതൽ കാണപ്പെടുന്നതും ജനസാന്ദ്രത കൂടുതലുള്ളതുമായ കേരളത്തിൽ കൊവിഡ് വലിയ ഭീഷണി തന്നെയാണ് , രോഗത്തെ പ്രതിരോധിക്കാനുള്ള ഏക പോംവഴി പരിസര ശുചിത്വവും വ്യക്തിശുചിത്വവും പാലിക്കുക എന്നതാണ്.

കൈകൾ സോപ്പ് വെള്ളം/സാനിറ്റൈസർ കൊണ്ട് 20 സെക്കന്റ് നേരം ശുചിയാക്കുക. വായ, കണ്ണുകൾ, മൂക്ക് എന്നിവ കൈകൾകൊണ്ട് തൊടാതിരിക്കുക. പനി, ജലദോഷം, ശ്വാസതടസ്സം എന്നിവ ഉള്ളവർ മറ്റുള്ളവരുമായും പൊതുവിടങ്ങളിലും ഇടപഴകാതിരിക്കുക. അനാവശ്യ യാത്രകൾ ഒഴിവാക്കുക എന്നീ മര്യാദകൾ നാം ഓരോരുത്തരും കൃത്യമായി പാലിക്കണം.

ഒരാളിൽ നിന്ന് ഏകദേശം നാല് ആളുകൾക്ക് വരെ പകരാൻ സാധ്യതയുള്ള കൊവിഡ് 19ന്റെ രണ്ടാം തരംഗം തീവ്രമായതിനാൽ കൂടുതൽ കരുതലും ശ്രദ്ധയും ആവശ്യമാണ്.

കൊവിഡിനെ പ്രതിരോധിക്കുവാൻ സാമൂഹിക പ്രതിരോധശേഷി നാമോരോരുത്തരും നേടണം. അതിനായി വാക്സിൻ സർക്കാർ നിർദ്ദേശപ്രകാരം സ്വീകരിക്കണം. മഹാമാരിയുമായുള്ള മനുഷ്യന്റെ ഏറ്റുമുട്ടലിന് മനുഷ്യരാശിയോളം പഴക്കമുണ്ട്. വൈറസ് എന്ന വാക്കിന്റെ അർത്ഥം വിഷം എന്നാണ്. നാം ജീവിക്കുകയും മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുകയും വേണം. പഞ്ചശീലങ്ങൾ നാം കൃത്യമായി പാലിക്കണം.

മാസ്ക് കൃത്യമായി ധരിക്കൽ.
സാമൂഹിക അകലം പാലിക്കൽ.
സാനിറ്റൈസർ ഉപയോഗിക്കൽ.
പൊതു സ്ഥലത്ത് തുപ്പാതിരിക്കൽ
വൃദ്ധർ (60 വയസ്സ് കഴിഞ്ഞവർ)/ കുട്ടികൾ (10 വയസ്സിനു താഴെയുള്ളവർ) പുറത്തിറങ്ങാതിരിക്കൽ എന്നിവയാണ് ആ അഞ്ചു ശീലങ്ങൾ

സൂക്ഷ്മപരമായ സമീപനം സ്വീകരിച്ച് സമചിത്തതയോടെ കൊവിഡ്-19നെ നേരിടാൻ നാം തയ്യാറാകണം. നമ്മുടെ ശീലങ്ങളിൽ മാറ്റം വേണം. നടന്നുവരുന്ന സാമ്പ്രദായിക പ്രവർത്തനങ്ങളിൽ നിന്ന് ഒരല്പം മാറി നടക്കണം. എങ്കിലേ നമുക്ക് കൊവിഡ്-19 നെ പ്രതിരോധിക്കുവാൻ സാധിക്കുകയുള്ളൂ. മഹാമാരിയും കാലാവസ്ഥാവ്യതിയാനവും നമ്മുടെ മുമ്പിൽ യാഥാർത്ഥ്യമായ സ്ഥിതിയിൽ പ്രകൃതിയെ നാം സ്നേഹിക്കണം. ലക്ഷണം കാണിക്കാതെ രോഗം വരുന്നു. ബാക്ടീരിയേക്കാൾ കൂടുതൽ വൈറസിന് ശരീരത്തിൽ നിൽക്കാൻ പറ്റും. അതുകൊണ്ട് ഓരോ പൗരനും ഇക്കാര്യത്തിൽ ജാഗരൂകരാകണം.

പൂർണ്ണജീവി അല്ലാത്ത കൊവിഡ് വൈറസ് ജീവ കോശത്തിനുള്ളിൽ മാത്രം ജീവിക്കാനും പെരുകാനും കഴിയുന്നതിനാൽ വൈറസിൽ നിന്നും രക്ഷപ്പെടാൻ വ്യക്തിശുചിത്വം ശാരീരിക അകലം പൊതു സ്ഥലങ്ങളിൽ സമ്പർക്കം ഇല്ലാതെ ജീവിക്കൽ എന്നിവകൊണ്ട് സാധിക്കുന്നതാണ്.

രണ്ടാഴ്ച വളരെ നിർണായകം പൊതുയാത്രകൾ, അനാവശ്യ യാത്രകൾ, കൂടിച്ചേരലുകൾ എന്നിവ ഒഴിവാക്കുക. ഏതെങ്കിലും തരത്തിലുള്ള പരിപാടികൾ കൊവിഡ്-19 ജാഗ്രതയിൽ രജിസ്റ്റർ ചെയ്യുക. വയോജനങ്ങളെ സംരക്ഷിക്കുക. കുട്ടികൾക്ക് കരുതലേകുക. വാർഡ് ആർ.ആർ.ടി. മാരുടെ നിർദ്ദേശങ്ങൾ പാലിക്കുക.

ഒന്നിച്ചിരുന്ന് മഹാമാരിയെ നേരിടാം
കരുതൽ/ജാഗ്രത

☐

ലേഖകൻ അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

കെട്ടിട നിർമ്മാണാനുമതി

അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ - 2

▸ കെട്ടിടനിർമ്മാണത്തിന് 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ കുഴിയെടുക്കേണ്ടിവരികയാണെങ്കിൽ പെർമിറ്റിന് അപേക്ഷിക്കുമ്പോൾ അധികമായി എന്തെങ്കിലും രേഖകൾ സമർപ്പിക്കേണ്ടതുണ്ടോ?

1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ കുഴിയെടുക്കേണ്ടിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചട്ടം 10 പ്രകാരമുള്ള വ്യവസ്ഥകളാണ് ബാധകമാകുന്നത്. ഇത്തരം നിർമ്മാണങ്ങൾക്കായുള്ള അപേക്ഷ നൽകുമ്പോൾ പ്രസ്തുത നിർമ്മാണത്തിന് ചട്ടം 10 പ്രകാരമുള്ള അനുമതി ആവശ്യമാണെന്നുള്ള ലൈസൻസിയുടെ സാക്ഷ്യപത്രത്തോടൊപ്പം ചുവടെ ചേർക്കുന്നവ കൂടി സമർപ്പിക്കേണ്ടതാണ്.

- കട്ടിംഗിന്റെ ലെവലും റോഡ് ലെവലും കാണിച്ചുകൊണ്ടുള്ളതും അളവുകൾ രേഖപ്പെടുത്തിയതുമായ പ്ലാനും സെക്ഷനും.
- സ്ഥിരവും താൽക്കാലികവുമായി നൽകുന്ന സംരക്ഷണ നടപടികളുടെ വിശദാംശങ്ങൾ.
- ഭൂനിരപ്പിലും അതിനു താഴെയും നൽകിയിട്ടുള്ള സ്ലാബ്, ബീം, കോളം, റീട്ടെയിനിംഗ് വാൾ മുതലായവയുടെ ഡ്രോയിംഗും വിവരണങ്ങളും മറ്റ് വിശദാംശങ്ങളും.
- പൈലുകൾ ഉണ്ടെങ്കിൽ അവയുടെ ഡ്രോയിംഗും വിവരണങ്ങളും സ്ഥാപിക്കുന്ന രീതി മുതലായ വിശദാംശങ്ങളും.

▸ പൈൽ ഫൗണ്ടേഷന്റെ കാര്യത്തിൽ ചട്ടം 10 ബാധകമാണോ?

ബാധകമല്ല. എന്നാൽ 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ മണ്ണ് മാറ്റിയ ശേഷമാണ് പൈൽ ഫൗണ്ടേഷൻ നിർമ്മിക്കുന്നതെങ്കിൽ ചട്ടം 10 ബാധകമാകുന്നതാണ്.

▸ പഴയ ചട്ടപ്രകാരം ലഭ്യമായ ഒരു അനുമതി extend ചെയ്യുമ്പോൾ മൂന്നുവർഷത്തേക്കാണോ അഞ്ചുവർഷത്തേക്കാണോ extend ചെയ്യുന്നത്?

ചട്ടം 15(9) പ്രകാരം കെ.എം.ബി.ആർ. 1999/ കെ.പി.ബി.ആർ. 2011 പ്രകാരം ലഭ്യമായ അനുമതി അഞ്ചുവർഷത്തേക്കാണ് extend ചെയ്യുന്നത്. ഇത്തരം സംഗതിക

ളിൽ ചട്ടം 15(10) പ്രകാരം പെർമിറ്റ് കാലാവധി ആദ്യ പെർമിറ്റ് തീയതി മുതൽ പത്തു വർഷത്തിൽ കൂടുവാൻ പാടില്ല.

▸ അപേക്ഷകന് നിർമ്മാണ അനുമതി ലഭ്യമായ ശേഷം നിർമ്മാണം ആരംഭിച്ചുവെങ്കിൽ കൂടി അനുമതി നൽകിയത് ഏതെങ്കിലും ചട്ടം ലംഘിച്ചാണെന്ന് കണ്ടാൽ അനുമതി റദ്ദാക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടോ?

ചട്ടം 16 പ്രകാരം കെട്ടിടനിർമ്മാണ ചട്ടങ്ങളോ ആക്ടിലെ വ്യവസ്ഥകളോ പെർമിറ്റിലെ നിബന്ധനകളോ ലംഘിച്ച് അല്ലെങ്കിൽ അംഗീകൃത പ്ലാനിന് വിരുദ്ധമായോ ടി പ്രദേശത്തെ നിലവിലുള്ള നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെയോ നിർമ്മാണം നടത്തുന്ന അവസരത്തിൽ അല്ലെങ്കിൽ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചു കൊണ്ട് പെർമിറ്റ് നേടിയെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ ഭാഗം കേൾക്കുവാനുള്ള അവസരം നൽകിയ ശേഷം ടി പെർമിറ്റ് സെക്രട്ടറിക്ക് നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

▸ പെർമിറ്റ് ലഭിക്കുന്ന സമയത്ത് പ്ലാനിൽ ഒപ്പ് രേഖപ്പെടുത്തിയ ലൈസൻസിക്ക് നിർമ്മാണ സമയത്ത് നിർമ്മാണം പെർമിറ്റ് പ്രകാരമാണോ എന്നുള്ളത് പരിശോധിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഉണ്ടോ?

ചട്ടം 17(20) പ്രകാരം ഉത്തരവാദിത്വമുണ്ട്. അനുമതി ലഭിച്ച പെർമിറ്റ് പ്രകാരമായിരിക്കണം കെട്ടിടനിർമ്മാണം എന്നത് ഉടമസ്ഥന്റെയും ലൈസൻസിയുടെയും ഉത്തരവാദിത്തമാണ്. ഇതിനായി ലൈസൻസിയുടെ സേവനം ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ ആവശ്യമാണ്. കൂടാതെ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപായി ലൈസൻസിയെ മാറ്റുന്നുവെങ്കിൽ പ്രസ്തുത വിവരം സെക്രട്ടറിയെ ഉടമസ്ഥൻ രേഖാമൂലം (വെള്ളപേപ്പറിൽ എഴുതി സമർപ്പിച്ചാൽ മതി, ഇതിന് പ്രത്യേകം ഫാറം ഇല്ല) അറിയിക്കേണ്ടതാണ്.

▸ ഒരു വസ്തുവിലെ നിർമ്മാണത്തിന് പെർമിറ്റ് ലഭിച്ച ശേഷം ആ വസ്തു വിൽക്കുന്ന അവസരത്തിൽ അക്കാര്യം സെക്രട്ടറിയെ അറിയിക്കേണ്ടതുണ്ടോ? നിർമ്മാണം തുടരാൻ സെക്രട്ടറിയിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ടോ?

പെർമിറ്റ് ലഭിച്ചശേഷം ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുമ്പ് പുരയിടം വിൽക്കുന്നുവെങ്കിൽ ചട്ടം 19 പ്രകാരം പുരയിടം വാങ്ങുന്ന ആളുടെ പേരും മേൽവിലാസവും സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. പുരയിടം വാങ്ങുന്ന ആൾ പെർമിറ്റ് കൈമാറ്റം ചെയ്തു വാങ്ങേണ്ടതുമാണ്.

▸ അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട നിർമ്മാണ സ്ഥലത്തിന്റെ ഒരു ഭാഗം വിൽക്കുന്നതുമൂലം ആ നിർമ്മാണത്തിനു ലഭിച്ച അനുമതി റദ്ദാക്കുന്ന അവസ്ഥ ഉണ്ടാകുമോ?

ചട്ടം 19(5) പ്രകാരം അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട സ്ഥലത്തിന്റെ ഒരു ഭാഗം വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തതിനു ശേഷം സെക്രട്ടറിയെ അറിയിക്കാതെയിരുന്നാൽ പെർമിറ്റ് അസാധുവാകുന്നതാണ്.

▸ ഡെവലപ്മെന്റ് പെർമിറ്റും ബിൽഡിംഗ് പെർമിറ്റും തമ്മിലുള്ള വ്യത്യാസമെന്താണ്? എല്ലാ നിർമ്മാണങ്ങൾക്കും ഇവ രണ്ടും വാങ്ങേണ്ടതുണ്ടോ?

ഒരു ഭൂമി പ്ലോട്ടുകളായി തിരിക്കുന്ന (പ്ലോട്ട് സബ്ഡിവിഷൻ) വികസനത്തിനും പുനർവികസനത്തിനും നൽകുന്നതാണ് ഡെവലപ്മെന്റ് പെർമിറ്റ് ഒരു കെട്ടിടം നിർമ്മിക്കുന്നതിനോ പുനർ നിർമ്മിക്കുന്നതിനോ നൽകുന്നതാണ് ബിൽഡിംഗ് പെർമിറ്റ് എല്ലാ നിർമ്മാണത്തിനും ഇവ ഒരുമിച്ച് ആവശ്യമാകണമെന്നില്ല. പ്ലോട്ട് സബ്ഡിവിഷൻ ചെയ്തു നിർമ്മാണം നടത്തുന്ന അവസരത്തിൽ ഇവരണ്ടും ലഭ്യമാക്കേണ്ടതുണ്ട്. ഡെവലപ്മെന്റ് പെർമിറ്റ് പ്രത്യേകം ആവശ്യമില്ലാത്ത നിർമ്മാണങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുമ്പോൾ ആ നിർമ്മാണത്തിനുള്ള ഡെവലപ്മെന്റ് പെർമിറ്റും ലഭ്യമായതായി കണക്കാക്കാം.

▸ കുടിലിന്റെ നിർമ്മാണത്തിന് അനുമതി ആവശ്യമാണോ?

കെ.എം.ബി.ആർ. 2019 ചട്ടം 49 പ്രകാരം കുടിലിന്റെ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമാണ്. എന്നാൽ കെ.പി.ബി.ആർ. 2019 പ്രകാരം കുടിലിന്റെ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമില്ല. എങ്കിലും നിർമ്മാണം ചട്ടം 49.1 പാലിച്ചിരിക്കേണ്ടതാണ്.

▸ 3 സെന്റിൽ കുറവ് വിസ്തീർണമുള്ള ഒരു പ്ലോട്ടിൽ ചട്ടപ്രകാരമുള്ള ഇളവുകൾ ലഭ്യമാക്കിക്കൊണ്ട് ഒരു മൂന്നുനില കെട്ടിടം നിർമ്മിച്ചിരിക്കുന്നു. ടി കെട്ടിടത്തിനു മുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പൊതു വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും നിർമ്മാണം നടത്തുവാൻ അനുവദിക്കുമോ? (ഉദാഹരണത്തിന് പുതിയ extension ന് ചട്ടപ്രകാരം ആവശ്യമായ പാർക്കിംഗ് നൽകുന്നു).

ചട്ടം 50(3) പ്രകാരം ചെറിയ പുരയിടത്തിലെ (മൂന്ന് സെന്റിൽ താഴെ) നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടത്തിൽ ധാരാളം ഇളവുകൾ നൽകിയിരിക്കുന്നു. അങ്ങനെ ഇളവ് നേടി നിർമ്മാണം നടത്തിയ ശേഷം നടത്തുന്ന ഇതിന്റെ മുകളിലേക്കുള്ള extension ചട്ടങ്ങളെല്ലാം പാലിക്കുന്നുവെങ്കിലും അല്ലെങ്കിലും അനുവദനീയമല്ല. എന്നാൽ ചട്ടം 53 പ്രകാരം ലഭിച്ച ഇളവുകൾ ആവശ്യമില്ലാത്ത രീതിയിൽ വസ്തു വാങ്ങിച്ചേർത്ത് ആ കെട്ടിടം മൊത്തത്തിൽ എല്ലാ കെട്ടിടനിർമ്മാണ ചട്ടങ്ങളും പാലിക്കുന്നുവെങ്കിൽ extension അനുവദിക്കാവുന്നതാണ്. □

കടപ്പാട്: നഗര ഗ്രാമാസൂത്രണ വകുപ്പ്

വാർത്തകൾ വിശേഷങ്ങൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി എ. ഷാജഹാൻ ചുമതലയേറ്റു

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി എ. ഷാജഹാൻ ചുമതലയേറ്റു. 2026 മാർച്ച് 30 വരെയാണ് കാലാവധി. സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച ശേഷമാണ് എ. ഷാജഹാൻ കമ്മീഷണറായി ചുമതലയേറ്റത്. പൊതുവിദ്യാഭ്യാസം, കായിക യുവജനക്ഷേമം, ന്യൂനപക്ഷ ക്ഷേമം, സാമൂഹിക നീതി, തദ്ദേശഭരണം തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിയായും ഗ്രാമവികസന കമ്മീഷണർ പഞ്ചായത്ത്/നഗര കാര്യ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടറുമായിരുന്നു.

ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു

സർക്കാർ വകുപ്പുകളിൽ ജോലി ചെയ്തു വരുന്ന ദിവസ വേതന കരാർ ജീവനക്കാരുടെ വേതനം 01.02.2011 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവായി.

സ.ഉ.(പി.) നം. 29/2021/ധന. തീയതി. 11.02.2021

ശുചിത്വ മാലിന്യസംസ്കരണം – പൊതുജനാവബോധം – IEC ഘടകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി

ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനാവബോധം വളർത്തുന്നതിനും ശരിയായ മാലിന്യപരിപാലന രീതികളിൽ പൊതുജനാവബോധം വളർത്തുന്നതിനുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടിന പരിപാടി നടപ്പിലാക്കുന്നതിന് സ്വച്ഛ്ഭാരത് മിഷൻ (അർബൺ) പദ്ധതിയിലെ ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ (IEC) ഘടകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം.828/2021/എൽ.എസ്.ജി.ഡി. തീയതി 31.03.2021

മാലിന്യ സംസ്കരണം ചുമതലകൾ-വ്യക്തമാക്കി ഉത്തരവായി

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ചുമതലകൾ വ്യക്തമാക്കി ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം. 880/2021/എൽ. എസ്. ജി.ഡി. തീയതി. 16.04.2021

കുട്ടികളിലെ വിളർച്ചയുടെ തോത് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/അനീമിയയെക്കുറിച്ചും അതുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും കൗമാരക്കാരിൽ അവബോധം ഉണ്ടാക്കിയെടുക്കുന്നതിന്റെ ഭാഗമായി സർക്കാർ ആരോഗ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന അനീമിയ പ്രതിരോധ/ഡിറ്റക്ഷൻ/സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്ക് തുടർച്ചയായി പ്രാദേശിക സർക്കാർ തലത്തിൽ അനീമിയ പ്രതിരോധത്തിനും മറ്റും തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നമ്പർ ഡി.എ.1/39/2021-ത.സ്വ.ഭ.വ. തീയതി. 25.03.2021

ഗ്രാമസഭകൾ ചേരുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

അധികാരവികേന്ദ്രീകരണ നിയമങ്ങളുടെയും തത്വങ്ങളുടെയും അന്തസത്തക്കനുസൃതമായി ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും വേണ്ട പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നമ്പർ PAN/17316/2019-J8 (DP). തീയതി. 20.01.2020

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാം

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017 ൽ ചേർന്ന യോഗത്തിന്റെ 2.17 നമ്പർ തീരുമാനം, 15.02.2017 ലെ യോഗത്തിലെ 2.7 നമ്പർ തീരുമാനം, ഇവയുടെ അടിസ്ഥാനത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കേണ്ടതില്ലാത്തതും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ നടപ്പിലാക്കാവുന്നതുമാണ്.

സർക്കുലർ നമ്പർ ഡി.എ.1/599/2018-ത.സ്വ.ഭ.വ. തീയതി. 20.04.2021

ലൈസൻസ് - സ്ഥാപനത്തിന്റെ പേര് ഉറപ്പാക്കണം

ഗ്രാമപഞ്ചായത്തുകളിൽ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും അപേക്ഷയിൽ പേരുവിവരം പറയുന്ന സ്ഥാപനം തന്നെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തണം.

സർക്കുലർ നമ്പർ PAN/4448/2021-C4 (DP). തീയതി. 19.04.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

പ്രഹരം പ്രകാശമാകുന്നു

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മലയാളം അടിച്ചേല്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്. ഒരു സംഭവം പറയാം. ഒരിക്കൽ ജയിംസ് ഹെന്റി കസിൻസ് എന്ന ഐറിഷ്-ഇംഗ്ലീഷ് കവി മൈസൂർ സർവ്വകലാശാലയിൽ പ്രഭാഷണത്തിനു ചെന്നു. ജയിംസ് ഹെൻറി കസിൻസിനെപ്പറ്റി അല്പം പറഞ്ഞിട്ട് സംഭവം തുടരാം.

അയർലണ്ടിലെ സാഹിത്യനവോത്ഥാനത്തിൽ ഡബ്ലിയു.ബി.യേറ്റ്സിനോടൊപ്പം പ്രവർത്തിക്കുകയും ആബി തിയേറ്ററിന്റെ സ്ഥാപനത്തിൽ പങ്കുവഹിക്കുകയും ചെയ്ത ജയിംസ് ഹെൻറി കസിൻസ് ആനിബസന്റിന്റെ ക്ഷണം സ്വീകരിച്ച് ഇന്ത്യയിലെത്തി. ആന്ധ്രയിൽ അവർ സ്ഥാപിച്ച തിയോസഫിക്കൽ കോളേജിന്റെ പ്രിൻസിപ്പലായി ജയിംസ് സ്ഥാനമേറ്റു. ജയിംസിന്റെ ഭാര്യ മാർഗരറ്റ് അവിടെ ഇംഗ്ലീഷ് പ്രൊഫസറുമായി. ജയിംസിന്റെ ക്ഷണം സ്വീകരിച്ച് രവീന്ദ്രനാഥടാഗോർ കോളേജിൽ വന്നു താമസിച്ചതും “ജനഗണമന” ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയതും മാർഗരറ്റ് അതിനു സംഗീതം നൽകി കോളേജ് അങ്കണത്തിൽ വിദ്യാർത്ഥികളുടെ നിറസാന്നിദ്ധ്യത്തിൽ ആലപിച്ചതും എല്ലാം ചരിത്രം.

തിരുവിതാംകൂർ സർവ്വകലാശാല തുടങ്ങിയപ്പോൾ കലാവിഭാഗത്തിന്റെ ആദ്യത്തെ മേധാവിയായി സ്ഥാനമേറ്റത് ജയിംസ് ഹെൻറി കസിൻസാണ്. പതിനാലുവർഷം അദ്ദേഹം കലോപദേഷ്ടാവായി തിരുവിതാംകൂറിനെ സേവിക്കുകയും ചെയ്തു. ശ്രീചിത്രാലയം നിർമ്മിച്ചതും ജയിംസാണ്. അടയാർ കലാക്ഷേത്രത്തിന്റെ വൈസ് ചെയർമാനായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ഭാരതത്തിലെ സർവ്വകലാശാലകളിലൊക്കെയും പ്രഭാഷണങ്ങൾ നിർവ്വഹിച്ചു.

മൈസൂരിലെ ചിത്രാലയം സ്ഥാപിച്ചതും അദ്ദേഹമാണ്. ശുദ്ധസസ്യഭുക്കായി, ഭാരതസംസ്കാരത്തെ ആദരിച്ചും ഭാരതദേശത്തെ സ്നേഹിച്ചും ഇവിടെ കഴിച്ചുകൂട്ടി. ഇവിടെത്തന്നെ അവസാനനിദ്രയിലുമായി. ഇത്രയുമെങ്കിലും പറഞ്ഞാലേ അദ്ദേഹത്തിന്റെ ശബ്ദത്തിന്റെ ആധികാരികത മനസ്സിലാക്കാൻ കഴിയൂ. ഭാരതത്തെ എത്രമാത്രം അദ്ദേഹം ഉൾക്കൊണ്ടിരുന്നു എന്ന് ഊഹിക്കാൻ കഴിയുകയുള്ളൂ.



ടാഗോർ

ജയിംസ് ഹെൻറി

പറഞ്ഞുവന്ന സംഭവത്തിലേക്കു തിരിച്ചുവരാം. മൈസൂർ സർവ്വകലാശാലയിൽ ജയിംസിന്റെ പ്രഭാഷണം കഴിഞ്ഞു. വൈസ് ചാൻസലർ, ജയിംസ് ഹെൻറി കസിൻസിനോട് അഭ്യർത്ഥിച്ചു, തന്റെ വിദ്യാർത്ഥി അങ്ങയെ പരിചയപ്പെടുന്നതിനാഗ്രഹിക്കുന്നു എന്നും ഇംഗ്ലീഷിൽ ഒരു കവിതാസമാഹാരം - ദ ബിഗിനേഴ്സ് വ്യൂസ്- പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും നല്ല ഇംഗ്ലീഷ് പ്രഭാഷകനാണ് എന്നും. അടുത്ത ദിവസം രാവിലെ പത്തുമണിക്ക് താൻ താമസിക്കുന്ന മുറിയിൽ വന്നുകൊള്ളാൻ ജയിംസ് അനുവാദം നൽകി.

കെ.വി.പുട്ടപ്പ - അതാണ് ആ വിദ്യാർത്ഥിയുടെ പേര് - നിശ്ചിതസമയത്ത് പ്രസിദ്ധീകൃതഗ്രന്ഥവും കൈയെഴുത്തു കവിതകളുമായി ജയിംസിന്റെ മുറിയിലെത്തി. ജയിംസ് കവിതകൾ മുഴുവൻ വായിച്ചു. അടുത്തുനിൽക്കുന്ന പുട്ടപ്പയെ ജയിംസ് അടിമുടി ഒന്നു നോക്കി. ഖദർധാരിയായി ആകാംക്ഷയോടെ പുട്ടപ്പ നിൽക്കുകയാണ്.

ജയിംസ് ചോദിച്ചു: താങ്കളുടെ വേഷം എനിക്കിഷ്ടപ്പെട്ടു. കവിത വായിച്ചിട്ടു സന്തോഷം തോന്നുന്നുമില്ല.

പുട്ടപ്പയുടെ മുഖം ഇരുണ്ടു. ഇംഗ്ലീഷ് കവി എന്നു കലാലയത്തിൽ പ്രകീർത്തിതനായ പുട്ടപ്പയ്ക്കു സ്വാഭാവികമായും സങ്കടം വന്നു.

ജയിംസ് ചോദിച്ചു: "താങ്കൾ സർവോദയത്തിന്റെ വക്താവാണോ?"

പുട്ടപ്പ: "അതേ, ഞാൻ ഗാന്ധിജിയുടെ ശിഷ്യനാണ്. സർവ്വോദയപ്രസ്ഥാനത്തിന്റെ ആശയാദർശങ്ങൾ പ്രചരിപ്പിക്കുക എന്നതാണെന്റെ ലക്ഷ്യം."

ജയിംസ്: "എന്നിട്ട് അതൊന്നും ഈ കവിതയിൽ കാണുന്നില്ലല്ലോ? വേഷവും ആശയവും നന്ന്. എഴുത്തിൽ അതൊന്നും ഇല്ലതാനും. അതെന്താ? ആകട്ടെ, താങ്കൾ എന്താ ഇംഗ്ലീഷിൽ എഴുതുന്നത്?"



കുവെമ്പു

> തിരുവിതാംകൂർ സർവ്വകലാശാല തുടങ്ങിയപ്പോൾ കലാവിഭാഗത്തിന്റെ ആദ്യത്തെ മേധാവിയായി സ്ഥാനമേറ്റത് ജയിംസ് ഹെൻറി കസിൻസാണ്. പതിനാലുവർഷം അദ്ദേഹം കലോപദേഷ്ടാവായി തിരുവിതാംകൂറിനെ സേവിക്കുകയും ചെയ്തു. ശ്രീചിത്രാലയം നിർമ്മിച്ചതും ജയിംസാണ്. അടയാർ കലാക്ഷേത്രത്തിന്റെ വൈസ് ചെയർമാനായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

പുട്ടപ്പ: "എന്റെ ഭാഷ കന്നഡയാണ്. അതൊരു ചെറിയ ഭാഷയാണ്. നൂതനാശയാദർശങ്ങൾ ആവിഷ്കരിക്കാൻ എന്റെ ഭാഷയ്ക്കു കരുത്തില്ല. അതുകൊണ്ട് വലിയൊരു ഭാഷയായ ഇംഗ്ലീഷിൽ എഴുതുന്നു."

ജയിംസ്: "നിർത്തൂ. താങ്കളുടെ ഭാഷയ്ക്കു കരുത്തില്ലെന്ന് ആരു പറഞ്ഞു? എന്തു തെളിവ്?

താങ്കൾ ബംഗാളിലേക്കു നോക്കൂ. ടാഗോർ വരുന്നതുവരെ ബംഗാളിഭാഷ ചെറുതാണെന്നും കരുത്തില്ലാത്തതാണെന്നുമൊക്കെ ആളുകൾ വിചാരിച്ചു. ടാഗോർ തന്റെ ഭാഷയെ കരുത്തുള്ളതാക്കി. ഒരെഴുത്തുകാരന്റെ ദൗത്യം സ്വന്തം ഭാഷയെ കരുത്തുള്ളതാക്കുക എന്നതാണ്. മേലാൽ നിങ്ങൾ ഇംഗ്ലീഷിൽ എഴുതരുത്. ഇംഗ്ലീഷിൽ എഴുതി ഇംഗ്ലീഷുകാരനെക്കാൾ കേമനാകാൻ നിങ്ങൾക്കാവില്ല. എന്നാൽ സ്വന്തം ഭാഷയിൽ എഴുതി മറ്റുള്ളവരേക്കാൾ ഉന്നതനാകാൻ സാധിക്കും. നിങ്ങളുടെ രചനകൾ മികച്ചതെന്നു കണ്ടാൽ ആവശ്യമുള്ളവർ അവ അവരുടെ ഭാഷയിലേക്കു വിവർത്തനം ചെയ്തുകൊള്ളും. പൊക്കോളൂ."

കരഞ്ഞുകലങ്ങിയ കണ്ണുമായി, നിരാശയോടെ, കവിതകൾ നെഞ്ചോടടുക്കിപ്പിടിച്ച് പതിനേഴ വയസ്സുള്ള കെ.വി. പുട്ടപ്പ വീട്ടിലേക്കോടി. കട്ടിലിൽക്കിടന്നു കരഞ്ഞു. ഒരു രാത്രി മുഴുവൻ ഉറങ്ങാതെ കിടന്നു. അടുത്ത പ്രഭാതത്തിൽ ഒരു വെളിവു വന്ന പോലെ, താനിനി കന്നഡയിലേ എഴുതൂ എന്ന തീരുമാനത്തിലെത്തിയാണ് പുട്ടപ്പ ഉണർന്നത്. കനത്ത പ്രഹരം പോലെയായിരുന്ന ജയിംസിന്റെ വാക്കുകൾ ജീവിതത്തിൽ വഴിവിളക്കുകളായി. കെ.വി. പുട്ടപ്പ പിന്നീട് കന്നഡയിൽ മാത്രം എഴുതി. മൈസൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലറായി. മഹാസാഹിത്യകാരനായി. ജ്ഞാനപീഠ പുരസ്കാരവും പദ്മഭൂഷൺ ബഹുമതിയും നൽകി രാജ്യം ആദരിച്ചു. 'കുവെമ്പു' എന്ന തൂലികാനാമത്തിൽ പുട്ടപ്പ വിശ്വവിഖ്യാതനായി. അദ്ദേഹത്തിന്റെ കൃതികൾ വിശ്വഭാഷകളിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. മലയാളത്തിലും വന്നിട്ടുണ്ട്, 'കിന്നരിയോഗി' എന്ന പുസ്തകം. മൈസൂറിൽ ഇന്ന് കുവെമ്പു സർവ്വകലാശാല ഉണ്ട്. കന്നഡയിലെ ഇതുവരെയുണ്ടായിട്ടുള്ള കവികളിൽ ഒന്നാമൻ എം.ഗോവിന്ദപ്പൈയും രണ്ടാമൻ കുവെമ്പുവുമാണ്.

പ്രഹരം പ്രകാശമാകുന്ന കുവെമ്പുവിന്റെ ജീവിതവിജയം അനുകരണീയമാണ്. മാതൃകാപരമാണ്. ഭാഷ കൈകാര്യം ചെയ്യുന്നവർക്കാകട്ടെ ഇതൊരു മഹാപാഠവും □

വിഷു
തുല്യതയുടെ ആഘോഷം

■ ശിവപ്രസാദ് പാലോട്

വിഷു എന്ന പദത്തിന് അർത്ഥം തുല്യമായത് എന്നാണ്. രാത്രിയും പകലും തുല്യമായി വരുന്ന ദിനം, സമരാത്രദിനം എന്നും ഉത്തരായനത്തിലേക്കുള്ള സൂര്യന്റെ സംക്രമം എന്നും വിളിക്കാം. നമ്മുടെ വിഷു പഞ്ചാബിലെത്തിയാൽ വൈശാഖിയാണ്, ആസാമിൽ അത് ബിഹു, ബംഗാളിൽ നവവർഷ, കർണാടകയിൽ ബിസുവായും മാറുന്നു. ഒറീസയിൽ വിഷുവ സംക്രാന്തി, തമിഴ്നാട്ടിൽ പുത്താണ്ടു തുടങ്ങി നിരവധി പേരുകളിൽ അറിയപ്പെടുന്നുണ്ട് തുല്യതയുടെ ഈ ആഘോഷം. അടുത്ത ഒരു കൊല്ലത്തെ കുറിച്ചാണ് വിഷുവിലൂടെ ജനങ്ങൾ ചിന്തിക്കുന്നത്. വിഷുവിനു ചെയ്യുന്ന കാര്യങ്ങളുടെ ഫലങ്ങൾ അടുത്ത ഒരു കൊല്ലക്കാലം നിലനിൽക്കുന്നു എന്നാണ് വിശ്വാസം. ഈടുറ്റതും ഇഴയടുപ്പമുള്ളതുമായ ബന്ധത്തിന്റെ സാമൂഹിക വശംകൂടി വിഷു നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ എന്നാണല്ലോ.

കാർഷിക കലണ്ടർ പ്രകാരം വിഷു പുതുവർഷപ്പിറവിയായും കണക്കാക്കുന്നു. എ.ഡി. 962 - 1021 ഭാസ്കര രവിവർമ്മന്റേതായി തൃക്കൊടിത്താനത്തുള്ള ശാസനത്തിൽ ചിത്തിര വിഷു' വിനെക്കുറിച്ച് പരാമർശമുണ്ട്. ഗണിതശാസ്ത്രപരമായി വിഷു നവവർഷദിനമാണ്. അന്ന് സൂര്യൻ നേരെ കിഴക്കുദിക്കുന്ന ദിവസമാണെന്ന് വച്ചിരിക്കുന്നു എന്നാണ് വില്യം ലോഗൻ മലബാർ മാന്വലിൽ വിഷുവിനെക്കുറിച്ച്പറയുന്നത്. മേടം തുടങ്ങി രാശിചക്രം വരക്കുന്ന ജ്യോതിഷവർഷത്തിന്റെ ആരംഭവും വിഷുതന്നെ . സൂര്യനെ കേന്ദ്രീകരിച്ചാണ് വിഷു. മേടം സൂര്യന്റെ ഉച്ചരാശിയാണ്. മേടം ഒന്ന് മുതൽ പത്ത് വരെയാണ് സൂര്യന്റെ ഉച്ചാവസ്ഥ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. ഇത് പ്രകൃതിയിൽ വളരെയധികം ചലനങ്ങൾ ഉണ്ടാക്കുന്നുണ്ട്. സൂര്യനാണ് എല്ലാം നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ മേടരാശിയിലേക്കുള്ള സൂര്യന്റെ പ്രവേശനം പുതുവർഷമായി കണക്കാക്കുന്നു. എങ്കിലും പൊതുവെ അംഗീകരിക്കപ്പെടുന്ന മലയാള വർഷാരംഭം ചിങ്ങത്തിലാണ്.

വിശ്വാസങ്ങൾക്കപ്പുറം മേടം ഒന്ന് മുതൽ പത്ത് വരെ കാർഷികമായ പ്രത്യേകതയുള്ള ദിവസങ്ങളാണ്. വിഷുവിനെ വിളംബരം ചെയ്യുന്ന വിഷുപ്പക്ഷി പാടുന്നത് തന്നെ ചക്കയ്ക്കുപ്പുണ്ടോ, വിത്തുംകൈക്കോട്ടും, അച്ഛൻ കൊമ്പത്ത് അമ്മവരമ്പത്ത് എന്നാണ്. കാർഷികസമൃദ്ധിയുടെ ഒരാഘോഷമാണ് വിഷു. ആദ്യത്തെ ഞാറ്റുവേലയായ അശ്വതി തുടങ്ങുന്നത് മേടമാസത്തിലാണ്. അന്നാണ് വിഷു ആഘോഷിക്കുന്നത്. വിഷു കാർഷികാരംഭം എന്ന് പറയുന്നത് അതുകൊണ്ടാണ്. ആരും പട്ടിണികിടക്കാത്ത കാലം. മനുഷ്യന്റെ സാമൂഹികമായ കൂട്ടായ്മയുടെ ഉൽപാദനപ്രക്രിയയായ കൃഷിയിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിൽ ബന്ധിപ്പിക്കപ്പെടുന്നു. വിഷുവിന് മുന്നോടിയായെത്തുന്ന മഴ കഴിഞ്ഞ് കൃഷിക്കാർ നിലം ഉഴുന്നത് പതിവാണ്. വിഷുവെട്ടുക്കൽ എന്ന പുരാതനമായ ആചാരത്തിന്

ജന്മിത്ത കാലത്തോളം പഴക്കമുണ്ട്. വിഷുദിവസം ജന്മി തന്റെ കൃഷിയിടത്തിലെ പണിക്കാർക്ക് നെല്ല്, അരി, തേങ്ങ, എണ്ണ മുതലായവ സമ്മാനിക്കുന്നു. അവ വാങ്ങിയാൽ ജന്മിയുടെ കീഴിൽ ആ കാർഷികവർഷം മുഴുവൻ പണിചെയ്യാൻ കുടിയാന്മാർ ബാധ്യസ്ഥരാണ്. ജന്മിയെയും കുടിയാനെയും ഒന്നാക്കിത്തീർക്കുന്ന ഈ അവകാശം വാങ്ങുന്നതിനെ വിഷുവെട്ടുക്കുക എന്നാണ് പറഞ്ഞിരുന്നത്. വിഷുവിനോടനുബന്ധിച്ച് ചാലിടീൽ കർമ്മം, കൈക്കോട്ടുചാൽ, വിഷുക്കരിക്കൽ, വിഷുവേല, വിഷുവെട്ടുക്കൽ എന്നിങ്ങനെ അനവധി കാർഷിക ആചാരങ്ങൾ നിലനിൽക്കുന്നു. . വിഷുദിവസം ആദ്യമായി നിലം ഉഴുതുമറിച്ച് വിത്തിടുന്നതാണ് ചാലിടീൽ കന്നുകാലികളെ കുളിപ്പിച്ച് കുറി തൊട്ട് കൊന്നപ്പൂങ്കുലകൾ കൊണ്ട് അലങ്കരിച്ച് കൃഷി സ്ഥലത്ത് എത്തിച്ച് നിലം ഉഴുതുമറിക്കുന്നു. കാർഷികോപകരണങ്ങളെല്ലാം പുതിയതായിരിക്കും. ചാലുകളിൽ അവിൽ, മലർ, ഓട്ടട എന്നിവ നേദിക്കുന്ന ചടങ്ങാണിത്. പുതിയകൈക്കോട്ടിനെ കഴുകി; കുറി തൊട്ടുവിച്ച് കൊന്നപ്പൂക്കൾ കൊണ്ട് അലങ്കരിക്കുന്നു. അങ്ങനെ അണിയിച്ചൊരുക്കിയ കൈക്കോട്ട് വീടിന്റെ കിഴക്ക് പടിഞ്ഞാറു ഭാഗത്തു വെച്ച് പൂജിക്കുകയും അതിനുശേഷം കുറച്ചു സ്ഥലത്ത് കൊത്തികിളയ്ക്കുന്നു. അങ്ങനെ കൊത്തിക്കിളച്ചതിൽ കുഴിയെടുത്ത് അതിൽ നവധാന്യങ്ങൾ, പച്ചക്കറിവിത്തുകൾ എന്നിവ നടുന്നു. പറമ്പു കൃഷിയിലും തുടക്കമിടുന്നു എന്നയർത്ഥത്തിലാണ് ഈ ആചാരം നടത്തുന്നത്. വിഷുക്കാലത്ത് പാടങ്ങളിൽ കൊയ്ത്ത് കഴിഞ്ഞ് ഇടവിളയായി ഉണ്ടാകുന്ന പച്ചക്കറികൾ വീടിന്റെ ഉത്തരത്തിനുമുകളിൽ ഓലകൊണ്ടോ, വാഴനാരുകൊണ്ടോ കെട്ടിത്തൂക്കി സൂക്ഷിക്കുന്നു. വിഷു കണ്ട രാവിലെ വിത്തിറക്കണം, തുമ്പ പൂത്താൽ ഓണം കൊന്ന പൂത്താൽ കണി, വിഷുവിൽ പിന്നെ വേനലില്ല, മേടം വന്നാൽ വിഷും വരും, കാണാത്ത വിഷുക്കിളിക്ക് കൺനിറയെ പൂവ്, വിഷുക്കൈനീട്ടം വിഷുക്കൈനേട്ടം, വിശപ്പിനല്ല വിഷുക്കഞ്ഞി, മണ്ണില്ലാത്തവർക്ക് എന്ത് വിഷു, കണ്ണില്ലാത്തവർക്ക് എന്തു കണി, കണി കണ്ടിട്ട് ചക്കവെട്ടുക, വിഷു വന്നോ വർഷവും വരും, വിഷുവെള്ളരി വടക്കോട്ട്, വിഷുത്തിരി പടിഞ്ഞാട്ട് വിഷുപ്പുടവ കിഴക്കോട്ട്, വിഷമങ്ങൾ തെക്കോട്ട്, കൊന്നപൂക്കുമ്പോൾ ഉറങ്ങിയാൽ മരുതുപൂക്കുമ്പോൾ പട്ടിണി എന്നിങ്ങനെ വിഷു ചാലിച്ചെടുത്ത പഴഞ്ചൊല്ലുകൾ അനേകം.

വിഷുവെന്നാൽ കണി തന്നെയാണ്. വിഷുക്കണിയെന്നാലോ വിഷുദിനത്തിലെ ആദ്യകാഴ്ച എന്നർത്ഥം. ഉണക്കലരി, അഷ്ടമംഗല്യം, ഗ്രന്ഥം, വാൽക്കണ്ണാടി, പുതിയ കസവുമുണ്ട്, വെറ്റില, പഴുക്കടയ്ക്ക, കണിവെള്ളരി, ചക്ക, മാമ്പഴം, നാണയങ്ങൾ, സ്വർണ്ണം എന്നിവ ഐശ്വര്യത്തിന്റെ പ്രതീകങ്ങളായി ഓട്ടുരുളിയിൽ തലേദിവസം രാത്രി തന്നെ മുതിർന്നവർ ഒരുക്കിവെക്കും. കൊന്നപ്പൂക്കൾ കൊണ്ട് അലങ്കരിക്കും. കൃഷ്ണവിഗ്രഹമോ കണ്ണാടിയോ കണിക്കായി സ്ഥാപിക്കും. വിഷു ദിനത്തിൽ ബ്രാഹ്മമുഹൂർത്തത്തിൽ നിലവിളക്കിന്റെ വെളിച്ചത്തിൽ ആദ്യം കാണുന്നത് സമൃദ്ധിയുടെ ഈ നിറവായിരിക്കണം. വരുന്ന ഒരാണ്ട് മുഴുവൻ ജീവിതത്തിലേക്കും സംക്രമിക്കാൻ എന്നാണ് സങ്കൽപം. വിഷുദിനത്തിന്റെ മറ്റൊരു പ്രത്യേകതയാണ് വിഷുക്കൈനീട്ടം. വീട്ടിലെ മുതിർന്ന അംഗങ്ങൾ താഴെയുള്ളവർക്ക് കൈനീട്ടം കൊടുക്കുന്നു. കുടുംബബന്ധത്തിന്റെ കീഴ്‌വഴക്കത്തെയാണ് കൈനീട്ടം കാണിക്കുന്നത്. അടയ്ക്ക, വെറ്റില, കൊന്നപ്പൂ, നാണയം എന്നിവ ഉൾപ്പെടുന്നതാണ് വിഷുക്കൈനീട്ടം.

കണിക്കൊന്നയെക്കുറിച്ചും ഒരു ഐതിഹ്യകഥയുണ്ട്. ഒരിക്കൽ യശോദ ഉണ്ണിക്കണ്ണനെ എണ്ണതേപ്പിച്ച് കുളിപ്പിക്കുമ്പോൾ കണ്ണന്റെ അരയിലെ കിങ്ങിണി കാണാനില്ല. ചോദിച്ചപ്പോൾ കണ്ണൻ പറഞ്ഞു, അമ്മേ ഒരില്ലത്തെ ഒരുണ്ണി അതേ പ്രായത്തിൽ അതേ ഇല്ലത്തുതന്നെയുള്ള മറ്റൊരുണ്ണിയുടെ കിങ്ങിണി കണ്ടു മോഹിച്ച് കിട്ടാൻ വഴിയില്ലാതെ കരഞ്ഞുകൊണ്ട് എന്നോടുവന്നു പറഞ്ഞപ്പോൾ പാവംതോന്നി, ഞാൻ എന്റെ കിങ്ങിണി കൊടുത്തതാണ്. ഉള്ളവർ വേണം ഇല്ലാത്തവർക്കു കൊടുക്കാൻ എന്ന് അമ്മതന്നെ പറഞ്ഞിട്ടുണ്ടല്ലോ, ഞാൻ അതേ ചെയ്തുള്ളൂ.' കണ്ണന്റെ ഈ മറുപടി അമ്മയുടെ ഉത്തരം മുട്ടിച്ചു. പക്ഷെ, വിലപിടിച്ച കിങ്ങിണി പോയതിൽ അമ്മയുടെ വിഷമം മനസ്സിലാക്കിയ കണ്ണൻ പറഞ്ഞു, 'അമ്മേ മുറ്റത്ത് ഒരു കൊന്നമരം നിറയെ പൂത്തുനിൽക്കുന്നുണ്ടല്ലോ അതിൽനിന്ന് ഒരു പൂങ്കുല അറുത്ത് മാലയുണ്ടാക്കി എന്റെ അരയിൽ കെട്ടിത്തരൂ.' കണ്ണന്റെ നിർബന്ധം കൂടിയപ്പോൾ അമ്മ അതനുസരിച്ചു. കൊന്നപ്പൂ കിങ്ങിണി കണ്ണന്റെ അരയിൽ കെട്ടിയപ്പോൾ അത് കനകക്കിങ്ങിണി ആയെന്നാണ് കഥ.

വിഷുവിനെക്കുറിച്ച് എഴുതാത്ത കവികളോ സാഹിത്യകാരന്മാരോ ഇല്ല. ചിന്നമാം വിഷുവശ്രീയുടെ താലിപോലെ കൊന്നയുടെ ഒറ്റപ്പൊന്നലരിനെ വിഷ്ണുനാരായണൻ നമ്പൂതിരി ഉപമിച്ചിരിക്കുന്നത് എത്ര മനോഹരമാണ്. എനിക്കാവതില്ലേ പൂക്കാതിരിക്കാൻ, കണികാണുവാൻ ഭാവി ഗുണമേകുവാൻ മഞ്ഞയണിയുന്ന കണിക്കൊന്നയെക്കുറിച്ച് എന്ന് അയ്യപ്പപണിക്കർ പാടിയിട്ടുണ്ട്. ഏതു ധൂസര സങ്കല്പത്തിൽ വളർന്നാലും ഏതു യന്ത്രവല്കൃത ലോകത്തിൽ പുലർന്നാലും മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വിശുദ്ധിയും മണവും മമതയും ഒരിത്തിരി കൊന്നപ്പൂവും എന്ന് വൈലോപ്പിള്ളി ഓർമ്മപ്പെടുത്തുന്ന മേടത്തിന്റെ സൂര്യസംക്രമത്തേരിൽ പൊന്നണിഞ്ഞെത്തുന്ന മണ്ണിന്റെ വിഷുക്കതിരിനെ ആലങ്കോട് ലീലാകൃഷ്ണൻ പ്രതീക്ഷയോടെ കാണുന്നു. കാണുകീക്കണ്ണിൽ കൊന്നപ്പൂക്കളും പൊന്നും കണി ഞാനല്ലോ നിനക്ക് ,നീ- എനിക്കും ,നിന്നിൽ തിരിനാളവും കണ്ണാടിയും എന്ന് സച്ചിദാനന്ദൻ എഴുതുന്നു. കാലമിനിയുമുരുളും വിഷു വരും വർഷം വരുമെന്നൊക്കെയുള്ള വരികളിൽ പ്രതീക്ഷയുടെ തിരിവെട്ടം മാത്രമല്ല, അപ്പൊഴാരെന്നുമെന്തെന്നും ആർക്കറിയാം എന്ന അനിശ്ചിതത്വവും എൻ എൻ കക്കാട് വരച്ചു കാട്ടുന്നു.

എല്ലാ ആഘോഷങ്ങളും കൂട്ടായ്മയുടെതാണ്. പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന കുടുംബത്തെ, സമൂഹത്തെ ഒന്നിപ്പിക്കുന്ന വേദികളാണവ. വിഷുവിന്റെ വർണ്ണം പൊന്നിന്റെ നിറമാണ്. കണിക്കൊന്ന, വിഷുപ്പക്ഷി, കണിവെള്ളരി, മാമ്പഴവുമൊക്കെ ചേർന്ന് പ്രകൃതിയെ സ്വർണ്ണവർണ്ണമാക്കുന്നു. കാർഷിക സംസ്കാരത്തിൽ നിന്നും പ്രകൃതിയിൽ നിന്നും അകന്നു പോയ ഇന്നത്തെ സമൂഹത്തിന് വിഷുവെന്നാൽ ഒരാഘോഷം മാത്രമായി മാറുന്നു. എന്നാൽ പഴമയിൽ വിഷു ജീവിതത്തിന്റെ ഭാഗം തന്നെയായിരുന്നു. കാർഷിക സ്വയംപര്യാപ്തതയുടെ, സമത്വത്തിന്റെ, സാഹോദര്യത്തിന്റെ പ്രതീകമായിരുന്നു. ആഗോളതാപനവും മനുഷ്യന്റെ പ്രകൃതിക്കുമേലുള്ള ഇടപെടലുകളും കാലാവസ്ഥയുടെ കണക്കുകൾ തെറ്റിച്ചിരിക്കുന്നു. കാലം തെറ്റിപ്പൂക്കുന്ന കൊന്നകൾ ഇന്നിന്റെ കാഴ്ചയാണ്. അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോഴാണ് കൊന്നകൾ പൂക്കുന്നത്. പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് മാറ്റം വരുന്നതിന്റെ പ്രകടമായ ലക്ഷണമാണിത്. എങ്കിലും ഇന്നിന്റെ എല്ലാ യാതനകളെയും വരാൻ പോകുന്ന നല്ല കാലത്തിന്റെ പ്രതീക്ഷയിൽ മറികടന്ന് മലയാളി വിഷു ആഘോഷിക്കും. □

മലപ്പുറം

■ ഡോ. വിളക്കുടി രാജേന്ദ്രൻ

മലപ്പുറം ആസ്ഥാനമായ മുനിസിപ്പൽ നഗരം. 1969 ജൂൺ 16 ന് ജില്ല നിലവിൽവന്നു. ബ്രിട്ടീഷ് ഭരണ കാലത്ത് മദിരാശി സംസ്ഥാനത്തിലെ ജില്ലയായിരുന്നു. വള്ളുവനാടിന്റെയും വെട്ടത്തുനാടിന്റെയും പെരുമ്പടപ്പ് സ്വരൂപത്തിന്റെയും നിയന്ത്രണത്തിലിരുന്ന സ്ഥലം. ഇവരെയെല്ലാം പരാജയപ്പെടുത്തി കോഴിക്കോട് സാമൂതിരി ഈ പ്രദേശങ്ങൾ തന്റെ അധികാരസീമയിലാക്കി. കുറച്ചുകാലം ടിപ്പുവിന്റെ നിയന്ത്രണത്തിലായിരുന്നു. ടിപ്പുവിന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്.

ചരിത്ര-സാംസ്കാരിക പഴമയുള്ള അനേകം സ്ഥലങ്ങൾ ജില്ലയിലുണ്ട്. ബ്രിട്ടീഷ് സൈന്യത്തിന്റെ ആസ്ഥാനമായിരുന്ന മലപ്പുറം. 1921 ൽ നടന്ന മലബാർ കലാപത്തെ തുടർന്ന് മലബാർ സ്പെഷ്യൽ പോലീസിന്റെ കേന്ദ്രമായി. ധാരാളം മുസ്ലിം-ഹിന്ദു ദേവാലയങ്ങളുണ്ട്. ജുമാ മസ്ജിദിലെ മലപ്പുറം നേർച്ച (ഏപ്രിൽ) പ്രസിദ്ധം. കടലുണ്ടിപ്പുഴയുടെ സാമീപ്യം നഗരത്തിന്റെ വളർച്ചയ്ക്ക് കാരണമായി. അപ്ഹില്ലും (കുന്നുമ്മൽ) ഡൗൺഹില്ലുമാണ് (കോട്ടപ്പടി) നഗരത്തിന്റെ മുഖ്യ ഭാഗങ്ങൾ.

മലകളുടെ നാടായ മലപ്പുറത്തിന് ഈ പേര് വന്നത് ഭൂമിയുടെ സവിശേഷതകൾ കൊണ്ടാണ്. മലയുടെ മേൽഭാഗം 'മലപ്പുറം' ആയത് സ്വാഭാവികമായാണ്. ബ്രിട്ടീഷുകാരുടെ സൈനിക കേന്ദ്രമായിരുന്നിട്ടും നാട്ടുപേരിന് മാറ്റമുണ്ടായില്ല എന്നത് അപൂർവതയാണ്.

പടിപ്പുരകൾ തിരിച്ചുവരുന്നു

■ മുരളീധരൻ തഴക്കര

'പുരയേക്കാൾ വലിയ പടിപ്പുര'

'ഇരിപ്പിടം കെട്ടിയേ പടിപ്പുര കെട്ടാവൂ'

'പടിപ്പുര വിറ്റാൽ പഞ്ഞംതീരുമോ?'

'പാഴൂർ പടിപ്പുര വരെ പോകേണ്ട കാര്യമുണ്ടോ?'

എന്നിങ്ങനെ പടിപ്പുരയുമായി ബന്ധപ്പെട്ട ചൊല്ലുകൾ മലയാളിക്ക് ചിരപരിചിതമാണ്. നമ്മുടെ വാസ്തുശില്പ മാതൃകയിൽ തനിമയാർന്ന അപൂർവതയാണ് പടിപ്പുരകൾ. പഴയ തറവാടുകളുടെപടിപ്പുര രാത്രിയിൽ അടച്ച് തഴുതിടുന്നതിന് മുമ്പായി തറവാട്ടു കാരണവർ പടിപ്പുരയ്ക്ക് പുറത്തേക്ക് വന്ന് ഉച്ചത്തിൽ വിളിച്ചു ചോദിക്കും 'അത്താഴ പഷ്ണിക്കാരുണ്ടോ'എന്ന്. പോയ കാലത്തിന്റെ വലിയ നന്മയായിരുന്നു അത്. പ്രവേശനകവാടം എന്നാണ് 'പടിപ്പുര'യുടെ സാമാന്യമായ അർത്ഥം. കുടുംബ മഹിമയുടെയും സമ്പത്തിന്റെയും അടിസ്ഥാനത്തിൽ പടിപ്പുരയുടെ ആകൃതിയിലും നിർമ്മിതിയിലും വ്യത്യാസങ്ങളുണ്ടാകും. പടിക്കലുള്ള പുര, ദ്വാരപാലകനുള്ള പുര എന്നിങ്ങനെയും പടിപ്പുരയ്ക്ക് അർത്ഥമുണ്ട്.

ഇന്ദുലേഖയിലും ശാരദയിലും സി.വി.കൃതികളിലുമെല്ലാം പടിപ്പുരയും പടിപ്പുര മാളികയും കഥയുടെ ഒപ്പം വന്നു പോകുന്നത് കാണാം. പഴയ ഫ്യൂഡൽ പാരമ്പര്യം പരാമർശിക്കുന്ന എല്ലാ കൃതികളിലും പടിപ്പുര കടന്നുവരിക സ്വാഭാവികം. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കഥകളിലും പടിപ്പുര പലപ്പോഴും പരാമർശിക്കപ്പെടുന്നത് നമുക്ക് കാണാം. സാമ്പത്തികശേഷി താരതമ്യേന കുറഞ്ഞവരും തങ്ങളാലാവും വിധം പടിപ്പുരകൾ ഉണ്ടാക്കിയിരുന്നു. മൺമതിലുകൾ അഥവാ കല്ലുകയ്യാലകൾ കെട്ടിഒരാൾ പൊക്കത്തിൽ കെട്ടിയടച്ച് ചെലവുകുറഞ്ഞ പടിപ്പുരകളാണ് നിർമ്മിച്ചിരുന്നത്.

സമ്പന്ന തറവാടുകളിലെ പടിപ്പുര ഒരു പ്രവേശനകവാടം മാത്രമല്ല മറിച്ച് പടിപ്പുര മാളികയാണ്. മുറികളും മച്ചും അറകളും മറ്റും ചേർന്നുള്ള വിശാലമായ സംവിധാനം. ആനയ്ക്കും ആടുമാടുകൾക്കും തലച്ചുമടുമായി എത്തുന്നവർക്കും കടന്നുവരാൻ കഴിയുംവിധം പടിപ്പുരയോട് ചേർന്ന് തെല്ല് വിസ്തൃതമായ വാതിലും ഉണ്ടാകുമായിരുന്നു. വീടിനകത്തേക്ക് ആനയിക്കേണ്ടവരും അല്ലാത്തവരുമായ അതിഥികളെ കൃത്യമായി വേർതിരിക്കുന്ന ഇടം കൂടിയായിരുന്നു പടിപ്പുര. അത്യാവശ്യം കാര്യങ്ങളെന്തെങ്കിലും അന്വേഷിച്ച് എത്തുന്നവർക്ക് പടിപ്പുര വരെയേ പ്രവേശനമുള്ളൂ.പ്രാധാന്യമുള്ള അതിഥികൾക്ക് പടിപ്പുര മാളികയിൽ ആതിഥ്യമരുളും. കുടുംബത്തിലെ സ്ത്രീകൾക്ക് തനിച്ച് പുറത്തിറങ്ങാവുന്നിടം പടിപ്പുര വരെയായിരുന്നു. 'ഇട്ടിയമ്മ തുള്ളിയാലും കൊട്ടിയമ്പലം വരെ' എന്ന

...എന്ന് വായനക്കാർ

ശക്തമായ പ്രാദേശിക ഭരണ സംവിധാനം

കഴിഞ്ഞ സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി വിവിധ വിഭാഗങ്ങളിൽ നിന്നും 27413 കോടി രൂപ സർക്കാർ നീക്കിവെച്ചിരിക്കുന്നു. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്താൻ സർക്കാർ നടത്തുന്ന ഇടപെടൽ വ്യക്തമാക്കുന്നതാണ് ഈ തുകകളുടെ വകയിരുത്തൽ. പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ നവീനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാകണം. വികസന കാഴ്ചപ്പാടുകളിൽ മാറ്റമുണ്ടാകേണ്ടതുണ്ട്. സാധാരണക്കാർക്ക് തൊഴിൽ ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ശ്രദ്ധിക്കണം. ആറാം ധനകാര്യ കമ്മീഷനും പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കാനുതകുന്ന തരത്തിലുള്ള ശിപാർശകൾ നൽകിയിട്ടുണ്ട്. ഇതിൽ പല ശിപാർശകളും സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. സംസ്ഥാന പദ്ധതി വിഹിതം 25 %-ൽ നിന്നും 26 % -മായി ഉയർത്തിയിരിക്കുന്നു. 30% എത്തുന്നത് വരെ ഓരോ വർഷവും അര ശതമാനം വീതം വർദ്ധിപ്പിക്കുവാനും നിർദ്ദേശം ഉള്ളതായി മനസിലാക്കുന്നു. നമ്മുടെ തദ്ദേശഭരണ സംവിധാനത്തിന് കൂടുതൽ കരുത്ത് നൽകുന്നതാണ് ഈ തീരുമാനങ്ങളെല്ലാം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന കൊവിഡ് പ്രതിരോധപ്രവർത്തനങ്ങളും മാതൃകാപരം തന്നെ. പുതുതായി അധികാരത്തിൽ വരുന്ന ഗവൺമെന്റ് പ്രാദേശിക സർക്കാരുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമെന്ന് തന്നെ ഈ തിരഞ്ഞെടുപ്പ് വേളയിൽ പ്രത്യാശിക്കാം.

ഉണ്ണികൃഷ്ണൻ, തൃശ്ശൂർ.

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ചൊല്ലിന്റെ പൊരുളും ഇതുതന്നെയാണ്. ഇതാ ഒരാൾ വന്നിരിക്കുന്നു എന്ന് വിളിച്ചറിയിക്കുന്ന, അതായത് കൊട്ടിയറിയിക്കുന്ന സ്ഥലം എന്നതുകൊണ്ട് 'കൊട്ടിയമ്പലം' എന്നും പടിപ്പുരയ്ക്കു വിശേഷണമുണ്ട്.

തടികൊണ്ട് നിർമ്മിച്ച് ഓലമേഞ്ഞതായിരുന്നു ആദ്യകാല പടിപ്പുര. ക്രമേണ കാലാനുസാരിയായ പരിഷ്കാരങ്ങൾ ഉണ്ടായി. ഓലയ്ക്ക് പകരം ഓടുമേഞ്ഞു കമ്മായം പൂശി. കാലംകടന്നു പോയപ്പോൾ പടിപ്പുരകൾ ഏറെയും അപ്രത്യക്ഷമായി. കാലപ്പഴക്കത്താൽ പലതും ജീർണ്ണാവസ്ഥയിലായി. പക്ഷേ നാം വഴിയിൽ ഉപേക്ഷിച്ച കളഞ്ഞ പോയകാല നന്മകളിൽ പലതുംതിരിച്ച വരുന്ന കാലമാണിത്. അടുക്കള ഉപകരണങ്ങളാകട്ടെ വസ്ത്രങ്ങളാകട്ടെഭക്ഷണകാര്യത്തിലാകട്ടെ എല്ലാ മേഖലയിലും ഈ പഴമയിലേക്കുള്ള മടങ്ങിപ്പോക്ക് അനുഭവവേദ്യമാണ്. ഗൃഹനിർമ്മാണത്തിലും ഇത് പ്രകടമാണ്. നാലുകെട്ടും നടുമുറ്റവും അറമുറിയും നിലവറയുമെല്ലാമുള്ള പഴയ 'തറവാട്' വീടുകൾ പുതുമയുടെ ചാരുതയോടെ തിരിച്ചുവരുന്നുണ്ട്. ഇതിനൊരു അനുബന്ധമായി പടിപ്പുരയും പടിപ്പുര വാതിലും കോളിംഗ്ബെല്ലിനു പകരം പിത്തളകൊണ്ടുള്ള മണിയുമെല്ലാം പലയിടങ്ങളിലും ഉണ്ടായി കാണുന്നുണ്ട്.

ജീവിത വീക്ഷണത്തിലും ഉടുപ്പിലും നടപ്പിലും മലയാളി മറ്റേതോ ലോകത്തെ തേടുകയും ചിലതൊക്കെ നേടുകയും ചെയ്യുമ്പോൾ വീട് പണിയിലെ ഈ ഗൃഹാതുര പ്രവണതകളും അതിനോട് ചേർത്ത് കാണേണ്ട ഒരു നന്മ തന്നെയാണ്.സിമന്റും കമ്പിയും മെറ്റലും ചേരുംപടി ചേരുന്ന കോൺക്രീറ്റ് കൊണ്ടാണെങ്കിലും പുരാതന കേരളീയ ഭവന മാതൃകകളെ പുനഃസൃഷ്ടിക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായി ഇവിടെ വീണ്ടും പഴയ പടിപ്പുരകൾ പുതിയ ഭാവത്തിൽ പുനർജനിക്കുന്നുണ്ട്. മാത്രമല്ല തിളങ്ങുന്ന സുവർണ്ണാക്ഷരങ്ങളിൽ സ്വന്തം പേരും തറവാട്ട് പേരും എഴുതി വയ്ക്കുന്നതിൽ ചിലരെങ്കിലും അഭിമാനം കാണുന്നു. നമ്മുടെ പൂർവികർ അത്യന്താപേക്ഷിതം എന്ന് കരുതിയിരുന്ന പലതും ഈ ഭൂമുഖത്തുനിന്നു തന്നെ അന്യമാകുമ്പോൾ അവയിൽ പലതിന്റെയും നിഴൽ മാതൃകകളെങ്കിലും തിരിച്ച വരുന്നുണ്ടല്ലോ എന്ന് സമാധാനിക്കാം. □

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) February 2021
Annual Subscription ₹120, Published on 20 April 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS